VOL NO: 03 | ISSUE 40

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 OCTOBER 05 | ₹12

## മതത്തെ പരിഹസിച്ച് സ്വയം പരിഹാസ്യരാകുന്നവർ

അല്ലാഹുവിന്റെ ഗ്രന്ഥത്തെയും റസൂലിന്റെ ചര്യയെയും പരിഹസിക്കലും കോട്ടിമാട്ടലും ദുർവ്യാഖ്യാനിക്കലുമൊന്നും പുതിയ പ്രവണതയല്ല. ഇസ്‌ലാമിന്റെ വളർച്ചയിൽ അസൂയപൂണ്ടവരും ഇസ്‌ലാമിന്റെ ആദർശങ്ങളോട് വിയോജിപ്പും എതിർപ്പും ഉള്ളവരുമൊക്കെ കാലാകാലങ്ങളിൽ അതിന് ഒരുമ്പെട്ടിട്ടുണ്ട്. പക്ഷെ, പ്രമാണബദ്ധമായ മറുപടി വരുന്നതോടെ വാലും ചുരട്ടി ഓടാൻ മാത്രമെ അവർക്ക് സാധിച്ചിട്ടുള്ളൂ എന്നതിന് ഇതഃപര്യന്തമുള്ള അതിന്റെ ചരിത്രം സാക്ഷിയാണ്.



## സാമൂഹ്യ മാധ്യമങ്ങൾ തീർക്കുന്ന കുരുക്കുകൾ

വെള്ളവും വായുവും പോലെ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളുടെ പട്ടികയിലേക്ക് ചേക്കേറിയിരിക്കുകയാണ് സാമൂഹ്യമാധ്യമങ്ങളിലെ സാന്നിധ്യം. സമൂഹത്തിൽ തന്റേതായ ഭാഗധേയം നിർവഹിക്കാൻ സൗകര്യമൊരുക്കുന്നു എന്നതിനോടൊപ്പം തന്നെ ചുറ്റുപാടുകളിലെ ഭൗതിക സാന്നിധ്യം നിഷേധിക്കുക കൂടി ചെയ്യുന്നു, സോഷ്യൽ മീഡിയ. എന്നാൽ സാമൂഹ്യമാധ്യമങ്ങളുടെ അമിതോപയോഗം ഇതിനേക്കാളേറെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

|| ജ്ഞാനമാർഗം ശാസ്ത്രം മാത്രമോ?
|| പ്രളയം ഒരു ഓർമപ്പെടുത്തൽ
|| വിസ്ഡം ഡയലോഗ്: കാലം കാത്തിരുന്ന നിയോഗം

Let's scaffold to survive Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.


May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION
C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437




**നേർപഥം**

വാരിക

0142 / 2019 ഒക്ടോബർ 05 / 1441 സഫർ 06

പുസ്തകം 3 / ലക്കം 40


# സാമൂഹ്യമാധ്യമങ്ങൾ തീർക്കുന്ന കുരുക്കുകൾ


**നബീൽ പയ്യോളി / 10**

**മുഖമൊഴി**

സ്വയം പരിഹാസ്യരാകുന്നവർ / 05
എഡിറ്റർ

**ലേഖനം**

ഉഹ്ദ് രണാങ്കണത്തിൽ നേർക്കുനേർ / 07
ഫദ്‌ലുൽ ഹഖ് ഉമരി

ജ്ഞാനമാർഗം ശാസ്ത്രം മാത്രമോ? / 18
അബ്ദുല്ല ബാസിൽ സി.പി

വിസ്ഡം ഡയലോഗ് / 34
മുഹമ്മദ് അബ്ദുൽ ഖാദിർ. എം

**വിമർശനം**

ഖുതുബിയ്യത്തും റാതീബും / 15
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**

ക്വുൽ ഊഹിയ ഇലയ്യ, ഭാഗം: 2 / 22
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

പ്രളയം ഒരു ഓർമപ്പെടുത്തൽ / 26
സലാം സുറുമ എടത്തനാട്ടുകര

**പുനർവായന**

ജാമിഅ നദ്‌വിയ്യ പിറക്കുന്നു / 29
പി.വി ഉമർകുട്ടി ഹാജി (റഹി)

**കൂട്ടായ്മ**

നന്ദിയുള്ളവരാവുക / 28
ടി.കെ അശ്റഫ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# മുഹമ്മദ് നബി; കുടുംബം, ധാർമികത: വിസ്ഡം ഡയലോഗ് സമ്മേളനത്തിന് ഉജ്ജ്വല സമാപനം

തിരൂർ: മത ദർശനങ്ങളിലൂടെയും മഹത്തുക്കളുടെ സദുപദേശങ്ങളിലൂടെയും പരമ്പരാഗതമായി സമൂഹത്തിൽ നിലനിൽക്കുന്ന ധാർമിക മൂല്യങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങളെ കേരളീയ സമൂഹം തിരിച്ചറിയണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി തിരൂരിൽ സംഘടിപ്പിച്ച ഡയലോഗ് സമ്മേളനം ആഹ്വാനം ചെയ്തു. ധാർമിക സദാചാര മൂല്യങ്ങളെ വെല്ലുവിളിച്ച് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കാനുള്ള ഏതുതരം നീക്കങ്ങളെയും തടയേണ്ടതുണ്ട്. ലോകത്തിന് മാതൃകയായി കുടുംബ, സാമൂഹിക ജീവിതം നയിച്ച മുഹമ്മദ് നബിﷺയെയും ജീവിത ചര്യയെയും പൊതുസമൂഹത്തിന് കൂടുതൽ പരിചയപ്പെടുത്തുന്നതിനും വിമർശനങ്ങൾക്ക് വസ്തുനിഷ്ഠമായും മറുപടി നൽകുന്നതിനുമായാണ് സമ്മേളനം സംഘടിപ്പിച്ചത്.

'മുഹമ്മദ് നബി: കുടുംബം, ധാർമികത' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ് അധ്യക്ഷത വഹിച്ചു.

സി.മമ്മുട്ടി എം.എൽ.എ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജന.സെക്ര. ടി.കെ അശ്‌റഫ്, സംസ്ഥാന വൈസ് പ്രസി. ഹാരിസ് ബിൻ സലീം, വിസ്ഡം യൂത്ത് സംസ്ഥാന സെക്ര. യു. മുഹമ്മമദ് മദനി, ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, അബ്ദുൽ മാലിക് സലഫി, സ്വാദിഖ് മദീനി, താജുദ്ദീൻ സ്വലാഹി, സി.പി അബ്ദുല്ല ബാസിൽ, സി.പി.സലീം, ഡോ.സി മുഹമ്മദ് റാഫി, അബ്ദുല്ല ഫാസിൽ കണ്ണൂർ, മുനവ്വർ സ്വലാഹി എന്നിവർ പ്രഭാഷണം നടത്തി.

## വിവാഹ രംഗത്തെ ആർഭാടം കർശന നിയന്ത്രണം കൊണ്ടുവരണം: മുജാഹിദ് പ്രതിനിധി സംഗമം

കോഴിക്കോട്: സംസ്ഥാനത്ത് വിവാഹരംഗത്തും അനുബന്ധ ചടങ്ങുകളിലും ധൂർത്തും അനാചാരങ്ങളും വർധിച്ചുവരുന്നത് ആശങ്കാജനകമാണെന്ന് 'ഉദാത്ത ആദർശം, ഉത്തമ സമൂഹം' എന്ന പ്രമേയത്തി ൽ കോഴിക്കോട് നടന്ന മുജാഹിദ് സംസ്ഥാന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അശ്‌റഫ് സംഗമം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസി. അബൂബക്കർ സലഫി അധ്യക്ഷത വഹിച്ചു. ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, ഹുസൈൻ ടി. കാവനൂർ, കെ.സി അയ്യൂബ്, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി കെ.സജ്ജാദ്, വിസ്ഡം സ്റ്റുഡൻറ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസി. എ.പി. മുനവ്വർ സ്വലാഹി, ജന. സെക്രട്ടറി ലുബൈബ് എന്നിവർ പ്രസംഗിച്ചു. ബഷീർ കൊമ്പനടുക്കം (കാസർഗോഡ്), ബുഖാരി കെ.പി (കണ്ണൂർ), അബ്ദുൽ ഫത്താഹ് (വയനാട്), സി.പി അബ്ദുല്ല പൂനൂർ, ഉമർ അത്തോളി, അബ്ദുൽ ഖാദിർ പറവണ്ണ, റഷീദ് കൊടക്കാട്, റഷീദ് മദനി നിലമ്പൂർ, ജാബിർ മൂസ എറണാകുളം, ബഷീർ ആലപ്പുഴ, നിസാർ കരുനാഗപ്പള്ളി, സക്കീർ ഈരാറ്റുപേട്ട, ശാക്കിർ തിരുവനന്തപുരം എന്നിവർ സംസാരിച്ചു.

## യുവാക്കൾ സാങ്കേതികവിദ്യ ക്രിയാത്മകമായി ഉപയോഗപ്പെടുത്തണം: വിസ്ഡം യൂത്ത് സംസ്ഥാന സംഗമം

കോഴിക്കോട്: നവമാധ്യമങ്ങളും സാങ്കേതികവിദ്യയും സമൂഹനന്മക്ക് ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾക്ക് നേതൃത്വം നൽകാൻ യുവജന കൂട്ടായ്മകൾ മുന്നോട്ടുവരണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി കോഴിക്കോട് സംഘടിപ്പിച്ച യുവജന പ്രതിനിധി സംഗമം ആവശ്യപ്പെട്ടു.

യൂത്ത് സംസ്ഥാന സമിതി അംഗം യു. മുഹമ്മദ് മദനി സംഗമം ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സെക്ര. അബ്ദുല്ല ഫാസിൽ അധ്യക്ഷത വഹിച്ചു. കെ. താജുദ്ദീൻ സ്വലാഹി, അബ്ദുല്ല ബാസിൽ, മെഹ്ബൂബ് പാലക്കാട്, എം.കെ. ഇർഫാൻ സ്വലാഹി, അക്രം വളപട്ടണം, ഹാഷിം കാക്കയങ്ങാട് തുടങ്ങിയവർ സംസാരിച്ചു.

മുഖമൊഴി

# മതത്തെ പരിഹസിച്ച് സ്വയം പരിഹാസ്യരാകുന്നവർ

അല്ലാഹുവിന്റെ ഗ്രന്ഥത്തെയും അവന്റെ റസൂലിന്റെ ചര്യയെയും പരിഹസിക്കലും കോട്ടിമാട്ടലും ദുർവ്യാഖ്യാനിക്കലും ഒരു പുതിയ പ്രവണതയല്ല. ഇസ്‌ലാമിന്റെ വളർച്ചയിൽ അസൂയപൂണ്ടവരും ഇസ്‌ലാമിന്റെ ആദർശങ്ങളോട് വിയോജിപ്പും എതിർപ്പും ഉള്ളവരുമൊക്കെ കാലാകാലങ്ങളിൽ അതിന് ഒരുമ്പെട്ടിട്ടുണ്ട്. ആധുനിക കാലത്ത് ആധുനികമായ എല്ലാ മാർഗങ്ങളുമുപയോഗിച്ചുകൊണ്ട് ഇസ്‌ലാം വിമർശകർ കളംനിറഞ്ഞാടുന്നുണ്ട്. യുക്തിവാദികളും നിരീശ്വരവാദികളും അൽപം പോലും യുക്തിയില്ലാതെയും സത്യസന്ധത കാണിക്കാതെയും സൈബറിടങ്ങളിൽ ഇസ്‌ലാം വിരുദ്ധതയും നബിനിന്ദയുമായി നിറഞ്ഞുനിൽക്കാൻ കാര്യമായ ശ്രദ്ധതന്നെ പുലർത്തുന്നുണ്ട്. സത്യവും അർധസത്യവും അസത്യവും കൂട്ടിക്കുഴച്ച് അവതരിപ്പിച്ച് വിശ്വാസികളുടെ മനസ്സിൽ സ്വന്തം വിശ്വാസത്തിൽ സംശയം ജനിപ്പിച്ച് പതിയെ തങ്ങളുടെ വികല ചിന്തകളിലേക്ക് നയിക്കലാണ് ഇവരുടെ പണി.

മുസ്‌ലിം സമുദായത്തിൽ പെട്ട അപൂർവം ചിലരെയെങ്കിലും യുക്തിക്കും ബുദ്ധിക്കും അമിത പ്രാധാന്യം നൽകുന്നവരായും തങ്ങളുടെ യുക്തിക്കും ബുദ്ധിക്കും ഉൾക്കൊള്ളാനാവാത്ത മതകാര്യങ്ങളെ അപഹസിക്കുന്നവരായും കാണുവാൻ സാധിക്കുന്നു എന്നത് ഖേദകരമാണ്. 'ആധുനിക ലോകത്തിലെ മുസ്‌ലിം' ആയിത്തീരണമെങ്കിൽ പ്രമാണങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങൾ അങ്ങനെയങ്ങ് ഉൾക്കൊള്ളാൻ പാടില്ല, ബുദ്ധിപരമായി വ്യാഖ്യാനിച്ച് അവയെ 'ആധുനിക'മാക്കേണ്ടതുണ്ട് എന്ന എന്ന ചിന്ത ഇക്കൂട്ടരെ നയിക്കുന്നതായി മനസ്സിലാക്കുവാൻ സാധിക്കും.

ക്വുർആൻ സൂക്തങ്ങളെയും ഹദീസുകളെയും പരിഹസിക്കുന്നതിന്റെയും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അനുചരന്മാരുടെയും പേരിൽ കള്ളം പറയുന്നതിന്റെയും ഗൗരവം അറിയാത്തവരല്ല അത്തരത്തിലുള്ള ധിക്കാരത്തിന് തുനിയുന്നത് എന്ന കാര്യം വിസ്മരിച്ചുകൂടാ. ക്വുർആൻ വചനത്തെയോ പ്രവാചക മൊഴികളെയോ പ്രമാണങ്ങൾ പഠിപ്പിക്കുന്ന ഏതെങ്കിലും അനുഷ്ഠാനങ്ങളെയോ പരിഹസിക്കുന്നതും നിഷേധിക്കുന്നതും ദുർവ്യാഖ്യാനിക്കുന്നതും അല്ലാഹുവിനെ നിഷേധിക്കലായാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ആയത്തുകളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?..." (ക്വുർആൻ 9:65-66).

നബിﷺയെയും സ്വഹാബത്തിനെയും ചില യുദ്ധരംഗങ്ങളിൽ മുനാഫിക്വുകൾ പരിഹസിച്ചതിന്റെ ഫലമായാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് കാണുവാൻ സാധിക്കും. ഇബ്നു ഉമർ‍ؓ, മുഹമ്മദ്ബ്നു കഅ്ബ്, സൈദ്ബ്നു അസ്‌ലം‍ؓ, ക്വതാദ‍ؓ തുടങ്ങിയവരിൽ നിന്നും ഇബ്നു ജരീർ റിപ്പോർട്ട് ചെയ്യുന്നു: "തബൂക്ക് യുദ്ധത്തിലാണ് ഒരാൾ ഇത് പറഞ്ഞത്: 'യുദ്ധരംഗങ്ങളിൽ ഓത്തുകാരായ ഈ ആളുകളെക്കാൾ വലിയ ഭീരുക്കളെയും നുണയന്മാരെയും ഞങ്ങൾ കണ്ടിട്ടില്ല (നബിﷺയും സ്വഹാബത്തും)'. അപ്പോൾ ഔഫുബ്നു മാലിക് അയാളോട് പറഞ്ഞു: 'നീ പറഞ്ഞത് നുണയാണ്. നീ മുനാഫിക്വുമാണ്. നബിﷺയോട് ഞാനിക്കാര്യം പറയുകതന്നെ ചെയ്യും.' ഔഫ്‍ؓ നബിﷺയുടെ അടുക്കലേക്ക് പോയി. പക്ഷേ, അതിനു മുമ്പ് ക്വുർആൻ അവതരിച്ച് കഴിഞ്ഞിരുന്നു... ശേഷം ഈ വ്യക്തി (കപടൻ) നബി‍ﷺയുടെ അടുക്കലേക്ക് വന്നുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ തമാശ പറഞ്ഞ് കളിക്കുക മാത്രമായിരുന്നു.' അപ്പോൾ നബി‍ﷺ അയാളോട് പറഞ്ഞു: "അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴിവ്കഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചുകഴിഞ്ഞിരിക്കുന്നു" (അത്തൗബ 65,66).

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com





# ഉഹ്ദ് രണാങ്കണത്തിൽ നേർക്കുനേർ

ഇരു സൈന്യങ്ങളും ഏറ്റുമുട്ടി. സത്യവിശ്വാസികൾ ശക്തമായ നിലക്ക് യുദ്ധം ചെയ്തു. യുദ്ധക്കളത്തിൽ എല്ലായിടത്തും അവർ ഉണ്ടായിരുന്നു. ശത്രുപക്ഷത്തിന്റെ കൊടിക്കു ചുറ്റുമാണ് യുദ്ധം കൊടുമ്പിരിക്കൊണ്ടത്. നേതാവ് ത്വൽഹതുബ്നു അബീ ത്വൽഹയും അയാൾക്ക് ശേഷം അയാളുടെ രണ്ടു സഹോദരന്മാരായ ഉസ്മാനും അബൂ സഅ്ദും കൊല്ലപ്പെട്ടപ്പോൾ ബനൂ അബ്ദുദ്ദാർ ഗോത്രക്കാർ മാറി മാറി കൊടി എടുത്തു കൊണ്ടിരുന്നു. ഇവർ ഒരാൾക്കു പിറകെ മറ്റൊരാളായിക്കൊണ്ടാണ് കൊല്ലപ്പെട്ടത്. ശേഷം ത്വൽഹയുടെ മക്കളായ മുസാഫിഉം ഹാരിസും ശേഷം കിലാബും കൊടിയെടുത്തു. ഓരോരുത്തരായി എല്ലാവരും കൊല്ലപ്പെട്ടു. ഇപ്രകാരം ആദ്യഘട്ടത്തിൽ തന്നെ മുശ്‌രിക്കുകളുടെ പതാകവാഹകരായിരുന്ന 11 പേർ കൊല്ലപ്പെടുകയുണ്ടായി. പതാക വഹിച്ചിരുന്ന ഒരാൾ പോലും അവരിൽ ബാക്കിയായില്ല. അലിയ്യുബ്നു അബീത്വാലിബ്, ഹംസബ്നു അബ്ദുൽ മുത്തലിബ്, സഅ്ദുബ്നു അബീ വഖാസ്, ആസിം ഇബ്നു സാബിത് ഖസ്മാൻ, സുബൈറുബ്നുൽ അവ്വാം തുടങ്ങിയവരാണ് ഈ മുശ്‌രിക്കുകളെ പരസ്പരമുള്ള ഏറ്റുമുട്ടലിൽ കൊലപ്പെടുത്തിയത്. മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം അവരുടെ കൊടി തന്നെ അവർക്ക് ഒരു ശാപം പോലെയായി. കൊടിയിലേക്ക് അടുക്കുന്നവരെല്ലാം കൊല്ലപ്പെടുന്നു. അവസാനം അവർ കൊടിയും വലിച്ചെറിഞ്ഞു.

ശേഷം യുദ്ധം കൊടുമ്പിരികൊണ്ടു. വാളുകൾ പരസ്പരം കൊമ്പുകോർത്തു. മുശ്‌രിക്കുകൾ മൂന്നു തവണ മുസ്‌ലിംകൾക്ക് നേരെ കടന്നുകയറാൻ ശ്രമിച്ചുവെങ്കിലും അമ്പെയ്ത്തുകാർ അവരുടെ അമ്പുകൾ കൊണ്ട് ശക്തമായ പ്രതിരോധം തീർത്തു. അങ്ങനെ മുശ്‌രിക്കുകൾക്ക് തിരിഞ്ഞുപോകേണ്ടി വന്നു. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വലിയ പരീക്ഷണമായിരുന്നു യുദ്ധം. തങ്ങളുടെ എല്ലാ ധീരതകളും അവർ പ്രകടമാക്കി. അലിയും ത്വൽഹയും സുബൈറും അബുത്വൽഹയും സഅ്ദ് ബ്നു അബീ വക്വാസും ധീരതയുടെ നിറകുടങ്ങളയിരുന്നു. ഉഹ്ദ് യുദ്ധത്തിലെ പോരാട്ടത്തിൽ ഒരു സ്വഹാബിയും മോശമായിരുന്നില്ല. അബൂദുജാന ﵁ അടർക്കളത്തിൽ എതിരിട്ട മുശ്‌രിക്കുകളെയെല്ലാം കൊന്നു. അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും സിംഹമായ ഹംസത് ഇബ്നു അബ്ദുൽമുത്ത്വലിബ് ﵁ യുദ്ധക്കളത്തിലെ അവിസ്മരണീയ വ്യക്തിത്വമായിരുന്നു. മുശ്‌രിക്കുകളിലെ പതാകവാഹകൻമാരിൽ പലരെയും കൊലപ്പെടുത്തിയത് അദ്ദേഹമായിരുന്നു. മുശ്‌രിക്കുകളിൽ ഒരാളുമായി ഏറ്റുമുട്ടിക്കൊണ്ടിരിക്കവെയാണ് ഒളിച്ചിരുന്ന വഹ്ശി എന്നയാൾ തന്റെ ചാട്ടുളികൊണ്ട് ഹംസ ﵁ യെ എറിയുന്നതും അദ്ദേഹം രക്തസാക്ഷിയായി വീഴുന്നതും. പാറക്കല്ലിന് പിന്നിൽ ഒളിച്ചിരുന്നുകൊണ്ട് ഹംസ ﵁ ക്കു നേരെ ചാട്ടുളി എറിഞ്ഞ ആ രംഗം വിശദീകരിക്കുന്ന ഹദീസുകൾ നമുക്ക് കാണുവാൻ സാധിക്കും (ബുഖാരി: 4072).

പിന്നീട് വഹ്ശി ഇസ്‌ലാം സ്വീകരിക്കുന്ന അത്ഭുതകരമായ ചരിത്രമാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. അബൂബക്കറി ﵁ ന്റെ കാലഘട്ടത്തിൽ മുസൈലിമതുൽ കദ്ദാബുമായി ഉണ്ടായ യമാമ യുദ്ധത്തിൽ അദ്ദേഹം പങ്കെടുക്കുകയും ഹംസ ﵁ യെ കൊന്ന കൈകൾകൊണ്ട് മുസൈലിമതുൽ കദ്ദാബിനെ കൊലപ്പെടുത്തുകയും ചെയ്തു. ഹംസ ﵁ യെ കൊന്ന വിഷമത്തിലുള്ള വഹ്ശിയുടെ കണ്ണുനീരിന് അൽപമെങ്കിലും ശമനമുണ്ടായത് അപ്പോഴാണ്. വഹ്ശി ﵁ യുടെ ജീവിതത്തിലെ ഏറ്റവും ആനന്ദകരമായ നിമിഷമായിരുന്നു മുസൈലിമതുൽ കദ്ദാബിനെ കൊന്ന ആ സന്ദർഭം.

ജാബിറിന്റെ പിതാവ് അബ്ദുല്ലാഹിബിനു അംറ് ശഹീദാകുന്നത് ഉഹ്ദ് യുദ്ധത്തിലാണ്. ജാബിർ ﵁ പറയുന്നു: "മൂടപ്പെട്ട അവസ്ഥയിൽ എന്റെ പിതാവ് ഉഹ്ദിന്റെ ദിവസം കൊണ്ടു വരപ്പെട്ടു. പിതാവിന്റെ ശരീരമാകെ വികൃതമാക്കപ്പെട്ടിരുന്നു. പിതാവിനെ കാണുന്നതിനു വേണ്ടി വസ്ത്രം ഉയർത്താൻ ശ്രമിച്ചപ്പോൾ എന്റെ ആളുകളെന്നെ സമ്മതിച്ചില്ല. ഞാൻ രണ്ടാം പ്രാവശ്യവും ശ്രമിച്ചപ്പോൾ വീണ്ടും അവർ എന്നെ തടഞ്ഞു. അപ്പോൾ നബി ﷺ വന്നുകൊണ്ട് പിതാവിന്റെ ശരീരത്തിൽ നിന്നും വസ്ത്രം ഉയർത്തി. ഈ സന്ദർഭത്തിൽ ഒരു കരച്ചിലിന്റെ ശബ്ദം ഞാൻ കേട്ടു. നോക്കുമ്പോൾ അത് പിതാവ് അബ്ദുല്ലയുടെ സഹോദരിയായിരുന്നു. നബി ﷺ ചോദിച്ചു: 'നിങ്ങൾ എന്തിനാണ് കരയുന്നത്? ഈ മയ്യിത്ത് ഇവിടെ നിന്ന് ഉയർത്തപ്പെടുന്നതു വരെ മലക്കുകൾ അവരുടെ ചിറകുകൾ അദ്ദേഹത്തിന് വേണ്ടി വിരുത്തി വെച്ചിട്ടുണ്ട്' (ബുഖാരി: 1293, മുസ്‌ലിം: 2471).

ഉഹ്ദ് യുദ്ധത്തിൽ ശഹീദായ മറ്റൊരു സ്വഹാബിയായിരുന്നു ഹൻളലതുബ്നു ആമിർ ﵁. അബൂ സുഫ്‌യാൻ ഇബ്നു ഹർബിനെ കൊല്ലുവാനുള്ള ഒരുക്കത്തിലായിരുന്നു ഹൻളല ﵁. പക്ഷേ, അപ്പോഴേക്കും ശദ്ദാദുബ്നു ഔസ് ഹൻളലയെ കൊലപ്പെടുത്തി. ഈ ഹൻളലയുടെ മയ്യിത്താണ് മലക്കുകൾ വന്നുകൊണ്ട് കുളിപ്പിച്ചത്. യുദ്ധശേഷം മദീനയിലേക്ക് മടങ്ങിച്ചെന്ന് സ്വഹാബിമാർ ഹൻളലയുടെ വീട്ടുകാരോട് കാര്യമന്വേഷിച്ചപ്പോൾ അദ്ദേഹം വലിയ അശുദ്ധിക്കാരനായിരുന്നു എന്നാണ് അവർ മറുപടി പറഞ്ഞത്. യുദ്ധത്തിലേക്ക് ഉള്ള പ്രഖ്യാപനം ഉണ്ടായപ്പോൾ കിടപ്പറയിൽ നിന്നും എണീറ്റു പോയതായിരുന്നു (ഇബ്നുഹിബ്ബാൻ: 7025, ഹാകിം: 4970).

കാലിന് ശക്തമായ മുടന്തുള്ള ഒരു സ്വഹാബിയായിരുന്നു അംറുബ്നു ജമൂഹ് ﵁. യുവാക്കളായ നാല് ആൺകുട്ടികൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഉഹ്ദിന്റെ ദിവസം മക്കൾ അദ്ദേഹത്തോട് പറഞ്ഞു: 'പിതാവേ, അല്ലാഹു താങ്കൾക്ക് യുദ്ധത്തിൽ നിന്നും ഒഴിവു കഴിവ് നൽകിയിട്ടുണ്ട്.' എങ്കിലും അദ്ദേഹം പ്രവാചകന്റെ അടുക്കൽ ചെന്ന് അനുവാദം ചോദിക്കുകയും നബി ﷺ

**ഉഹ്ദ് യുദ്ധ ശേഷം മുസ്‌ലിംകൾ മുശ്‌രിക്കുകളുടെ പിറകെ ചെന്ന് അവരെ വിരട്ടിയോടിച്ചു. യുദ്ധ മുതലുകൾ ഒരുമിച്ചുകൂട്ടി. ഉഹ്ദ് യുദ്ധത്തിലെ വിജയത്തിൽ അമ്പെയ്തുകാർക്ക് വലിയ പങ്കുണ്ടായിരുന്നു. മുസ്‌ലിംകൾക്ക് നേരെ കടന്നു കയറാൻ ശ്രമിച്ച മുശ്‌രിക്കുകളുടെ കുതിരപ്പടയെ അമ്പെയ്തു തുരത്തിയത് ഈ സ്വഹാബിമാരായിരുന്നു. എന്നാൽ അവസാന നിമിഷം അമ്പെയ്ത്തുകാർ കാണിച്ച അനുസരണക്കേടിന്റെ ഫലമായി മുസ്‌ലിംകൾക്ക് തിരിച്ചടി നേരിട്ടു.**

അനുവാദം കൊടുക്കുകയും ചെയ്തു. ബനൂ സലമ ഗോത്രത്തിന്റെ ഒരു നേതാവ് കൂടിയായിരുന്നു അദ്ദേഹം. യുദ്ധക്കളത്തിൽ ശഹീദാകുന്നതുവരെ ശക്തമായ നിലക്കു തന്നെ അദ്ദേഹം പോരാടി. അബൂ ഖതാദ പറയുന്നു: "അംറുബ്നു ജമൂഹ്ﷺ നബിയുടെ അടുക്കലേക്ക് വന്നു കൊണ്ട് ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും കൊല്ലപ്പെടുകയും ചെയ്താൽ ഈ കാലുകൾ കൊണ്ട് എനിക്ക് സ്വർഗത്തിൽ ശരിക്കു നടക്കാൻ സാധിക്കുമോ?' മുടന്ത് ബാധിച്ച കാലായിരുന്നു അദ്ദേഹത്തിന്റേത്. അപ്പോൾ നബിﷺ പറഞ്ഞു: 'അതെ.' അങ്ങനെ ഉഹ്ദ് യുദ്ധത്തിൽ അദ്ദേഹം കൊല്ലപ്പെട്ടു. ശഹീദായി കിടക്കുന്ന അംറുബ്നു ജമൂഹിന്റെ അരികിലൂടെ നബിﷺ നടന്നുപോയപ്പോൾ ഇപ്രകാരം പറഞ്ഞു: 'ഇദ്ദേഹം രണ്ട് കാലുകൾ കൊണ്ട് സ്വർഗത്തിലൂടെ ശരിക്കും നടക്കുന്നതായി ഞാൻ കാണുന്നു" (അഹ്മദ്: 22553).

ഇസ്‌ലാമിലേക്ക് കടന്നുവരാൻ വിസമ്മതിച്ചിരുന്ന ബനൂ അബ്ദുൽഅശ്ഹൽ ഗോത്രത്തിലെ വ്യക്തിയായിരുന്നു അംറുബ്നു സാബിതുൽ മഅ്റൂഫ്. എന്നാൽ ഉഹ്ദിന്റെ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് ഇസ്‌ലാമിനെ ഇട്ടുകൊടുത്തു. അദ്ദേഹം മുസ്‌ലിമായി. ഉഹ്ദിൽ അദ്ദേഹം വാൾ എടുത്ത് പ്രവാചകന്റെ കൂടെ ചേർന്നു. ഉഹ്ദിൽ കൊല്ലപ്പെടുവോളം യുദ്ധം ചെയ്തു. ഇദ്ദേഹം മുസ്‌ലിമായ വിഷയം മറ്റു സ്വഹാബിമാർക്ക് ഒന്നും അറിയുമായിരുന്നില്ല. മരിച്ചു കിടക്കുന്ന അദ്ദേഹത്തെ ചൂണ്ടിക്കാണിച്ചു കൊണ്ട് നബിﷺ പറഞ്ഞു: 'ഇദ്ദേഹം സ്വർഗത്തിലാണ്.' ഈ സന്ദർഭത്തിൽ അബൂഹുറയ്റﷺ പറയുകയാണ്: 'അല്ലാഹുവിനു വേണ്ടി ഒരു നമസ്കാരം പോലും അദ്ദേഹം നമസ്കരിച്ചിട്ടില്ല' (അഹ്മദ്: 23634).

അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാകുവാൻ വേണ്ടി പ്രാർഥിച്ച് ഇറങ്ങിയ സ്വഹാബിയായിരുന്നു അബ്ദുല്ലാഹിബ്നു ജഹ്ശ്ﷺ. അദ്ദേഹം യുദ്ധത്തിൽ കൊല്ലപ്പെടുകയുണ്ടായി. അൻസ്വാറുകളിലെ വലിയ ധനികനായിരുന്ന മറ്റൊരു സ്വഹാബിയാണ് സഅ്ദുബ്നുർറബീഅ്ﷺ. അദ്ദേഹം ഉഹ്ദിൽ ശക്തമായ പരീക്ഷണങ്ങൾക്ക് വിധേയനാകുകയും അവസാനം ശഹീദാവുകയും ചെയ്തു. യുദ്ധക്കളത്തിൽ ഇദ്ദേഹത്തെ അന്വേഷിക്കുന്നതിന് വേണ്ടി സൈദുബ്നു സാബിതിനെ നബിﷺ പറഞ്ഞയക്കുകയുണ്ടായി. കുന്തങ്ങളുടെ കുത്തും വാളുകളുടെ വെട്ടും തറച്ച അമ്പുകളുമായി എഴുപതോളം മുറിവുകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ ഉണ്ടായിരുന്നു. അത് കണ്ട സൈദുബ്നു സാബിത്ﷺ സഅ്ദിﷺനോട് പറഞ്ഞു: 'അല്ലയോ സഅ്ദ്! 'നബിﷺ നിങ്ങളോട് സലാം പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ അവസ്ഥകൾ അന്വേഷിക്കുവാനും പറഞ്ഞു.' സഅ്ദ് സലാം മടക്കി. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ നബിയോട് ഇപ്രകാരം പറയണം: സ്വർഗത്തിലെ സുഗന്ധം ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണുള്ളത്.' അങ്ങനെ അദ്ദേഹം ശഹീദായി' (മാലിക്: 4. ഹാകിം: 4958).

അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ് എന്ന നിയ്യത്ത് ഇല്ലാതെ യുദ്ധക്കളത്തിൽ ഇറങ്ങിയ ഒരാളും ഉണ്ടായിരുന്നു. ഖസ്മാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ഉഹ്ദ് യുദ്ധ ദിവസം അദ്ദേഹം ശക്തമായ നിലയ്ക്ക് പോരാടി. ഇദ്ദേഹം സ്വയം ഏഴോ എട്ടോ മുശ്‌രിക്കുകളെ കൊലപ്പെടുത്തിയിട്ടുണ്ട്. ശക്തനായ ഒരാളായിരുന്നു ഇദ്ദേഹം. എന്നാൽ സ്വന്തം ശരീരത്തിൽ ശക്തമായ ഒരു മുറിവേറ്റപ്പോൾ സഹിക്ക വയ്യാതെ ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്. ഇദ്ദേഹം നരകാവകാശിയാണ് ആണ് എന്ന് നബിﷺ പറയുകയും ചെയ്തിരുന്നു. ഉഹ്ദ് രണാങ്കണത്തിൽ ശക്തമായ പോരാട്ടം നയിച്ച മറ്റൊരു സ്വഹാബിയായിരുന്നു സഅദ് ബിൻ അബീവക്വാസ്ﷺ. 'എന്റെ ഉമ്മയും ബാപ്പയും അങ്ങേയ്ക്ക് ദണ്ഡമാണ്. നിങ്ങൾ അമ്പെയ്തോളൂ' എന്ന് ഉഹ്ദിന്റെ ദിവസം നബിﷺ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട് (ബുഖാരി: 4059, മുസ്‌ലിം: 2411).

നബിﷺയുടെ ശരീരത്തിലേക്ക് വരുന്ന അമ്പുകളെ സ്വന്തം ശരീരംകൊണ്ട് തടഞ്ഞ സ്വഹാബിയായിരുന്നു ത്വൽഹതുബ്നു ഉബൈദില്ലﷺ. അമ്പെയ്ത്തുകാരിൽ പ്രധാനിയായ ഒരു സ്വഹാബിയായിരുന്നു അബൂത്വൽഹതുൽ അൻസ്വാരിﷺ. ഉഹ്ദിൽ അദ്ദേഹം ശക്തമായി പോരാടി. ഉഹ്ദ് യുദ്ധത്തിൽ അദ്ദേഹത്തിന്റെ രണ്ടോ മൂന്നോ വില്ലുകൾ പൊട്ടിപ്പോയിട്ടുണ്ട് (ബുഖാരി: 4064, മുസ്‌ലിം: 1811).

ജൂതപണ്ഡിതൻമാരിൽ ഒരാളായിരുന്നു മുഖൈരീഖ്. ഉഹ്ദ്‌യുദ്ധ ദിവസം അദ്ദേഹം തന്റെ ജൂത സമൂഹത്തോട് പറഞ്ഞു: 'നിങ്ങൾക്കെതിരിൽ ഇന്ന് മുഹമ്മദിന്റെ വിജയം സത്യമാണ്.' അപ്പോൾ അവർ പറഞ്ഞു: 'ഇന്ന് ശബ്ബത്ത് നാളാണ്' (ശനിയാഴ്ച ദിവസം). അങ്ങനെ അദ്ദേഹം തന്റെ വാളെടുത്തു. എന്നിട്ട് പറഞ്ഞു: 'ഇന്ന് ഞാൻ കൊല്ലപ്പെട്ടാൽ എന്റെ സമ്പത്ത് മുഴുവൻ മുഹമ്മദിനാണ്. മുഹമ്മദ് ഇഷ്ട

മുള്ളത് അതു കൊണ്ട് ചെയ്തുകൊള്ളട്ടെ.' ശേഷം കൊല്ലപ്പെടുന്നത് വരെ നബിയോടൊപ്പം അദ്ദേഹം യുദ്ധം ചെയ്തു. നബിﷺ ഇപ്രകാരം പറഞ്ഞു: 'ജൂതരിൽ ഏറ്റവും നല്ല ആളാണ് മുഖൈരീഖ്' (സീറതു ഇബ്നു ഹിശാം: 3/99).

ഉഹ്ദ് യുദ്ധത്തിൽ മുശ്‌രിക്കുകൾക്ക് പരാജയമായിരുന്നു സംഭവിച്ചത്. മുസ്‌ലിംകൾക്ക് വ്യക്തമായ സഹായം തന്നെ അല്ലാഹു ഇറക്കിക്കൊടുത്തു. അവരോടുള്ള തന്റെ കരാർ അല്ലാഹു പാലിച്ചു. വലിയ പ്രതിരോധ വലയമായിരുന്നു മുസ്‌ലിംകൾ ഉഹ്ദിൽ തീർത്തത്. യുദ്ധക്കളത്തിൽ മുസ്‌ലിംകൾ പരിപൂർണമായ ആധിപത്യം നേടി. ആ രംഗം അല്ലാഹു ഇപ്രകാരം വിശദീകരിക്കുന്നു:

"അല്ലാഹുവിന്റെ അനുമതി പ്രകാരം നിങ്ങളവരെ കൊന്നൊടുക്കിക്കൊണ്ടിരുന്നപ്പോൾ നിങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവൻ സത്യം പാലിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഭീരുത്വം കാണിക്കുകയും കാര്യനിർവഹണത്തിൽ അന്യോന്യം പിണങ്ങുകയും നിങ്ങൾ ഇഷ്ടപ്പെടുന്ന നേട്ടം അല്ലാഹു നിങ്ങൾക്ക് കാണിച്ചുതന്നതിന് ശേഷം നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തപ്പോഴാണ് (കാര്യങ്ങൾ നിങ്ങൾക്കെതിരായത്). നിങ്ങളിൽ ഇഹലോകത്തെ ലക്ഷ്യമാക്കുന്നവരുണ്ട്. പരലോകത്തെ ലക്ഷ്യമാക്കുന്നവരും നിങ്ങളിലുണ്ട്. അനന്തരം നിങ്ങളെ പരീക്ഷിക്കുവാനായി അവരിൽ (ശത്രുക്കളിൽ) നിന്ന് നിങ്ങളെ അല്ലാഹു പിന്തിരിപ്പിച്ചുകളഞ്ഞു. എന്നാൽ അല്ലാഹു നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം കാണിക്കുന്നവനാകുന്നു" (ആലു ഇംറാൻ: 152).

യുദ്ധ ശേഷം മുസ്‌ലിംകൾ മുശ്‌രിക്കുകളുടെ പിറകെ ചെന്ന് അവരെ വിരട്ടിയോടിച്ചു. യുദ്ധമുതലുകൾ ഒരുമിച്ചുകൂട്ടി. ഉഹ്ദ് യുദ്ധത്തിലെ വിജയത്തിൽ അമ്പെയ്ത്തുകാർക്ക് വലിയ പങ്കുണ്ടായിരുന്നു. മുസ്‌ലിംകൾക്ക് നേരെ കടന്നു കയറാൻ ശ്രമിച്ച മുശ്‌രിക്കുകളുടെ കുതിരപ്പടയെ അമ്പെയ്തു തുരത്തിയത് ഈ സ്വഹാബിമാരായിരുന്നു. എന്നാൽ അവസാന നിമിഷം അമ്പെയ്ത്തുകാർ കാണിച്ച അനുസരണക്കേടിന്റെ ഫലമായി മുസ്‌ലിംകൾക്ക് തിരിച്ചടി നേരിട്ടു.

**(അടുത്ത ലക്കത്തിൽ: 'അനുസരണക്കേടിന്റെ ഫലം').**

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ഹൃദയ വസന്തം**
സൂറ: നജ്മ് 16-18
ശുറൈഹ് സലഫി
30.09.19 തിങ്കൾ 7:45 AM

**പ്രകാശതീരം**
ദേഷ്യപ്പെടരുത് ഭാര്യമാരോട്
മുഹമ്മദ് സ്വാദിഖ് മദീനി
30.09.19 തിങ്കൾ 9:00 PM

**ആരോഗ്യ വിചാരം**
ദന്തരോഗവും പരിഹാരവും, ഭാഗം: 2
ഡോ.ഫൗസിൻ / മുഷ്താഖ് അറക്കൽ
30.09.19 തിങ്കൾ 9:00 PM


**അടിത്തറകൾ**
മരണാനന്തര ജീവിതവും തെളിവുകളും, ഭാഗം: 1
ഫദ്‌ലുൽ ഹഖ് ഉമരി
01.10.19 ചൊവ്വ 09:00 PM

**കർമ്മസരണി**
നമസ്കാരത്തിൽ മറവി സംഭവിച്ചാൽ?
ഹംസ മദീനി
02.10.19 ബുധൻ 09:00 PM

**സലഫി ദുറൂസ്**
നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 135
അബൂബക്കർ സലഫി
03.10.19 വ്യാഴം 9:00 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

നബീൽ പയ്യോളി
nabeelpayyoly@gmail.com




# സാമൂഹ്യമാധ്യമങ്ങൾ തീർക്കുന്ന കുരുക്കുകൾ

**വെള്ളവും വായുവും പോലെ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളുടെ പട്ടികയിലേക്ക് ചേക്കേറിയിരിക്കുകയാണ് സാമൂഹ്യമാധ്യമങ്ങളിലെ സാന്നിധ്യം. സമൂഹത്തിൽ തന്റേതായ ഭാഗധേയം നിർവഹിക്കാൻ സൗകര്യമൊരുക്കുന്നു എന്നതിനോടൊപ്പം തന്നെ ചുറ്റുപാടുകളിലെ ഭൗതിക സാന്നിധ്യം നിഷേധിക്കുക കൂടി ചെയ്യുന്നു, സോഷ്യൽ മീഡിയ. എന്നാൽ സാമൂഹ്യമാധ്യമങ്ങളുടെ അമിതോപയോഗം ഇതിനേക്കാളേറെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.**

സാമൂഹ്യ മാധ്യമങ്ങൾ ഇന്ന് ഓരോരുത്തരുടെയും ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. വായുവും വെള്ളവും പോലെ ഇന്റർനെറ്റ് ഇല്ലാത്ത ജീവിതം അസാധ്യമായി മാറിക്കഴിഞ്ഞു. അൽപനേരം സാമൂഹ്യമാധ്യമങ്ങൾ നിശ്ചലമായാൽ ലോകം മുഴുവൻ അസ്വസ്ഥമാകുന്ന കാഴ്ച നാം കണ്ടു. എന്ത് മാത്രം അത് ജീവിതത്തെ ഗ്രസിച്ചിരിക്കുന്നു! കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ടുണ്ടായ മാറ്റമാണിത്. വാട്സാപ്പും ഫേസ്ബുക്കും ഇല്ലാത്തവർ വളരെ വിരളം. പ്രായമുള്ളവർ വാട്സാപ്പിലും ഫേസ്ബുക്കിലും തങ്ങളുടെ സാന്നിധ്യം അറിയിച്ചുതുടങ്ങിയപ്പോൾ പുതുതലമുറ അതും വിട്ട് ഇൻസ്റ്റാഗ്രാമിലും ട്വിറ്ററിലും ടെലിഗ്രാമിലും ചേക്കേറി. സാമൂഹ്യമാധ്യമങ്ങളിലെ നോട്ടിഫി

ക്കേഷൻ ശബ്ദം കേട്ടില്ലെങ്കിൽ നാം അസ്വസ്ഥരാവുന്നു. എന്ത് പറ്റി, നെറ്റ് ഇല്ലേ, മൊബൈൽ കേടായോ എന്ന ചിന്ത! അതെ! നാം ആകെ മാറി; അല്ല ലോകം നമ്മെ മാറ്റി. ലോകത്തിന്റെ ചലനങ്ങൾക്കൊത്ത് മാറിയില്ലെങ്കിൽ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുന്ന തരത്തിലേക്ക് കാലം മാറി. സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കാൻ പറ്റാത്ത മൊബൈൽ ഫോണുകൾ വിപണിയിൽ നിന്ന് അപ്രത്യക്ഷമായി.

ഫോൺ കോളുകൾക്ക് വേണ്ടിയായിരുന്നു മൊബൈൽ കാര്യമായി ഉപയോഗിച്ചിരുന്നത് എങ്കിൽ ഇന്ന് ക്യാമറകളുടെ ക്ലാരിറ്റിയും സ്പീഡും മെമ്മറി കപ്പാസിറ്റിയും എല്ലാമായിട്ടുണ്ട് പരിഗണനാ കാര്യങ്ങൾ. ജീവിതത്തിലെ ഒട്ടുമിക്ക കാര്യങ്ങളും മൊബൈൽ ഫോണുമായി ബന്ധിപ്പിച്ച് കഴിഞ്ഞു. സ്കൂൾ വിദ്യാർഥികൾ മുതൽ മുതിർന്നവർ വരെ തങ്ങളുടെ കാര്യങ്ങൾ കുറിച്ചുവെക്കുന്നതും രേഖകളുടെ പകർപ്പ് സൂക്ഷിക്കുന്നതും മൊബൈൽ ഫോണിലായി. അത് നഷ്ടപ്പെട്ടാൽ എല്ലാം പോയി എന്ന അവസ്ഥ വന്നു. ലോകം നമ്മുടെ വിരൽതുമ്പിലേക്ക് ചുരുങ്ങി. ആശയ വിനിമയങ്ങൾ സുഗമമായി. വ്യക്തിപരമായ ആവശ്യങ്ങൾക്ക് മുതൽ വലിയ കോർപറേറ്റ് കമ്പനികൾ വരെ മൊബൈൽ ആപ്ലിക്കേഷനുകൾ തങ്ങളുടെ വ്യവഹാരങ്ങൾക്ക് ഉപയോഗിക്കുന്ന കാലം. ഗുണത്തിനായും ദോഷത്തിനായും ഉപയോഗിക്കാവുന്ന ഈ ഉപകരണം വരുത്തിവയ്ക്കുന്ന ദുരന്തങ്ങൾ ചെറുതല്ല.

ആധുനിക മാധ്യമങ്ങൾ തീർക്കുന്ന ചതിക്കുഴികൾ തെല്ലൊന്നുമല്ല നമ്മെ അസ്വസ്ഥമാക്കുന്നത്. ചെറിയ കുട്ടികൾ മുതൽ വൃദ്ധർവരെ അതിന്റെ ഇരകളാകുന്നു. മൊബൈൽ ഗെയ്മുകൾ പലതും കുട്ടികളെ ആത്മഹത്യയിലേക്ക് നയിക്കുന്ന വാർത്തകൾ ഞെട്ടിക്കുന്നതായിരുന്നു. മയക്കുമരുന്നിന്റെ മായാവലയത്തിൽ കുട്ടികൾ പെട്ടുപോകുന്നതിലും സമൂഹ്യമാധ്യമങ്ങളുടെ പങ്ക് ചെറുതല്ല.

നൂറുകണക്കിന് ഉപകാരങ്ങൾ നാം എണ്ണിപ്പറയുമ്പോൾ തന്നെ നമ്മുടെ സ്വസ്ഥത തകർക്കുന്നതിലും വലിയ പങ്ക് ഈ ചെറിയ ഉപകരണത്തിനുണ്ടെന്നതല്ലേ വസ്തുത?

## കളവ് പറയൽ

മൊബൈൽ ഫോണുകൾ കളവ് പറയാൻ നമ്മെ പ്രാപ്തരാക്കിയിരിക്കുന്നു! കാത്തുനിൽക്കുന്ന സുഹൃത്തിനോട് ഇതാ ഇവിടെ എത്തി, സിഗ്നൽ കാത്ത് നിൽക്കുന്നു, അല്ലെങ്കിൽ ബ്ളോക്കിലാണ് എന്ന് പലപ്പോഴും കളവ് പറയാറില്ലേ? യഥാർഥത്തിൽ നാം വീട്ടിൽ നിന്നോ ജോലിസ്ഥലത്ത് നിന്നോ ഇറങ്ങിയിട്ടു പോലും ഉണ്ടാവില്ല!

അല്ലാഹു പറയുന്നു: "അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല" (ക്വുർആൻ 50:18).

നമ്മുടെ വാക്കുകൾ നമ്മുടെ കർമരേഖയിൽ എഴുതപ്പെടും എന്ന സത്യം നാം മറക്കുന്നു. മനഃപൂർവം കളവ് പറയുന്നു; അതിനപ്പുറം നമ്മെ വിശ്വസിച്ച് കാത്തിരിക്കുന്നവരെ കബളിപ്പിക്കുന്നു. എന്തേ നാം ഇങ്ങനെയായി? എട്ടു മണിക്ക് എത്താം എന്ന് വാക്കു കൊടുത്ത ഒരാളോട് പത്തു മണിക്കും എത്താൻ സാധ്യതയില്ലെങ്കിലും 'ഇതാ എത്തി... ഇപ്പോൾ എത്തും...' എന്ന് കള്ളം പറയാറില്ലേ പലരും? നമുക്ക് പാലിക്കാവുന്ന വാക്കുകൾ മാത്രം നൽകുക. അവിചാരിതമായി സംഭവിക്കുന്ന പ്രയാസങ്ങൾ സത്യസന്ധമായി അവരെ അറിയിക്കുകയും ചെയ്യുക. അപ്പോൾ മനസ്സ് സ്വസ്ഥമാകും; ബന്ധങ്ങൾ ദൃഢമാകും.

അബ്ദുല്ലാഹിബ്നു മസ്ഊദ്﵁ നിവേദനം; നബിﷺ പറഞ്ഞു: "സത്യം പറയൽ നന്മയിലേക്കും നനന്മ സ്വർ



ഗത്തിലേക്കും നയിക്കും. ഒരു മനുഷ്യൻ സത്യം പറയുന്ന ശീലം വളർത്തുന്ന പക്ഷം അല്ലാഹുവിങ്കൽ അവൻ തികഞ്ഞ സത്യസന്ധനായി രേഖപ്പെടുത്തപ്പെടും. കള്ളം പറയുന്ന ശീലം ദുർവൃത്തിയിലേക്കും ദുർവൃർത്തി നരകത്തിലേക്കുമാണ് നയിക്കുക. ഒരു മനുഷ്യൻ കള്ളം പറയാൻ തുടങ്ങിയാൽ അവസാനം ഏറ്റവും അധികം കള്ളം പറയുന്നവനായി അവന്റെ പേര് അല്ലാഹുവിങ്കൽ രേഖപ്പെടുത്തും" (ബുഖാരി).

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്ؓവിൽ നിന്ന് നിവേദനം: "നിശ്ചയം, നബിﷺ പറഞ്ഞു: 'നാലു കാര്യങ്ങൾ ആരിലെങ്കിലും ഉണ്ടെങ്കിൽ അയാൾ തനിച്ച കപടനായിരിക്കും. ആ കാര്യങ്ങളിൽ ഏതെങ്കിലും ഒരു സ്വഭാവം ഉണ്ടെങ്കിൽ അത് ഉപേക്ഷിക്കുന്നതുവരെയും കാപട്യത്തിന്റെ ലക്ഷണം അയാളിൽ ഉണ്ടായിരിക്കുന്നതാണ്. വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ് പറയുക, വാഗ്ദത്തംചെയ്താൽ ലംഘിക്കുക, പിണങ്ങിയാൽ പൊറുതികേട് കാണിക്കുക" (ബുഖാരി, മുസ്‌ലിം).

**അഭിമാനത്തിന് ക്ഷതം ഏൽപിക്കുന്നു**

പാസ്‌വേഡ് കൊണ്ട് മറച്ച ചിലരുടെ ഫോൺ മറ്റാരെങ്കിലും ഒന്ന് നോക്കിയാൽ തന്നെ അവർ അസ്വസ്ഥരാകുന്നു; അത്രക്ക് സ്വകാര്യതകളുടെ കേദാരമാണ് ആ ഫോൺ എന്നർഥം.

വഞ്ചനയും കളവും ചൂഷണവും തട്ടിപ്പും വെട്ടിപ്പും വ്യക്തിഹത്യയും വിവാഹമോചനവും ആത്മഹത്യയും മാനഹാനി വരുത്തലുമൊക്കെ മൊബൈൽ ഫോണും സാമൂഹ്യ മാധ്യമങ്ങളും തീർത്ത വലയത്തിൽ നിർബാധം നടന്നുകൊണ്ടേയിരിക്കുന്നു!

പരസ്പര വിശ്വാസം നഷ്ടമാകാൻ സാമൂഹ്യ മാധ്യമങ്ങൾ കാരണമാകുന്നു എന്നത് ഗൗരവത്തോടെ ചിന്തിക്കണം. പരസ്പര വിശ്വാസം വളരെ പ്രധാനമാണ്. ഒരാളുടെ അഭിമാനത്തിന് യാതൊരുവിധ വിലയും കൽപിക്കാതെയാണ് പലപ്പോഴും ഇത്തരം മാധ്യമങ്ങളെ പലരും ഉപയോഗപ്പെടുത്തുന്നത്. അത് ഒരിക്കലും തീർക്കാൻ പറ്റാത്ത വിധം വലിയ ദുരന്തങ്ങളിലേക്ക് നയിക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടായേ തീരൂ.

പ്രവാചകൻﷺ തന്റെ വിടവാങ്ങൽ ഹജ്ജിലെ ചരിത്രപ്രധാനമായ അറഫാ പ്രസംഗത്തിൽ തനിക്ക് മുന്നിൽ തടിച്ചുകൂടിയ ലക്ഷത്തിൽ പരം അനുയായികളെ സാക്ഷിനിർത്തി ലോകത്തോട് വിളിച്ചു പറഞ്ഞ ചില സുപ്രധാന കാര്യങ്ങളുണ്ട്. അത് ഓരോ വിശ്വാസിയും നെഞ്ചേറ്റേണ്ടതാണ്. അഭിമാനവുമായി ബന്ധപ്പെട്ട് ആ പ്രസംഗത്തിൽ നബിﷺ പറഞ്ഞു:

"ഇത് ഏതു ദിവസമാണെന്ന് നിങ്ങൾക്കറിയാമോ?" അവർ പറഞ്ഞു: "അല്ലാഹുവിനും അവന്റെ ദൂതനും അറിയാം." അവിടുന്ന് പറഞ്ഞു: "ഇത് ഒരു പരിശുദ്ധ ദിനമാണ്. ഇത് ഏതു സ്ഥലമാണെന്നറിയാമോ?" അവർ പറഞ്ഞു: "അല്ലാഹുവിനും അവന്റെ ദൂതനും അറിയാം." അവിടുന്ന് പറഞ്ഞു: "പരിശുദ്ധമായ സ്ഥലം. ഇത് ഏതു മാസമാണെന്നറിയാമോ?" അവർ പറഞ്ഞു: "അല്ലാഹുവിനും അവന്റെ ദൂതനും അറിയാം." അവിടുന്ന് പറഞ്ഞു: "പരിശുദ്ധമായ മാസം." പിന്നീട് അവിടുന്ന് പറഞ്ഞു: "നിങ്ങളുടെ ഈ സ്ഥലം, നിങ്ങളുടെ ഈ മാസം, നിങ്ങളുടെ ഈ ദിവസം പരിശുദ്ധമായിരിക്കുന്നതുപോലെ നിശ്ചയമായും അല്ലാഹു നിങ്ങളുടെ രക്തവും നിങ്ങളുടെ സ്വത്തും നിങ്ങളുടെ അഭിമാനവും നിങ്ങൾക്ക് പരിശുദ്ധമാക്കിയിരിക്കുന്നു"(ബുഖാരി).

മനുഷ്യന്റെ അഭിമാനത്തിന് അത്രമാത്രം വില കൽപിക്കണം എന്ന് നമ്മെ പ്രവാചകൻﷺ പഠിപ്പിക്കുന്നു. പക്ഷേ, അധികമാളുകളും ഇക്കാര്യം പരിഗണിക്കാറില്ല. പലരും ഫോൺ സംഭാഷണം റെക്കോഡ് ചെയ്ത് ലോകരെ കേൾപ്പിക്കുന്നു, സൗഹൃദ സംഭാഷണങ്ങൾക്കിടയിൽ വന്നുപോയ സ്ഖലിതങ്ങളെ, അഭിപ്രായങ്ങളെ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് മറ്റുള്ളവരെ അപമാനിക്കുമാനിക്കുന്നു. അടച്ചിട്ട മുറിയിൽ വെച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ നടന്ന ചർച്ചകൾ സ്വകാര്യമായി റെക്കോർഡ് ചെയ്

**ഫോൺ കോളുകൾക്ക് വേണ്ടിയായിരുന്നു മൊബൈൽ കാര്യമായി ഉപയോഗിച്ചിരുന്നത് എങ്കിൽ ഇന്ന് ക്യാമറകളുടെ ക്ലാരിറ്റിയും സ്പീഡും മെമ്മറി കപ്പാസിറ്റിയും എല്ലാമായിട്ടുണ്ട് പരിഗണനാ കാര്യങ്ങൾ. ജീവിതത്തിലെ ഒട്ടുമിക്ക കാര്യങ്ങളും മൊബൈൽ ഫോണുമായി ബന്ധിപ്പിച്ച് കഴിഞ്ഞു. സ്കൂൾ വിദ്യാർഥികൾ മുതൽ മുതിർന്നവർ വരെ തങ്ങളുടെ കാര്യങ്ങൾ കുറിച്ചുവെക്കുന്നതും രേഖകളുടെ പകർപ്പ് സൂക്ഷിക്കുന്നതും മൊബൈൽ ഫോണിലായി. അത് നഷ്ടപ്പെട്ടാൽ എല്ലാം പോയി എന്ന അവസ്ഥ വന്നു. ഗുണത്തിനായും ദോഷത്തിനായും ഉപയോഗിക്കാവുന്ന ഈ ഉപകരണം വരുത്തിവയ്ക്കുന്ന ദുരന്തങ്ങൾ ചെറുതല്ല.**

**നമ്മുടെ സ്വകാര്യ സംഭാഷണങ്ങളും മെസ്സേജുകളും സർവീസ് പ്രൊവൈഡർമാരും അന്വേഷണ സൈബർ സെല്ലും ഒക്കെ കേൾക്കുന്നു എന്ന ബോധ്യം നമുക്ക് വേണം. എല്ലാം റെക്കോഡ് ചെയ്യപ്പെടുന്നുണ്ട്. നമ്മുടെ അഭിമാനം ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലേക്ക് നയിക്കുന്ന സംസാരങ്ങളും ഇടപെടലുകളും പരമാവധി ഒഴിവാക്കുക. നാം ഉപയോഗിച്ച മൊബൈൽ ഫോണുകൾ അന്യർക്ക് കൈമാറാതിരിക്കാൻ ശ്രദ്ധിക്കുക, അത് നശിപ്പിച്ചു കളയുന്നതാവും നന്നാവുക.**

ത് മാലോകരെ കേൾപ്പിക്കുന്നു. ഒരാൾ തമാശക്ക് ചെയ്തതും പറഞ്ഞതും അയാൾ അറിയാതെ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നു. പണ്ഡിതന്മാരുടെ മണിക്കൂറുകൾ നീണ്ട പ്രസംഗങ്ങളിൽ നിന്ന് ഏതാനും സെക്കന്റുകൾ മാത്രം ദൈർഘ്യമുള്ള ക്ലിപ്പുണ്ടാക്കി അവരെ തേജോവധം ചെയ്യാൻ ഉപയോഗിക്കുന്നു. നാലാൾ കൂടുന്ന സൗഹൃദ ചർച്ചകൾ മുതൽ വലിയ സമ്മേളനങ്ങൾ വരെ സ്വന്തം ഫോണിൽ റെക്കോർഡ് ചെയ്താലേ ചിലർക്കൊക്കെ സമാധാനമാകൂ. ജുമുഅ ഖുത്വുബ റെക്കോർഡ് ചെയ്യുന്ന തിരക്കിലാണ് ജുമുഅയുടെ നേരത്ത് ചിലർ. എന്തൊരു കഷ്ടം! പ്രാദേശികമായ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഖത്വീബ് പറഞ്ഞ കാര്യങ്ങൾ ആ സാഹചര്യം മനസ്സിലാക്കാത്തവർ കേട്ടാൽ വലിയ പ്രയാസങ്ങൾക്ക് കാരണമാകും എന്ന് ചിന്തിക്കാൻ പോലുമുള്ള സാമാന്യബുദ്ധി ഇക്കൂട്ടർക്ക് ഇല്ലാതെ പോകുന്നു.

സ്വകാര്യ സംഭാഷണങ്ങളും മറ്റും റെക്കോർഡ് ചെയ്ത് മറ്റുള്ളവർക്ക് അയച്ചുകൊടുക്കുന്നത് അത്യന്ത്യം അപകടകരമാണെന്ന് പറയാതെ വയ്യ. പ്രസംഗങ്ങളും ക്ലാസ്സുകളും ഖുത്വുബകളും സംഘാടകർ റെക്കോഡ് ചെയ്യട്ടെ, ഉചിതമെങ്കിൽ അവ പ്രചിപ്പിക്കട്ടെ.

### കുടുംബ ശൈഥില്യം

ഒരു യാത്രയ്ക്കിടെ നടന്ന സംഭാഷണത്തിൽ പ്രമുഖനായ ഒരു കൗൺസിലർ വിവരിച്ച അദ്ദേഹത്തിന്റെ കൗൺസിൽ അനുഭവങ്ങളിൽ 'ഏറെ നീചം' എന്ന് അദ്ദേഹം വിശേഷിപ്പിച്ചത് ഒരു ഭർത്താവ് തന്റെ ഭാര്യയുടെ സ്വകാര്യ സംഭാഷണം റെക്കോഡ് ചെയ്തത് തെളിവായി കൊണ്ടുവന്ന് കേൾപിക്കാൻ ശ്രമിച്ചതിനെയാണ്. അദ്ദേഹം അയാളെ അതിരൂക്ഷമായ ഭാഷയിൽ താക്കീത് ചെയ്തു. ഇത് ഒരു മാന്യന് ചേർന്നതല്ലെന്ന് ഓർമിപ്പിച്ചു. ലോകത്ത് ഏറ്റവും കൂടുതൽ സ്വകാര്യതകൾ നിലനിൽക്കുന്നത് ഭാര്യാഭർത്താക്കന്മാർക്കിടയിൽ ആണെന്നത് പറയേണ്ടതില്ലല്ലോ. അത് രഹസ്യമായി റെക്കോഡ് ചെയ്തും വാട്സാപ്പ് ചാറ്റുകളുടെ സ്ക്രീൻ ഷോട്ട് എടുത്തും മറ്റും ഇണയുടെ അഭിമാനത്തിന് ക്ഷതം ഏൽപിക്കാൻ വേണ്ടി മറ്റുള്ളവരെ കേൾപിക്കുന്നതും വൃത്തിഹീനമായ മനസ്സിന്റെ അടയാളമാണ്.

### ദാമ്പത്യ ജീവിതം ഒരു പരീക്ഷണം തന്നെയാണ്

ദമ്പതികൾക്ക് ഇടയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും അവരെ വേർപിരിക്കുകയും ചെയ്യുക എന്നത് പൈശാചിക പ്രവർത്തനം തന്നെയാണ്. അതുകൊണ്ട് തന്നെ പിശാച് ഒരുക്കിയ വലയിൽ വീഴാതിരിക്കാനുള്ള ജാഗ്രത പുലർത്തണം. ഓരോരുത്തർക്കും അവരുടെ സ്വകാര്യത വകവെച്ച് കൊടുക്കുകയും നമ്മുടെ ജീവിതത്തിൽ സുതാര്യത പുലർത്തേണ്ട കാര്യങ്ങളിൽ ബന്ധങ്ങൾക്കും ഇസ്‌ലാമിക നിയമങ്ങൾക്കും ഉള്ളിൽ നിന്നുകൊണ്ട് സുതാര്യമാകാൻ ശ്രമിക്കുകയും ചെയ്യുക. ആരുടെയും രഹസ്യങ്ങൾ ചൂഴ്ന്ന് അന്വേഷിക്കൽ നമ്മുടെ സംസ്കാരം അല്ല.

ഊഹാപോഹങ്ങൾക്ക് പിന്നാലെ പോകാതെ ഇണയിൽ പൂർണ വിശ്വാസം അർപ്പിച്ച് ജീവിതം നയിക്കുക. വിശ്വാസം നഷ്ടപ്പെട്ടാൽ സമാധാനവും നഷ്ടപ്പെടും.

വാട്സാപ്പിലെ പ്രൊഫൈൽ ഫോട്ടോയും സ്റ്റാറ്റസും നോക്കിയല്ല ഇണയുടെ സ്നേഹവും കരുതലും മനസ്സിലാക്കേണ്ടത്. അത് നമ്മുടെ ഇടപെടലിലൂടെ ആവണം.

പ്രവാസികൾ കുടുംബത്തിൽ നിന്നും അകന്ന് ജീവിക്കുന്നവരാണ്. അവരുടെ സ്വകാര്യതകൾ പലപ്പോഴും പിച്ചിച്ചീന്തപ്പെടുകയും അത് വിവാഹ മോചനത്തിന് വരെ കാരണമായിത്തീരാറും ഉണ്ട്. ദമ്പതികൾ സ്വകാര്യ ഫോട്ടോകൾ പരസ്പരം അയക്കുന്നതും ഓൺലൈൻ സംവിധാനങ്ങൾ വഴി സ്വകാര്യ സംഭാഷണങ്ങൾ നടത്തുന്നതുമൊക്കെ പല അപകടങ്ങൾക്കും കാരണമാകാറുണ്ട്. ഇത്തരം അവിവേകം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുന്നത് നന്ന്. സ്വന്തം ഇണക്ക് നഗ്ന ചിത്രങ്ങൾ ആവശ്യപ്പെട്ടാലും അയച്ചുകൊടുക്കരുത്; അയക്കാൻ ആവശ്യപ്പെടു

കയും ചെയ്യരുത്. അത് മൊബൈൽ ഫോണിൽ നിന്ന് ഏതെങ്കിലും ഒരു സാഹചര്യത്തിൽ പുറത്ത് പോകാനും അതോടെ വലിയ അനർഥം സംഭിക്കാനും സാധ്യതയുണ്ട്. അത് ഡിലീറ്റ് ചെയ്താലും തിരിച്ചെടുക്കാൻ പറ്റുന്ന സാങ്കേതിക സംവിധാനങ്ങൾ ലോകത്തുണ്ട് എന്ന് തിരിച്ചറിയാതെ പോകരുത്.

നമ്മുടെ സ്വകാര്യ സംഭാഷണങ്ങളും മെസ്സേജുകളും സർവീസ് പ്രൊവൈഡർമാരും അന്വേഷണ സൈബർ സെല്ലും ഒക്കെ കേൾക്കുന്നു എന്ന ബോധ്യം നമുക്ക് വേണം. എല്ലാം റെക്കോഡ് ചെയ്യപ്പെടുന്നുണ്ട്. നമ്മുടെ അഭിമാനം ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലേക്ക് നയിക്കുന്ന സംസാരങ്ങളും ഇടപെടലുകളും പരമാവധി ഒഴിവാക്കുക. നാം ഉപയോഗിച്ച മൊബൈൽ ഫോണുകൾ അന്യർക്ക് കൈമാറാതിരിക്കാൻ ശ്രദ്ധിക്കുക, അത് നശിപ്പിച്ചു കളയുന്നതാവും നന്നാവുക.

**ഗ്രൂപ്പുകൾ**

വാട്സാപ്പിലും ഫേസ്ബുക്കിലും ഉള്ള പല ഗ്രൂപ്പുകളും ചതിക്കുഴികളാണ്. അനിവാര്യമല്ലാത്ത ഗ്രൂപ്പുകളിൽ നിന്ന് അകന്ന് നിൽക്കുക. സ്ത്രീകൾ ഈ രംഗത്ത് നല്ല ജാഗ്രത പുലർത്തണം. ജീവിതം തന്നെ അവസാനിപ്പിക്കാൻ തോന്നും വിധം സാമൂഹ്യ മാധ്യമങ്ങളുടെ ചതിക്കുഴികളിൽ അകപ്പെട്ടവർ നമുക്ക് ചുറ്റുമുണ്ട്. യാഥാർഥ്യങ്ങളോട് മുഖം തിരിക്കുന്നവർക്ക് പലപ്പോഴും ജീവിതം തന്നെ നഷ്ടമാകും. പഴയകാല സഹപാഠികൾ ചേർന്ന് ഉണ്ടാക്കിയ വാട്സാപ്പ് ഗ്രൂപ്പുകൾ സജീവമാണിന്ന്. ആൺ, പെൺ വ്യത്യാസമില്ലാതെ അവയിൽ സജീവമായി ഇടപെടുന്നുമുണ്ട്. മിക്കവാറും എല്ലാ അംഗങ്ങളും കുടുംബജീവിതം നയിക്കുന്നവരും മക്കളും പേരക്കുട്ടികളുമൊക്കെ ഉള്ളവരുമായിരിക്കും. ചാറ്റിംഗ് എന്ന കെണിയിൽ വീണ് പലതും പറഞ്ഞു പോകും. തമാശയായി പറഞ്ഞതാണെങ്കിൽ പോലും ചില പരാമർശങ്ങൾ ഇണയുടെ ശ്രദ്ധയിൽ പെട്ടാൽ സംശയം ഉടലെടുക്കും. സംശയത്തിന്റെ ഒരു പൊരിവീണാൽ ദാമ്പത്യം തകരും. അതിനാൽ വളരെ സൂക്ഷിച്ച് ഇടപെടുക.

സാമൂഹ്യ മാധ്യമങ്ങൾ ഒളിച്ചോട്ടങ്ങൾക്കുള്ള പാലമായി മാറുന്നു എന്നതാണ് പല വർത്തമാനകാല വാർത്തകളും നമ്മോട് വിളിച്ചു പറയുന്നത്. മുലകുടി മാറാത്ത കുഞ്ഞിനെ പോലും ഒഴിവാക്കി ഓൺലൈൻ കാമുകന്റെ കൂടെ ഒളിച്ചോടുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കുകയാണ്. നൈമിഷിക സുഖങ്ങൾ തേടി സ്വന്തം കുടുംബത്തിൽ നിന്നും പുറത്ത് ചാടുന്നവർ ചെന്ന് വീഴുന്നത് വിനാശത്തിന്റെ പടുകുഴികളിലേക്കാണ് എന്നതാണ് വാസ്തവം. അങ്ങനെ വഞ്ചിക്കപ്പെട്ടവരും വഞ്ചനയിൽ ചെന്ന് ചാടിയവരുമായ ധാരാളം സഹോദരിമാർ ഇന്ന് ആർക്കും വേണ്ടാത്തവരായി അവഗണിക്കപ്പെട്ട് തെരുവിലും അഭയകേന്ദ്രങ്ങളിലും ജീവിതം തള്ളിനീക്കുന്നുണ്ട്. വികാരം വിവേകത്തെ മറികടക്കുന്നതിനെ സൂക്ഷിക്കുക.

**ഓൺലൈൻ തട്ടിപ്പുകൾ**

മോഹന വാഗ്ദാനങ്ങൾ നൽകി തട്ടിപ്പ് നടത്താൻ ഇന്ന് ഏറ്റവും നല്ല സാഹചര്യം സാമൂഹ്യ മാധ്യമങ്ങൾ നൽകുന്നുണ്ട്. അതിന് ദിനേന നിരവധി ആളുകൾ വിധേയരവുകയും ചെയ്യുന്നു. പെട്ടെന്നുള്ള ധനസമ്പാദനത്തിന് കുറുക്കുവഴികൾ തേടുന്നവരാണ് ഇത്തരം ചതിയന്മാരുടെ ഇരകൾ. സമ്പന്നനാകാൻ കുറുക്കുവഴികൾ ഇല്ലെന്നതാണ് സത്യം. അത്യധ്വാനം മാത്രമാണ് സമ്പാദിക്കാനുള്ള വഴി. മോഹനവാഗ്ദാനങ്ങളിൽ ആഭ്യസ്തവിദ്യർവരെ വീണുപോകുന്നു. വിവേകമില്ലായ്മ, അത്യാർത്തി എന്നല്ലേ ഇതിനെ വിശേഷിപ്പിക്കാൻ പറ്റൂ. മറ്റുള്ളവരെ പറ്റിച്ച് നേടിയതൊന്നും ജീവിതത്തിൽ ഉപകരപ്പെടുകയുമില്ല. പലനാൾ കള്ളൻ ഒരുനാൾ പിടിയിൽ എന്ന ആപ്തവാക്യം നേരാണ് എന്ന് തട്ടിപ്പ് നടത്തുന്നവർ മനസ്സിലാക്കിയാൽ അവർക്ക് ഗുണം.

**പരസ്യമാകുന്ന രഹസ്യം**

സാമൂഹ്യ മാധ്യമങ്ങളിലെ രഹസ്യ ഗ്രൂപ്പുകൾ എല്ലാം പരസ്യ ഗ്രൂപ്പുകളാണ്. നമ്മൾ അറിഞ്ഞോ അറിയാതെയോ അത് അങ്ങനെയായിത്തീരുന്നു. അത്കൊണ്ട് രഹസ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പറയുകയോ ചർച്ച ചെയ്യുകയോ ചെയ്യരുത്. അത് ഭാവിയിൽ നമുക്കു തന്നെ ദുരന്തങ്ങൾ സമ്മാനിക്കും. ജീവിതത്തിൽ പരമാവധി സുതാര്യത പുലർത്തുക. പരസ്പരം തെറ്റിയാൽ മുമ്പ് നടത്തിയ സ്വകാര്യ സംഭാഷണങ്ങളും ചാറ്റുകളും സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന വൃത്തികെട്ട സ്വഭാവം പലരിലും കണ്ടുവരുന്നു. ഇതൊന്നും സത്യവിശ്വാസിക്ക് യോജിച്ചതല്ല.

മൊബൈൽ ഫോണുകളും സാമൂഹ്യമാധ്യമങ്ങളും നന്മക്ക് വേണ്ടി ഉപയോഗിക്കുക. ഇഹപര ലോകങ്ങൾ നഷ്ടപ്പെടും വിധം ഉപയോഗിക്കാതിരിക്കാൻ ജാഗ്രത പുലർത്തുകയും ചെയ്യുക. ●

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 2



# ഖുതുബിയ്യത്തും റാതീബും

മതവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളെ മതത്തിലെ ഏറ്റവും പോരിശയുള്ളവയായി അവതരിപ്പിച്ച് സമുദായത്തെ നേർമാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കലും അതുവഴി ചൂഷണം ചെയ്യലും പൗരോഹിത്യം തുടർന്നുവരുന്ന പണിയാണ്. വിവരവും വിവേകവുമുള്ള പണ്ഡിതന്മാർ ഇതിനെ എതിർക്കുമ്പോൾ അവരെ ഇക്കൂട്ടർ വഴിപിഴച്ചവരായി ചിത്രീകരിക്കുകയും ചെയ്യും.

2019 ആഗസ്റ്റ് ആദ്യലക്കം 'സുന്നിവോയ്സി'ൽ സമസ്തയുടെ ഒരു 'വലിയ നേതാവ്' എഴുതിയ ലേഖനം ഇസ്‌ലാം പഠിപ്പിക്കാത്ത കർമങ്ങളുടെ മഹത്ത്വം വായനക്കാരെ ബോധ്യപ്പെടുത്തുകയാണ്!

അദ്ദേഹം എഴുതുന്നു: "ചെറുപ്പം മുതലേ സ്ഥിരമായി വീട്ടിൽ നടന്നുവരാറുള്ള റാത്തീബുകളിലും ഖുത്ബിയ്യത്ത് സദസ്സുകളിലുമെല്ലാം മഹാന്മാരുടെ ചരിത്രങ്ങൾ കഥപോലെ അവതരിപ്പിക്കുമ്പോൾ അത് മനസ്സിൽ വല്ലാത്ത സ്വാധീനം ചെലുത്തും"(പേജ് 12).

മഹാന്മാരുടെ ചരിത്രങ്ങൾ കഥപോലെ അവതരിപ്പിക്കുവാൻ ബിദ്അത്തുകളെ കൂട്ടുപിടിക്കേണ്ടതുണ്ടോ എന്ന് ചോദിക്കരുത്! ദീപസ്തംഭം മഹാശ്ചര്യം...

ഖുതുബിയ്യത്തും റാതീബുമൊക്കെ എറെ പുണ്യമുള്ള മതാചാരമാണെന്ന് വരുത്തിത്തീർക്കാനും ജനങ്ങളെ അതിലേക്ക് ക്ഷണിക്കാനും അതിൽ ഉറപ്പിച്ചു നിർത്താനുമുള്ള കളിയാണിത്. ക്വാദി, ഇമാം, ഖത്വീബ് എന്നീ സ്ഥാനങ്ങൾക്ക് ഒരു മുസ്‌ലിയാർ അർഹനാകണമെങ്കിൽ ഹദ്ദാദ്, റാതീബിൽ വിശ്വാസമുണ്ടാകണമെന്ന് എട്ടാം പ്രമേയത്തിലൂടെ സമസ്ത പ്രഖ്യാപിച്ചിട്ടുമുണ്ട്.

എന്താണ് ഹദ്ദാദ്? അവർ തന്നെ എഴുതുന്നു: "ഭാഷാർത്ഥ പ്രകാരം റാത്തീബ് എന്നാൽ അല്ലാഹുവിന്റെ സംതൃപ്തി നേടിയെടുക്കാൻ വേണ്ടി ലക്ഷ്യസമേതം നിർവഹിക്കപ്പെടുന്ന കർമ്മമെന്നും സാങ്കേതികാർത്ഥത്തിൽ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയുണ്ടായിത്തീരാനും അറിവും മഅ്രിഫത്തും ലഭ്യമാകാനും പാരത്രിക വിജയം വർദ്ധിപ്പിക്കുവാനും പാപങ്ങളിൽ നിന്നും നാശങ്ങളിൽ നിന്നുമൊക്കെ അഭയം തേടുവാനും നന്മകൾ ചോദിക്കുവാ

നുമൊക്കെയായി ക്രോഡീകരിക്കപ്പെട്ട ദിക്റ് ദുആകളുടെ സമാഹരണത്തിനാണ് റാത്തീബ് എന്ന് പറയുന്നത്" (ഹദ്ദാദ് റാത്തീബ് പരിഭാഷയും വ്യാഖ്യാനവും, അബ്ദുസ്സമദ് ഫൈസി, പേജ്31).

ഹദ്ദാദ് ചൊല്ലേണ്ട വിധം, സമയം, ചൊല്ലിയാൽ ലഭിക്കുന്ന നേട്ടങ്ങൾ; ഇതും സമസ്ത തന്നെ തീരുമാനിച്ചിട്ടുണ്ട്.

"സൂറത്തുൽ ഫാത്തിഹ, സൂറത്തുൽ ബഖറയുടെ തുടക്കത്തിലെ അഞ്ച് ആയത്തുകൾ, ശേഷം വ ഇലാഹുകും ഇലാഹും വാഹിദ് എന്ന ആയത്ത്, ആയത്തുൽ കുർസിയ്യ്, ലില്ലാഹി മാഫിസ്സമാവാത്തി എന്നു തുടങ്ങുന്ന ആയത്ത്, ആമനർറസൂലു എന്നിവ ചൊല്ലിക്കൊടുക്കുന്ന ആൾ ഉച്ചത്തിലും മറ്റുള്ളവർ ശബ്ദം താഴ്ത്തിയും ചൊല്ലുക. പിന്നീട് എല്ലാവരും ഒരുമിച്ചോ അല്ലെങ്കിൽ ചൊല്ലിക്കൊടുക്കുന്ന ആൾക്ക് പുറകെയോ ഖുർആൻ സൂക്തങ്ങൾ ഓരോ പ്രാവശ്യവും പതിനഞ്ചാമത്തെ ദിക്റ് എഴു പ്രാവശ്യവും ഇരുപതാം ദിക്റ് നാലു തവണയും ഇരുപത്തിയൊന്നാമത്തെ തഹ്‌ലീൽ ബാക്കിയുള്ളവ മൂന്ന് തവണയും എന്നിങ്ങനെയാണ് ഹദ്ദാദിന്റെ നിശ്ചിത കണക്ക്. ഇരുപത്തിയൊന്നാമത്തെ ദിക്റ് അമ്പതോ, നൂറോ, ആയിരമോ തവണ ചൊല്ലാമെന്ന് മഹാനായ സയ്യിദ് അൽഹബീബ് അബ്ദുല്ലാഹിൽ ഹദ്ദാദ് പറഞ്ഞിട്ടുണ്ട്" (അതേ പുസ്തകം, പേജ് 37).

"റമദാൻ അല്ലാത്ത കാലങ്ങളിൽ ഇശാഅ് നമസ്കാരം നിർവ്വഹിച്ച ശേഷവും റമദാൻ മാസത്തിൽ ഇശാഅ് നമസ്കാരത്തിനു മുമ്പുമാണ് ഹദ്ദാദ് റാത്തീബ് ചൊല്ലേണ്ടത്. എല്ലാവരും കൂട്ടമായിരുന്ന് അൽപം ഉച്ചത്തിൽ തന്നെയാണ് ഇത് ഉരുവിടേണ്ടത്" (അതേ പുസ്തകം, പേജ് 36).

റാതീബ് തന്നെ മതത്തിൽ കടത്തിക്കൂട്ടിയ പുത്തനാചാരമാണെന്നിരിക്കെ ഈ 'മര്യാദകൾ' എവിടെനിന്നു കിട്ടി എന്ന് ചോദിക്കുന്നതിൽ അർഥമില്ലാത്തതിനാൽ ചോദിക്കുന്നില്ല.

"മുസ്‌ലിം ലോകത്തിനും വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹത്തിനും വളരെയധികം ആവശ്യമായി വരുന്ന ഒരു പ്രാർഥനാ സമാഹാരം കൂടിയാണ് റാത്തീബ്. ജീവിച്ചിരിക്കുന്നവരും അല്ലാത്തവരുമായ എല്ലാ മുസ്‌ലികൾക്കും അതിന്റെ ഗുണഫലമെത്തുന്നു. ഇത് ചൊല്ലിപ്പോരുന്ന സ്ഥലങ്ങളിൽ അതിയായ ഫലം കാണാൻ സാധിക്കും. ഇത് പതിവാക്കുന്നവന്റെ ഹൃദയത്തിൽ പുത്തനാശയക്കാരുടെ ആശയം പ്രവേശിക്കുകയില്ല" (അതേ പുസ്തകം, പേജ് 34).

ഒരു ബിദ്അത്തിന്റെ നേട്ടങ്ങളാണ് ഈ വാചകങ്ങളിലുള്ളത്. ഇത് ആര് പഠിപ്പിച്ചതാണ്? ഇങ്ങനെയൊക്കെയുള്ള നേട്ടങ്ങൾ റാത്തീബ് കൊണ്ട് ലഭിക്കുമെന്ന് ജനങ്ങളെ വിശ്വസിപ്പിച്ചാൽ സാമ്പത്തികമായ നേട്ടം ഇതിന് കാർമികത്വം വഹിക്കുന്നവർക്ക് ലഭിക്കും എന്നല്ലാതെ ജനങ്ങൾക്ക് എന്ത് കിട്ടാൻ!

മുഹ്‌യിദ്ദീൻ ശൈഖിന്റെ പേരിൽ കായൽ പട്ടണത്തുകാരനായ സ്വദഖതുല്ലാഹിൽ ഖാഹിരി എഴുതിയ ഖുതുബിയ്യത്തിലെ അത്യന്തം അപകടം നിറഞ്ഞ വരികൾ കൂടി വായിക്കാം: "ഉദ്ദേശ്യപൂർത്തീകരണത്തിനു നമ്മുടെ നാടുകളിൽ അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് നടത്തുന്ന കാര്യമാണ് ഖുതുബിയ്യത്ത് ചൊല്ലൽ. മര്യാദകൾ പാലിച്ചുകൊണ്ട് ബഹുമതിയോടെ ഇതു ചൊല്ലുന്നവർക്ക് ഉദ്ദേശ്യം എളുപ്പത്തിൽ പൂർത്തിയായി കിട്ടാറുണ്ട്. അത്തരം അനുഭവങ്ങൾ ധാരാളമത്രെ" (ഖുതുബിയ്യത്ത് പരിഭാഷയും വിശദീകരണവും, പാറന്നൂർ പി.പി മൊയ്തീൻകുട്ടി മുസ്‌ലിയാർ, പേജ് 28).

"നമ്മുടെ പള്ളികളിലും വീടുകളിലുമൊക്കെ സർവ്വവ്യാപകമായി ചൊല്ലിവരാറുള്ള ഒന്നാണല്ലോ ഖുത്ബിയ്യത്ത് ബൈത്ത്. ശ്രേഷ്ഠവും മഹത്വവും നിറഞ്ഞ പ്രസ്തുത കാവ്യം ഉദ്ദേശ്യ സഫലീകരണം, രോഗശമനം മുതലായ ആവശ്യങ്ങൾക്കായി ചൊല്ലിവരുന്നു" (ഖുതുബിയ്യത്ത് ബൈത്ത് പരിഭാഷയും വിശദീകരണവും, ബശീറുദ്ദീൻ ഫൈസി, പേജ് 8).

ഏത് വകുപ്പനുസരിച്ചാണ് ഇതെല്ലാം ഇസ്‌ലാമിലെ ആരാധനകളുടെ ഗണത്തിൽ വരിക എന്നത് ഇന്നുവരെയും തെളിയിക്കാൻ മുസ്‌ലിയാക്കന്മാർക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് ഇനിയും തെളിവ് ചോദിച്ചിട്ട് കാര്യവുമില്ല. നിർഭയത്വവും സമാധാനവും പ്രതിഫലവും കിട്ടാൻ ഇസ്‌ലാം പഠിപ്പിച്ച വഴികളെ തഴഞ്ഞ് ഇത്തരം പിഴച്ച വഴികൾക്ക് കൊഴുപ്പ് കൂട്ടാൻ ശ്രമിക്കുന്നവർ പരലോകം വരാനിരിക്കുന്നു എന്ന് ഓർത്താൽ നന്ന്.

അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:82).

അല്ലാഹു പറയുന്നു: "അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം. അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. വല്ലവനെയും അവൻ പിഴവിലാക്കുന്ന പക്ഷം അവന് വഴികാട്ടാൻ ആരും തന്നെയില്ല" (ക്വുർആൻ 39:23).

ഖുതുബിയ്യത്ത് ചൊല്ലുമ്പോൾ പാലിക്കേണ്ട മര്യാദകൾ ഇവർ വിവരിക്കുന്നത് കാണുക: "വൃത്തിയുള്ള ഒഴിഞ്ഞ സ്ഥലത്ത് എല്ലാവരും ഒരുമിച്ചുകൂടി സുഗന്ധമുപയോഗിക്കുകയും ഹാജത്തിന്റെ നിസ്കാരം നിസ്ക്കരിക്കുക. (വാചക ഘടനയിലെ ചേർച്ചയില്ലായ്മ ഈ പുസ്തകത്തിലുള്ളതാണ്-ലേഖകൻ). പിന്നീട് ആദ്യമായി നബിﷺയുടെ സന്നിധിയിലേക്കും പിന്നീട് മറ്റു അമ്പിയാക്കൾ, മുർസലീങ്ങൾ, സ്വഹാബിമാർ, അന്ത്യനാൾ വരെ അവരോട് തുടർന്നവർ, മുഖർറബീങ്ങളായ മലക്കുകൾ, ജിന്നുകൾ, ഗൗസുൽ അഅ്ളം, മറ്റു മശാഇഖന്മാർ മുതലായവരുടെ മേലിൽ ഓരോ ഫാത്തിഹ ഓതുക. ശേഷം ഇഖ്ലാസും മുഅവ്വിദതൈനിയും ഓതി ദുആ നിർവഹിക്കുക. ശേഷം ബിസിറി സലാമു ഖൗലൻ മിൻ റബ്ബിറഹീം എന്ന് 28 തവണ ചൊല്ലുക. ശേഷം 4 ആളുകളിൽ രണ്ടുപേർ ചേർന്ന് രണ്ട് ബൈത്തുകൾ വീതം ചൊല്ലുക. മുഹിയിദ്ദീനി എന്ന് എത്തിയാൽ എല്ലാവരും യാ മുഹിയിദ്ദീനി എന്ന് മൂന്ന് തവണ ചൊല്ലുക. തുടർന്ന് മറ്റേ രണ്ട് പേർ ശേഷമുള്ള രണ്ട് ബൈത്ത് ചൊല്ലുക. മുഹ്യിദ്ദീനി എന്ന് എത്തിയാൽ എല്ലാവരും മേൽ പറഞ്ഞ പ്രകാരം ഗൗസുൽ അഅ്ളമിനെ മൂന്ന് തവണ വിളിക്കുക. വമൻ യുനാദിസ്മീ എന്ന് തുടങ്ങുന്ന ബൈത്ത് മുഹ്യിദ്ദീനിവരെ എല്ലാവരും ഒന്നിച്ച് മൂന്ന് തവണ ചൊല്ലുക. ശേഷമുള്ള ബൈത്തും കഴിഞ്ഞ് വിളക്ക് കെടുത്തി എല്ലാവരും ഒന്നിച്ച് ആയിരം തവണ ഗൗസുൽ അഅ്ളമിന്റെ നാമം ഉച്ചത്തിൽ വിളിക്കുക. നല്ല നിയ്യത്തോടുകൂടി ഉറക്കം തൂങ്ങൽ, കളിതമാശകൾ മുതലായവ ഉപേക്ഷിച്ച് ദേഹവും വസ്ത്രംവും ശുദ്ധിയുള്ളതായിരിക്കെ വുളൂവോടു കൂടി ഖിബ്ലക്ക് മുന്നിട്ട് മനസ്സാന്നിധ്യത്തോടെയും താഴ്മയോടുകൂടിയും വിളിക്കുക. യാ ഗൗസ് യാ മുഹിയിദ്ദീൻ അബ്ദിൽ ഖാദിർ എന്നാണ് വിളിക്കേണ്ടത്. എന്നാൽ ചില സ്ഥലങ്ങളിൽ ബഅ്ദ സ്വലാത്തി സനതൈ എന്ന് തുടങ്ങുന്ന ബൈത്ത് മുഹ്യിദ്ദീനിവരെ എത്തിയ ശേഷം ഹാജത്തിന്റെ നിസ്ക്കാരം നിർവഹിക്കുകയും ശേഷം ആയിരം തവണ ഗൗസുൽ അഅ്ളമിനെ വിളിക്കുകയും ചെയ്യുന്നത് കണ്ടു വരുന്നു" (അതേ പുസ്തകം, പേജ് 19,20).

നോക്കൂ! എന്തുമാത്രം ആദരവും ബഹുമാനവുമാണ് ഇവർ ഈ ബിദ്അത്തിന് നൽകുന്നത്! താഴ്മയോടെ വിളിക്കുന്നത് ആരെയാണ്? നൂറ്റാണ്ടുകൾക്കു മുമ്പ് ഇഹലോകവാസം വെടിഞ്ഞ ഒരു സൃഷ്ടിയെ!

പച്ചയായ ശിർക്കല്ലേ ഇത്?! മതത്തിന്റെ വിശ്വാസ, അനുഷ്ഠാന കാര്യങ്ങളെ പ്രമാണങ്ങളിൽ നിന്ന് അറിയാതിരുന്നാൽ ഇത്തരം കെണികളിൽ കുടുങ്ങുമെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

"വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്ന പക്ഷം അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ. അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച" (ക്വുർആൻ 23:117).

നബിﷺയുടെ പ്രഖ്യാപനമായി ക്വുർആൻ പറയുന്നു: "(നബിയേ) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല" (ക്വുർആൻ 72:20).

ലേഖകൻ തുടരുന്നു: "മക്കൾക്ക് സ്കൂളുകളും മദ്റസയും തുറക്കുമ്പോൾ അവർക്ക് മധുരം നൽകാനും ആദ്യാക്ഷരം കുറിക്കാനുമെല്ലാം മഹാന്മാരെയും സയ്യിദന്മാരെയും തേടി ആളുകൾ തിക്കും തിരക്കും കൂട്ടുന്നത് ശ്രദ്ധിച്ചിട്ടില്ലേ? ഇതിനു മാത്രം വലിയ സംഗതിയാണോ ഇതെന്ന് ചിന്തിക്കുന്നവരുണ്ടെങ്കിൽ വിശ്വാസികൾ തബർറുകെടുക്കുന്നത് ചരിത്രത്തിൽ നിന്ന് കടംകൊണ്ട പാരമ്പര്യമാണെന്നു മനസ്സിലാക്കണം" (പേജ് 12).

എഴുത്തിനിരുത്തുക എന്ന പ്രത്യേക ചടങ്ങ് ഒരു മതവിഭാഗത്തിന്റെ വിശ്വാസമാണ്. അത് അവർ പണ്ടുമുതലേ ചെയ്തുവരുന്നതാണ്. അതിനുള്ള സ്വാതന്ത്ര്യവും അവകാശവും അവർക്കുണ്ട്. എന്നാൽ ഈ ഏർപ്പാട് ഈ മുസ്ലിയാരുടെ സ്ഥാപനം കേന്ദ്രീകരിച്ചും ഈയിടെയായി നടന്നുവരുന്നു. ഈ പുത്തനാചാരത്തിനും ഇദ്ദേഹം ഇസ്ലാമിൽ തെളിവുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്.

ഇബ്നു ഉമർ‌رضي الله عنه നിവേദനം; നബിﷺ പറഞ്ഞു: "എന്റെ കൽപനക്ക് എതിരായവന്റെ മേൽ നിന്ദ്യതയും അധമത്തവുമുണ്ടാകും. ആർ ഒരു വിഭാഗത്തോട് സാദൃശ്യപ്പെട്ടുവോ അവൻ അവരിൽ പെട്ടു" (അഹ്മദ്).

ഒരു പ്രത്യേക വ്യക്തി അക്ഷരം നാവിലെഴുതിക്കൊടുത്താൽ കുട്ടിക്ക് എന്തു നേട്ടമാണ് പഠനരംഗത്ത് ലഭിക്കുക? എന്ത് നേട്ടത്തിനും അല്ലാഹുവോട് തേടുകയല്ലേ വേണ്ടത്? അല്ലാഹുവിൽ ഭരമേൽപിക്കുന്ന ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒന്നിലും ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല.

അല്ലാഹു പറയുന്നു: "...വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്" (ക്വുർആൻ 65:3).

ചിന്തിക്കുക! പ്രമാണങ്ങളോട് കൂറ് കാണിക്കാത്ത; ഇസ്ലാമിനെ വികൃതമാക്കി അവതരിപ്പിക്കുന്ന ഇവർ അഹ്ലുസ്സുന്നയാകുന്നതെങ്ങനെ? **(തുടരും)** ●

ലേഖനം

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com



# ജ്ഞാനമാർഗം ശാസ്ത്രം മാത്രമോ?

'നിങ്ങളെന്തുതന്നെ യുക്തിയും ന്യായങ്ങളും തത്ത്വങ്ങളും കൊണ്ടുവന്നു തെളിയിച്ചാലും ശാസ്ത്രം തെളിയിക്കാത്തിടത്തോളം കാലം ദൈവത്തിലോ മതത്തിലോ ഞങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല!'

ബഹുഭൂരിപക്ഷം നിരീശ്വരവാദികളെയും തങ്ങളുടെ ദൈവമില്ലാ വാദത്തിൽ ഉറപ്പിച്ചു നിർത്തുന്ന ഒന്നാണ് സയന്റിസം (Scientism) അഥവാ ശാസ്ത്രമാത്രവാദം. വേറെന്ത് മാർഗത്തിലൂടെയുള്ള തെളിവുകളും എനിക്കാവശ്യമില്ല, ശാസ്ത്രം മാത്രമാണ് ഞാൻ സ്വീകരിക്കുന്ന ഒരേയൊരു ജ്ഞാനമാർഗം എന്ന ഒരുതരം വാശിയുടെ പേരാണ് സയന്റിസം. ശാസ്ത്രം മാത്രമാണ് അറിവ് നേടാനുള്ള വഴിയെന്നും ആ മാർഗത്തിലൂടെയല്ലാതെ ഒരു വിജ്ഞാനവും നമുക്ക് നേടാനാവില്ലെന്നും ശാസ്ത്രമാണ് എല്ലാറ്റിന്റെയും അന്തിമവാക്കെന്നുമുള്ള വിശ്വാസങ്ങളാണ് യഥാർഥത്തിൽ ഇതിന്റെ അടിത്തറ. അറിവ് നേടാനുള്ള ഒരേയൊരു മാർഗം ശാസ്ത്രമായത് കൊണ്ടുതന്നെ ശാസ്ത്രം തെളിയിക്കാത്തതൊന്നും അംഗീകരിക്കുകയില്ലെന്നും ഇവർ വാദിക്കും.

യഥാർഥത്തിൽ ശാസ്ത്രത്തെ പറ്റിയുള്ള അജ്ഞതയിൽ നിന്നാണ് ഈ വാദം ഉടലെടുക്കുന്നത്. ശാസ്ത്രത്തെ വിശദീകരിക്കുന്ന ഏത് നിർവചനവും പറയുന്നത് ഗവേഷണ നിരീക്ഷണങ്ങളിലൂടെ സ്വതന്ത്രമായി പ്രപഞ്ചത്തെയും പ്രകൃതിയെയും പഠിക്കാനുള്ള ഒരു മാർഗമാണ് ശാസ്ത്രം എന്നാണ്. ശാസ്ത്രം എന്താണെന്നും എന്തല്ലെന്നും കൃത്യമായി ഈ ലളിതമായ നിർവചനങ്ങളിൽ തന്നെയുണ്ട്. പ്രപഞ്ചത്തിനുള്ളിലുള്ളതിനെ -നമുക്ക് നിരീക്ഷണ വിധേയമായതിനെ- പഠിക്കാൻ മാത്രം പ്രാപ്തമാണ് ശാസ്ത്രം എന്ന കാര്യത്തിൽ ആർക്കാണ് തർക്കമുള്ളത്? നമ്മുടെ നിരീക്ഷണ പരിധിയിൽ വരാത്തതോ ഗവേഷണ യോഗ്യമല്ലാത്തതോ പദാർഥപ്രപഞ്ചത്തിന് പുറത്തുള്ളതോ ആയ കാര്യത്തെ പറ്റി എന്തെങ്കിലും പറയാൻ ശാസ്ത്രത്തിന് സാധിക്കുകയില്ല എന്നർഥം. അത്തരത്തിലുള്ള അറിവിനും വിജ്ഞാനത്തിനും നാം മറ്റു ജ്ഞാനമാർഗങ്ങൾ തേടണമെന്ന് ചുരുക്കം.

ഏറെ രസകരമായ വസ്തുതയെന്തെന്നു വെച്ചാൽ, 'ശാസ്ത്രീയമായി തെളിയിക്കാത്തതൊന്നും സ്വീകരിക്കരുത്' എന്ന ഈ പ്രസ്താവന സ്വയം തന്നെ ഖണ്ഡിക്കുന്നതാണ് എന്നതാണ്. അഥവാ ശാസ്ത്രീയമായി തെളിയിക്കപ്പെടാത്തത് ഒന്നും സ്വീകരിക്കരുത്' എന്ന പ്രസ്താവന തന്നെ ശാസ്ത്രീയമായി തെളിയിക്കാൻ സാധിക്കില്ല! ശാസ്ത്രീയമായി തെളിയിക്കണമെങ്കിൽ അത് ശാസ്ത്രത്തിന്റെ ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷണ നിരീക്ഷണങ്ങൾ നടത്താൻ യോഗ്യമായിരിക്കണം. ഈയൊരു വാചകമോ അല്ലെങ്കിൽ ഏതെങ്കിലുമൊരു വാചകമോ തെറ്റോ ശരിയോ എന്ന് തെളിയിക്കാൻ പോലും ശാസ്ത്രം കൊണ്ട് സാധിക്കുകയില്ല.

### ശാസ്ത്രത്തിന്റെ അടിസ്ഥാനം ശാസ്ത്രമല്ല!

ശാസ്ത്രമല്ലാത്ത ഒരു ജ്ഞാനമാർഗവും സ്വീകരിക്കില്ലെന്ന് വാശിപിടിക്കുന്നവർക്ക് ശാസ്ത്രത്തെ തന്നെ തള്ളേണ്ടി വരും എന്നതാണ് മറ്റൊരു രസകരമായ വസ്തുത. കാരണം ശാസ്ത്രത്തിന്റെ അടിസ്ഥാനം തന്നെ ഏതാനും തത്ത്വശാസ്ത്രപരമായ അനുമാനങ്ങൾ (Phylosophical Asumptions) ആണ്! അതിൽ ചിലത് നമുക്ക് പരിശോധിക്കാം:

#### 1. കാര്യകാരണബന്ധം

പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളും കാര്യകാരണ ബന്ധിതമാണ് (Causeeffect relation) എന്ന അനുമാനത്തിലാണ് ശാസ്ത്രം മുന്നോട്ട് പോകുന്നത്. ഈയൊരുകാര്യം നിരീക്ഷണങ്ങളിലൂടെ യുക്തിപരമായി നാം അനുമാനിച്ച ഒരു കാര്യമാണ്. ഏതെങ്കിലും ഒരു ലബോറട്ടറിയിൽ അല്ലെങ്കിൽ ഒരു ശാസ്ത്രീയമായ പരീക്ഷണത്തിലൂടെ കണ്ടെത്തിയതോ കണ്ടെത്താനാകുന്നതോ അല്ല ഇത്.

#### 2. ഗണിതശാസ്ത്രം

ഗണിതത്തെ ഒരു സാർവലൗകിക ഭാഷയായി അംഗീകരിച്ചുകൊണ്ടാണ് ശാസ്ത്രം മുന്നോട്ട് പോകുന്നത്. 1+1=2 എന്നത് ഒരു ഗവേഷണ ശാലയിലും പരീക്ഷിച്ചു തെളിയിക്കപ്പെട്ടതല്ല.

#### 3. Spacial Regulartiy

ശാസ്ത്രീയമായി ഒരു വിഷയത്തിൽ നാമെത്തുന്ന conclusion മറ്റൊരിടത്തും അതേപോലെ ബാധകമാണ് എന്ന അനുമാനത്തിലാണ് ശാസ്ത്രം മുന്നോട്ട് പോകുന്നത്. അഥവാ ഇന്ത്യയിൽ ഒരു പരീക്ഷണം നടത്തിയാൽ നമുക്ക് കിട്ടുന്ന ഫലം തന്നെയായിരിക്കും അമേരിക്കയിൽ അതേ പരീക്ഷണം നടത്തിയാലും ലഭിക്കുക. ഈയൊരു അനുമാനം സ്വീകരിച്ചില്ലെങ്കിൽ എല്ലാ പരീക്ഷണവും ലോകത്തിന്റെയ ഓരോ മുക്കിലും മൂലയിലും പോയി പരീക്ഷിച്ച് തെളിയിച്ചാലേ സ്വീകരിക്കൂ എന്ന് പറയേണ്ടി വരും.

#### 4. Temporal Regulartiy

നിരീക്ഷിക്കുന്ന ഏതൊരു ശാസ്ത്രീയ പ്രതിഭാസത്തിനും നിത്യമായ നിലനിൽപ് ഉണ്ട് എന്ന അനുമാനമാണിത്. കാലാന്തരത്തിൽ പ്രകൃതിനിയമങ്ങൾ നിത്യമാണ് അഥവാ ഇന്ന് നാം പരീക്ഷണം നടത്തി തെളിയിച്ചത് ഇന്നലെയും നാളെയും ആയിരം കൊല്ലം കഴിഞ്ഞും അങ്ങനെ തന്നെയായിരി

**ബഹുഭൂരിപക്ഷം നിരീശ്വരവാദികളെയും തങ്ങളുടെ ദൈവമില്ലാ വാദത്തിൽ ഉറപ്പിച്ചു നിർത്തുന്ന ഒന്നാണ് സയന്റിസം അഥവാ ശാസ്ത്രമാത്രവാദം. വേറെന്ത് മാർഗത്തിലൂടെയുള്ള തെളിവുകളും എനിക്കാവശ്യമില്ല, ശാസ്ത്രം മാത്രമാണ് ഞാൻ സ്വീകരിക്കുന്ന ഒരേയൊരു ജ്ഞാനമാർഗം എന്ന ഒരുതരം വാശിയുടെ പേരാണ് സയന്റിസം. യഥാർഥത്തിൽ ശാസ്ത്രത്തെ പറ്റിയുള്ള അജ്ഞതയിൽ നിന്നാണ് ഈ വാദം ഉടലെടുക്കുന്നത്. ശാസ്ത്രത്തെ വിശദീകരിക്കുന്ന ഏത് നിർവചനവും പറയുന്നത് ഗവേഷണ നിരീക്ഷണങ്ങളിലൂടെ സ്വതന്ത്രമായി പ്രപഞ്ചത്തെയും പ്രകൃതിയെയും പഠിക്കാനുള്ള ഒരു മാർഗമാണ് ശാസ്ത്രം എന്നാണ്. ശാസ്ത്രം എന്താണെന്നും എന്തല്ലെന്നും കൃത്യമായി ഈ ലളിതമായ നിർവചനങ്ങളിൽ തന്നെയുണ്ട്.**

ക്കും എന്ന അനുമാനം. ഈ അനുമാനമില്ലെങ്കിൽ എല്ലാ പരീക്ഷണങ്ങളും ഓരോ സെക്കന്റിലും ആവർത്തി ച്ചു തെളിയിച്ചാലേ അത് ശാസ്ത്രീയമായി തെളിയിച്ചെന്ന് പറയാനൊക്കൂ! അഥവാ ന്യൂട്ടൻ ഗുരുത്വാകർഷണം അന്ന് കണ്ടെത്തിയെന്നു വെച്ച് അത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു എന്ന് പറയാനൊക്കില്ല. അത് ഓരോ പ്രദേശത്തും ഓരോ സെക്കന്റിലും ആവർത്തിച്ചു തെളിയിച്ചുകൊണ്ടേയിരിക്കണം!

ഇങ്ങനെ ശാസ്ത്രം മുന്നോട്ട് പോകുന്നത് തന്നെ ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത, തെളിയിക്കാൻ സാധ്യമല്ലാത്ത അനുമാനങ്ങളെ അടിസ്ഥാനമാക്കിയാണ്. ജ്ഞാനമാർഗമായി ശാസ്ത്രമല്ലാതെ ഒന്നും അംഗീകരിക്കുകയില്ലെന്ന് വാദിക്കുന്നവർ ശാസ്ത്രത്തെ തന്നെ തള്ളിപ്പറയേണ്ടി വരുമെന്ന് ചുരുക്കം. കാരണം ശാസ്ത്രത്തിന്റെ അടിസ്ഥാനം തന്നെ ശാസ്ത്രത്തിലല്ല!



**പദാർഥങ്ങളെ പറ്റിയുള്ള പഠനമാണ് ശാസ്ത്രം എന്ന് പറയുമ്പോൾ തന്നെ പദാർഥങ്ങൾക്ക് അതീതമായ ദൈവം, പരലോകം, ആത്മാവ്, സ്നേഹം, വെറുപ്പ് എന്നിവയെല്ലാം ശാസ്ത്രത്തിന്റെ ജ്ഞാനമാർഗ പരിധിയുടെ പുറത്താണ് എന്ന് വ്യക്തമാണ്. അഥവാ ഇവയെ പറ്റിയൊന്നുമുള്ള അറിവ് ശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് നമുക്ക് നേടിയെടുക്കാൻ സാധിക്കുകയില്ല. ഇത് ശാസ്ത്രത്തിന്റെ ഒരു പോരായ്മയായി പറഞ്ഞ് ശാസ്ത്രത്തെ വിലകുറച്ച് കാണുന്നത് വിശ്വാസികളല്ല. മറിച്ച് ശാസ്ത്രത്തിന്റെ മേഖലയല്ലാത്ത ഒന്നിൽ ശാസ്ത്രത്തിന് പറയാൻ സാധിക്കണം എന്ന് വാശിപിടിക്കുന്നവരാണ്**

### ശാസ്ത്രം സർവകാല സത്യങ്ങളല്ല

ശാസ്ത്രത്തെ പരിചയപ്പെടുത്തുന്നത് തന്നെ തുടർച്ചയായ പഠനപ്രക്രിയ (continuous process of learning)എന്നാണ്. ലഭിക്കുന്ന തെളിവുകൾക്ക് അനുസരിച്ച് ധാരണകൾ തിരുത്തി മുന്നോട്ട് പോകുന്ന ഒരു അവസാനിക്കാത്ത വിജ്ഞാനസമ്പാദന രീതിയാണ് ശാസ്ത്രം. ശാസ്ത്രത്തിൽ ഒരിക്കലും അവസാനവാക്കുകളില്ല. ഒരു കാര്യത്തിലും ശാസ്ത്രം അന്തിമമായ തീർച്ചയിലേക്ക് എത്തുകയില്ല.

ശാസ്ത്രത്തിന്റെ രീതിശാസ്ത്രം മനസ്സിലാക്കാൻ സാധാരണായി എടുക്കുന്ന black swann analogy തന്നെയെടുക്കാം. അരയന്നങ്ങളുടെ നിറത്തെ പറ്റിയുള്ള ഒരു ശാസ്ത്രീയ ഗവേഷണമാണ് ഇത്. ശാസ്ത്രത്തിന്റെ രീതിയനുസരിച്ച് ഇത്തരത്തിൽ ഒരു പരീക്ഷണം ചെയ്യുന്നത് വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നും വിവിധ തരത്തിലുള്ള അരയന്നങ്ങളെ നാം പഠനവിധേയമാക്കിയാണ്. അങ്ങനെ ആയിരം അരയന്നങ്ങളെ നാം നിരീക്ഷിച്ചു എന്ന് കരുതുക. നാം നിരീക്ഷിച്ച ആയിരം അരയന്നങ്ങൾക്കും വെളുത്ത നിറമാണ്. എങ്കിൽ സ്വാഭാവികമായും അരയന്നങ്ങളുടെ നിറത്തെ പറ്റിയുള്ള നമ്മുടെ ശാസ്ത്രീയ പഠനത്തിന്റെ അവസാനം നാം എത്തുന്ന നിഗമനം 'അരയന്നങ്ങളുടെ നിറം വെളുപ്പാണ്' എന്നതായിരിക്കും. എന്നാൽ ആയിരത്തി ഒന്നാമത്തെ അരയന്നം ഒരു പക്ഷേ, കറുത്ത നിറമുള്ളതായിരിക്കാം. അത് നമ്മുടെ നിരീക്ഷണ പരിധിയിൽ വരാത്തിടത്തോളം കാലം 'അരയന്നങ്ങളുടെ നിറം വെളുപ്പാണ്' എന്നത് തന്നെയാണ് അംഗീകരിക്കപ്പെടുക. ഇതാണ് ശാസ്ത്രത്തിന്റെ രീതി. ഇവിടെ അരയന്നങ്ങളുടെ നിറം കറുപ്പാണ് എന്നത് ഒരിക്കലും അവസാനവാക്കായി പരിഗണിക്കപ്പെടാൻ പറ്റില്ല. പരീക്ഷണങ്ങളും നിരീക്ഷണങ്ങളും തുടരുന്നത് കൊണ്ട് തന്നെ ഏതു നിമിഷവും പുതിയ കാര്യങ്ങൾ നിരീക്ഷിക്കപ്പെടാനും ശാസ്ത്രത്തിന്റെ നിഗമനങ്ങൾ മാറാനും സാധ്യതയുണ്ട്.

കാൾപോപ്പർ മുന്നോട്ട് വെച്ച Falsifiabiltiy എന്ന രീതി ഇക്കാര്യം നമുക്ക് വ്യക്തമാക്കിത്തരും. ഒരു കാര്യം ശാസ്ത്രീയമാകണമെങ്കിൽ അത് 'ഫാൾസിഫിയബിൾ' ആയിരിക്കണം എന്ന കാര്യമാണ് അദ്ദേഹം മുന്നോട്ട് വെച്ചത്. ശാസ്ത്രത്തിൽ ഒരു കാര്യം ശരിയാണെന്ന് തെളിയിക്കുന്നതോടൊപ്പം അത് തെറ്റാണെന്ന് തെളിയിക്കാൻ സാധിക്കുന്നതായിരിക്കണം എന്നതാണ് Falsifiabiltiy. ശാസ്ത്രം തെളിയിക്കുന്ന ഏതൊരു കാര്യത്തിലും അത് തെറ്റാനോ മാറാനോ ഉള്ള സാധ്യത അവശേഷിപ്പിച്ചുകൊണ്ടായിരിക്കും അത് തെളിയിക്കുന്നത്.

**ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പുവരെ ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടിരുന്നത് സൂര്യൻ ചലിക്കാതെ അങ്ങനെത്തന്നെ നിൽക്കുകയാണ് എന്നതായിരുന്നു. അന്നത്തെ നമ്മുടെ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും അത്തരത്തിൽ ഒരു നിഗമനത്തിലാണ് നമ്മെ എത്തിച്ചത്. അക്കാലത്ത് ഒരുപാട് ഇസ്‌ലാം വിമർശകരുടെ ഏറ്റവും പ്രധാന ആയുധവും ഇത് തന്നെയായിരുന്നു. കാരണം ക്വുർആനിൽ സൂര്യൻ ചലിച്ചുകൊണ്ടിരിക്കുന്നു എന്ന ഒരു വാചകമുണ്ട്. അത് ഉയർത്തിപ്പിടിച്ചു കൊണ്ട് 'കണ്ടോ ക്വുർആനിൽ പച്ചയായ അബദ്ധം' എന്ന് പറഞ്ഞ് എത്രയോ പേജുകളും സ്‌റ്റേജുകളുമാണ് ഇസ്‌ലാം വിമർശകർ ആഘോഷിച്ചത്. എന്നാൽ ഏതാനും വർഷങ്ങൾ കൊണ്ട് തന്നെ സൂര്യന്റെ ചലനം നമ്മുടെ നിരീക്ഷണത്തിൽ പെടുകയും ചലിക്കുന്നില്ലെന്ന നിഗമനം തിരുത്തുകയും ചെയ്തു. ശാസ്ത്രത്തിന്റെ അന്നത്തെ ആ ഒരു നിഗമനം സർവകാല സത്യമാണെന്ന് കരുതി ആഘോഷിച്ചു നടന്നവരുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്?**

പലപ്പോഴും ഈയൊരു വസ്തുത മനസ്സിലാക്കാതെയാണ് പലരും ശാസ്ത്രത്തെ ആത്യന്തിക സത്യമായി അവതരിപ്പിക്കുന്നത്. ശാസ്ത്രം ഒരു കാര്യം പറയുന്നെങ്കിൽ, നമ്മുടെ നിരീക്ഷണ പരിധിയിൽ ഇപ്പോഴുള്ള നിഗമനം അങ്ങനെയാണ് എന്ന് മാത്രമാണ് അതിന്റെ അർഥം. മതഗ്രന്ഥങ്ങളിൽ അശാസ്ത്രീയത തിരയുന്ന യുക്തിവാദികൾ പലപ്പോഴും വിസ്മരിക്കുന്നതും ഈയൊരു വസ്തുതയാണ്.

ഉദാഹരണത്തിന് ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പുവരെ ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടിരുന്നത് സൂര്യൻ ചലിക്കാതെ അങ്ങനെത്തന്നെ നിൽക്കുകയാണ് എന്നതായിരുന്നു. അന്നത്തെ നമ്മുടെ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും അത്തരത്തിൽ ഒരു നിഗമനത്തിലാണ് നമ്മെ എത്തിച്ചത്. അക്കാലത്ത് ഒരുപാട് ഇസ്‌ലാം വിമർശകരുടെ ഏറ്റവും പ്രധാന ആയുധവും ഇത് തന്നെയായിരുന്നു. കാരണം ക്വുർആനിൽ സൂര്യൻ ചലിച്ചുകൊണ്ടിരിക്കുന്നു എന്ന ഒരു വാചകമുണ്ട്. അത് ഉയർത്തിപ്പിടിച്ചു കൊണ്ട് 'കണ്ടോ ക്വുർആനിൽ പച്ചയായ അബദ്ധം' എന്ന് പറഞ്ഞ് എത്രയോ പേജുകളും സ്‌റ്റേജുകളുമാണ് ഇസ്‌ലാം വിമർശകർ ആഘോഷിച്ചത്. എന്നാൽ ഏതാനും വർഷങ്ങൾ കൊണ്ട് തന്നെ സൂര്യന്റെ ചലനം നമ്മുടെ നിരീക്ഷണത്തിൽ പെടുകയും ചലിക്കുന്നില്ലെന്ന നിഗമനം തിരുത്തുകയും ചെയ്തു. ശാസ്ത്രത്തിന്റെ അന്നത്തെ ആ ഒരു നിഗമനം സർവകാല സത്യമാണെന്ന് കരുതി ആഘോഷിച്ചു നടന്നവരുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്?

### ശാസ്ത്രവും ദൈവവും

പദാർഥങ്ങളെ പറ്റിയുള്ള പഠനമാണ് ശാസ്ത്രം എന്ന് പറയുമ്പോൾ തന്നെ പദാർഥങ്ങൾക്ക് അതീതമായ ദൈവം, പരലോകം, ആത്മാവ്, സ്‌നേഹം, വെറുപ്പ് എന്നിവയെല്ലാം ശാസ്ത്രത്തിന്റെ ജ്ഞാനമാർഗ പരിധിയുടെ പുറത്താണ് എന്ന് വ്യക്തമാണ്. അഥവാ ഇവയെ പറ്റിയൊന്നുമുള്ള അറിവ് ശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് നമുക്ക് നേടിയെടുക്കാൻ സാധിക്കുകയില്ല. ഇത് ശാസ്ത്രത്തിന്റെ ഒരു പോരായ്മയായി പറഞ്ഞ് ശാസ്ത്രത്തെ വിലകുറച്ച് കാണുന്നത് വിശ്വാസികളല്ല. മറിച്ച് ശാസ്ത്രത്തിന്റെ മേഖലയല്ലാത്ത ഒന്നിൽ ശാസ്ത്രത്തിന് പറയാൻ സാധിക്കണം എന്ന് വാശിപിടിക്കുന്നവരാണ് യഥാർഥത്തിൽ ശാസ്ത്രത്തെ തെറ്റിദ്ധരിപ്പിക്കുന്നത്. ദൈവത്തെ കുറിച്ചോ ആത്മാവിനെ കുറിച്ചോ പരലോകത്തെ കുറിച്ചോ ഒക്കെ ശാസ്ത്രം എന്തുകൊണ്ട് സംസാരിക്കുന്നില്ലേ എന്ന ചോദ്യം തീവണ്ടി ആകാശത്തുകൂടെ യാത്ര ചെയ്യാത്തത് എന്തുകൊണ്ട് എന്ന് ചോദിക്കുന്നത് പോലെ ബാലിശമാണ്.

ശാസ്ത്രത്തിന്റെ മേഖല മനസ്സിലാക്കാൻ സാധാരണ ഉപയോഗിക്കാറുള്ള ഉദാഹരണം തന്നെയെടുക്കാം. ഒരു കവിതയെടുത്ത് അതിന്റെ സാഹിത്യഭംഗി ശാസ്ത്രീയമായി തെളിയിക്കാൻ ഒരാൾ നമ്മോട് ആവശ്യപ്പെട്ടാൽ എങ്ങനെയുണ്ടാകും? എങ്ങനെയാണ് ഒരു കവിതയുടെ സാഹിത്യഭംഗി ശാസ്ത്രീയമായി തെളിയിക്കാൻ സാധിക്കുക? കവിതയെടുത്ത് മൈക്രോസ്‌കോപ്പിലൂടെ നോക്കിയാൽ കാണുമോ സാഹിത്യം? കവിത അരച്ചുകലക്കി ടെസ്റ്റ് ട്യൂബിൽ മറ്റു മിശ്രിതങ്ങളുടെ കൂടെയിട്ട് പരീക്ഷിച്ചാൽ സാഹിത്യഭംഗി തെളിഞ്ഞു വരുമോ? ഒരിക്കലും ഏത് ശാസ്ത്രീയ പരീക്ഷണ രീതികൾ ഉപയോഗിച്ചാലും ഒരു ലബോറട്ടറിയിലും ഒരു കവിതയുടെയും സാഹിത്യഭംഗി തെളിയിക്കപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് ശാസ്ത്രീയമായി തെളിയിക്കപ്പെടാതെ ഒന്നും അംഗീകരിക്കില്ലെന്ന പിടിവാശിക്കാർ കവിതകളുടെ സാഹിത്യഭംഗിയെ നിഷേധിക്കുമോ ആവോ? സാഹിത്യം എന്നത് പദാർഥലോ

കത്ത് ശാസ്ത്രത്തിന്റെ ഉപകരണങ്ങളും രീതികളും ഉപയോഗിച്ച് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി കണ്ടെത്താൻ പറ്റുന്ന ഒന്നല്ല. ശാസ്ത്രീയമായി തെളിയിച്ചാലേ ഞാൻ ഈ കവിതക്ക് സാഹിത്യഭംഗിയുണ്ട് എന്ന് വിശ്വസിക്കൂ എന്നൊരാൾ വാശിപിടിച്ചാൽ നമുക്കെന്ത് ചെയ്യാൻ പറ്റും? അത് ശാസ്ത്രത്തിന്റെ മേഖലയല്ലെന്നും പദാർഥങ്ങളെ പറ്റിയുള്ള പഠനമാണ് ശാസ്ത്രമെന്നും പറഞ്ഞ് മനസ്സിലാക്കി കൊടുക്കാൻ ശ്രമിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല.

മറ്റൊരുദാഹരണം പറയുകയാണെങ്കിൽ, സ്നേഹം, ഭയം, വെറുപ്പ് തുടങ്ങി മനുഷ്യന്റെ വികാരങ്ങൾ 'ശാസ്ത്രീയമായി' തെളിയിക്കാൻ പറഞ്ഞാൽ എങ്ങനെയുണ്ടാകും? 'ദൈവത്തെ ശാസ്ത്രീയമായി തെളിയിക്കാത്ത കാലത്തോളം ദൈവമില്ല' എന്ന് പ്രസംഗിക്കുന്ന നിരീശ്വരവാദികൾ ഒരുപാടുണ്ടല്ലോ. അവരോട് അവരുടെ ഭാര്യമാർ 'ചേട്ടന് എന്നോട് സ്നേഹമുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കാതെ ബന്ധം മുന്നോട്ടുപോകില്ലെന്ന്' പറഞ്ഞാൽ തീരുന്ന പ്രശ്നമേയുള്ളൂ എന്നർഥം! എങ്ങനെയാണ് സ്നേഹവും പ്രേമവുമെല്ലാം ശാസ്ത്രീയമായി തെളിയിക്കാനാവുക? ഇതൊന്നും ശാസ്ത്രത്തിന്റെ മേഖലയല്ല എന്നത് തന്നെയാണ് ഒറ്റവാക്കിലുള്ള ഉത്തരം. സ്നേഹമോ പ്രേമമോ ദേഷ്യമോ ഭയമോ ഒന്നും തന്നെ ശാസ്ത്രത്തിന്റെ ഉപകരണങ്ങൾ ഉപയോഗിച്ച് കണ്ടെത്താനോ അളക്കാനോ സാധ്യമല്ല. ശാസ്ത്രത്തിന്റെ മേഖല പദാർഥ പ്രപഞ്ചത്തെ പറ്റിയുള്ള പഠനമാണ്. ഇതൊക്കെ ആർക്കും മനസ്സിലാക്കാൻ സാധിക്കുന്ന കേവലമായ യുക്തിയാണ്. ഇതൊക്കെ അംഗീകരിക്കാൻ പറ്റുമെങ്കിൽ ഈ പദാർഥ പ്രപഞ്ചത്തെ തന്നെ സൃഷ്ടിച്ച, പദാർഥങ്ങൾക്ക് അതീതനായിട്ടുള്ള, സൃഷ്ടി പ്രപഞ്ചത്തിന് പുറത്തുള്ള ആ സ്രഷ്ടാവിനെ ഈ ഉപകരണങ്ങൾ ഉപയോഗിച്ച് തെളിയിക്കാതെ വിശ്വസിക്കില്ല എന്ന് പറയുന്നത് വെറും വാശിയല്ലാതെ മറ്റെന്താണ്?

ഇവിടെയാണ് സയന്റിസം ബാധിച്ച തലച്ചോറുകളിൽ നിന്ന് വരുന്ന 'ശാസ്ത്രീയമായി തെളിയിക്കാതെ ദൈവത്തിൽ വിശ്വസിക്കുകയില്ല' എന്ന യുക്തി എത്രമാത്രം ബാലിശമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. വിശ്വാസികൾ ഉണ്ടെന്ന് വാദിക്കുന്ന ദൈവം ഒരിക്കലും പ്രപഞ്ചത്തിനകത്തുള്ള എന്തെങ്കിലും ഭൗതികവസ്തുവല്ല. മറിച്ച് പ്രപഞ്ചാതീതനായ, പദാർഥാതീതനായ ഒരു അസ്തിത്വത്തെ പറ്റിയാണ് വിശ്വാസികൾ സംസാരിക്കുന്നത്. പ്രപഞ്ചത്തിനുള്ളിലുള്ള, ഗവേഷണനിരീക്ഷണ യോഗ്യമായവയെ പറ്റി മാത്രം പഠിക്കാൻ യോഗ്യമായ ശാസ്ത്രം ഉപയോഗിച്ച് പ്രപഞ്ചത്തിന് അതീതനായ, പദാർഥങ്ങൾക്ക് അതീതനായ സ്രഷ്ടാവിനെ തെളിയിക്കണം എന്ന് പറയുന്നത് ശുദ്ധ അജ്ഞതയല്ലെങ്കിൽ മറ്റെന്താണ്? സൃഷ്ടിപ്രപഞ്ചത്തിനുള്ളിലുള്ള കാര്യങ്ങളെ പറ്റി പഠിക്കാൻ ഏറ്റവും മികച്ച മാർഗങ്ങളിൽ ഒന്നാണ് ശാസ്ത്രം. അതുപയോഗിച്ച് ആ പ്രപഞ്ചത്തിന് പുറത്തുള്ള സ്രഷ്ടാവിനെ നേരിട്ട് കാട്ടിക്കൊടുക്കണം എന്ന് പറയുന്നത് എത്രത്തോളം പരിഹാസ്യമാണ്!

ചുരുക്കിപ്പറഞ്ഞാൽ ദൈവം ഉണ്ടെന്നോ ഇല്ലെന്നോ നേരിട്ട് തെളിയിച്ചുതരാൻ ശാസ്ത്രത്തിന് ഒരിക്കലും സാധ്യമല്ല. കാരണം ശാസ്ത്രത്തിന്റെ പരിധികൾക്കും അപ്പുറത്താണ് ദൈവം. പദാർഥ പ്രപഞ്ചത്തിൽ തന്നെയുള്ള എന്തെങ്കിലും വസ്തുവിനെയോ പ്രതിമകളെയോ വ്യക്തികളെയോ ആണ് ദൈവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എങ്കിൽ ഈ ചോദ്യങ്ങൾക്ക് പ്രസക്തിയുണ്ട്. എന്നാൽ ദൈവം പദാർഥ പ്രപഞ്ചത്തിന് അതീതനായിട്ടുള്ളവനാണ് എന്നത് കൊണ്ട് തന്നെ അവനെ കുറിച്ച് നേരിട്ട് അറിയാനോ പഠിക്കാനോ ശാസ്ത്രത്തിന്റെ ഉപകരണങ്ങളും രീതികളും പ്രാപ്തമല്ല. അതിനാൽ തന്നെ ദൈവമുണ്ട് എന്നത് ഒരു വിശ്വാസമാണെങ്കിൽ, ദൈവമില്ല എന്നതും ഒരു വിശ്വാസം തന്നെയാണ്! ●

**ഈ പദാർഥ പ്രപഞ്ചത്തെ തന്നെ സൃഷ്ടിച്ച, പദാർഥങ്ങൾക്ക് അതീതനായിട്ടുള്ള, സൃഷ്ടി പ്രപഞ്ചത്തിന് പുറത്തുള്ള ആ സ്രഷ്ടാവിനെ മനഷ്യനിർമിത ഉപകരണങ്ങൾ ഉപയോഗിച്ച് തെളിയിക്കാതെ വിശ്വസിക്കില്ല എന്ന് പറയുന്നത് ബാലിശമാണ്. വിശ്വാസികൾ ഉണ്ടെന്ന് വാദിക്കുന്ന ദൈവം ഒരിക്കലും പ്രപഞ്ചത്തിനകത്തുള്ള എന്തെങ്കിലും ഭൗതികവസ്തുവല്ല. മറിച്ച് പ്രപഞ്ചാതീതനായ, പദാർഥാതീതനായ ഒരു അസ്തിത്വത്തെ പറ്റിയാണ് വിശ്വാസികൾ സംസാരിക്കുന്നത്. പ്രപഞ്ചത്തിനുള്ളിലുള്ള, ഗവേഷണനിരീക്ഷണ യോഗ്യമായവയെ പറ്റി മാത്രം പഠിക്കാൻ യോഗ്യമായ ശാസ്ത്രം ഉപയോഗിച്ച് പ്രപഞ്ചത്തിന് അതീതനായ, പദാർഥങ്ങൾക്ക് അതീതനായ സ്രഷ്ടാവിനെ തെളിയിക്കണം എന്ന് പറയുന്നത് ശുദ്ധ അജ്ഞതയല്ലെങ്കിൽ മറ്റെന്താണ്? സൃഷ്ടിപ്രപഞ്ചത്തിനുള്ളിലുള്ള കാര്യങ്ങളെ പറ്റി പഠിക്കാൻ ഏറ്റവും മികച്ച മാർഗങ്ങളിൽ ഒന്നാണ് ശാസ്ത്രം. അതുപയോഗിച്ച് ആ പ്രപഞ്ചത്തിന് പുറത്തുള്ള സ്രഷ്ടാവിനെ നേരിട്ട് കാട്ടിക്കൊടുക്കണം എന്ന് പറയുന്നത് എത്രത്തോളം പരിഹാസ്യമാണ്!**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



**അധ്യായം: 72, ഭാഗം: 2**

# ക്വുൽ ഊഹിയ ഇലയ്യ

**(മക്കയിൽ അവതരിച്ചത്)**

6. മനുഷ്യരിൽ പെട്ട ചില വ്യക്തികൾ ജിന്നുകളിൽ പെട്ട വ്യക്തികളോട് ശരണം തേടാറുണ്ടായിരുന്നു. അങ്ങനെ അതവർക്ക് (ജിന്നുകൾക്ക്) ഗർവ് വർധിപ്പിച്ചു.

7. നിങ്ങൾ ധരിച്ചത് പോലെ അവരും ധരിച്ചു; അല്ലാഹു ആരെയും ഉയിർത്തെഴുന്നേൽപിക്കുകയില്ല എന്നും (അവർ പറഞ്ഞു).

8. ഞങ്ങൾ ആകാശത്തെ സ്പർശിച്ചു നോക്കി. അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാലും തീജ്വാലകളാലും നിറക്കപ്പെട്ടതായി ഞങ്ങൾ കണ്ടെത്തി എന്നും (അവർ പറഞ്ഞു).

9. (ആകാശത്തിലെ) ചില ഇരിപ്പിടങ്ങളിൽ ഞങ്ങൾ കേൾക്കാൻ വേണ്ടി ഇരിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആരെങ്കിലും ശ്രദ്ധിച്ചു കേൾക്കുകയാണെങ്കിൽ കാത്തിരിക്കുന്ന അഗ്നിജ്വാലയെ അവന്ന് കണ്ടെത്താനാവും എന്നും (അവർ പറഞ്ഞു).

10. ഭൂമിയിലുള്ളവരുടെ കാര്യത്തിൽ തിൻമയാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്, അതല്ല അവരുടെ രക്ഷിതാവ് അവരെ നേർവഴിയിലാക്കാൻ ഉദ്ദേശിച്ചിരിക്കുകയാണോ എന്ന് ഞങ്ങൾക്ക് അറിഞ്ഞ് കൂടാ.

11. ഞങ്ങളാകട്ടെ, ഞങ്ങളുടെ കൂട്ടത്തിൽ സദ്വൃത്തൻമാരുണ്ട്. അതിൽ താഴെയുള്ളവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. ഞങ്ങൾ വിഭിന്ന മാർഗങ്ങളായിതീർന്നിരിക്കുന്നു എന്നും (അവർ പറഞ്ഞു).

وَأَنَّهُۥ كَانَ رِجَالٌ مِّنَ ٱلْإِنسِ يَعُوذُونَ بِرِجَالٍ
مِّنَ ٱلْجِنِّ فَزَادُوهُمْ رَهَقًا ﴿٦﴾ وَأَنَّهُمْ ظَنُّوا۟ كَمَا
ظَنَنتُمْ أَن لَّن يَبْعَثَ ٱللَّهُ أَحَدًا ﴿٧﴾
وَأَنَّا لَمَسْنَا ٱلسَّمَآءَ فَوَجَدْنَٰهَا مُلِئَتْ حَرَسًا
شَدِيدًا وَشُهُبًا ﴿٨﴾ وَأَنَّا كُنَّا نَقْعُدُ مِنْهَا
مَقَٰعِدَ لِلسَّمْعِ ۖ فَمَن يَسْتَمِعِ ٱلْـَٔانَ يَجِدْ لَهُۥ
شِهَابًا رَّصَدًا ﴿٩﴾ وَأَنَّا لَا نَدْرِىٓ أَشَرٌّ أُرِيدَ
بِمَن فِى ٱلْأَرْضِ أَمْ أَرَادَ بِهِمْ رَبُّهُمْ رَشَدًا ﴿١٠﴾
وَأَنَّا مِنَّا ٱلصَّٰلِحُونَ وَمِنَّا دُونَ ذَٰلِكَ ۖ كُنَّا طَرَآئِقَ
قِدَدًا ﴿١١﴾

12. ഭൂമിയിൽ വെച്ച് അല്ലാഹുവെ ഞങ്ങൾക്ക് തോൽപിക്കാനാവില്ലെന്നും ഓടി മാറിക്കളഞ്ഞിട്ട് അവനെ തോൽപിക്കാനാവില്ലെന്നും ഞങ്ങൾ ധരിച്ചിരിക്കുന്നു

13. സൻമാർഗം കേട്ടപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. അപ്പോൾ ഏതൊരുത്തൻ തന്റെ രക്ഷിതാവിൽ വിശ്വസിക്കുന്നുവോ അവൻ യാതൊരു നഷ്ടത്തെയും അനീതിയെയും പറ്റി ഭയപ്പെടേണ്ടി വരില്ല എന്നും (അവർ പറഞ്ഞു).

14. ഞങ്ങളുടെ കൂട്ടത്തിൽ കീഴ്പെട്ടു ജീവിക്കുന്നവരുണ്ട്. അനീതി പ്രവർത്തിക്കുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. എന്നാൽ ആർ കീഴ്പെട്ടിരിക്കുന്നുവോ അത്തരക്കാർ സൻമാർഗം അവലംബിച്ചിരിക്കുന്നു.

15. അനീതി പ്രവർത്തിച്ചവരാകട്ടെ നരകത്തിനുള്ള വിറക് ആയിത്തീരുന്നതാണ് (എന്നും അവർ പറഞ്ഞു).

16. ആ മാർഗത്തിൽ (ഇസ്‌ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്.

17. അതിലൂടെ നാം അവരെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്. തന്റെ രക്ഷിതാവിന്റെ ഉൽബോധനത്തെ വിട്ട് ആർ തിരിഞ്ഞുകളയുന്നുവോ അവനെ അവൻ (രക്ഷിതാവ്) പ്രയാസകരമായ ശിക്ഷയിൽ പ്രവേശിപ്പിക്കുന്നതാണ് (എന്നും എനിക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു).

وَأَنَّا ظَنَنَّآ أَن لَّن نُّعْجِزَ ٱللَّهَ فِى
ٱلْأَرْضِ وَلَن نُّعْجِزَهُۥ هَرَبًا ﴿١٢﴾ وَأَنَّا لَمَّا
سَمِعْنَا ٱلْهُدَىٰٓ ءَامَنَّا بِهِۦ ۖ فَمَن يُؤْمِنۢ بِرَبِّهِۦ
فَلَا يَخَافُ بَخْسًا وَلَا رَهَقًا ﴿١٣﴾ وَأَنَّا مِنَّا
ٱلْمُسْلِمُونَ وَمِنَّا ٱلْقَٰسِطُونَ ۖ فَمَنْ أَسْلَمَ
فَأُو۟لَٰٓئِكَ تَحَرَّوْا۟ رَشَدًا ﴿١٤﴾ وَأَمَّا ٱلْقَٰسِطُونَ
فَكَانُوا۟ لِجَهَنَّمَ حَطَبًا ﴿١٥﴾ وَأَلَّوِ ٱسْتَقَٰمُوا۟
عَلَى ٱلطَّرِيقَةِ لَأَسْقَيْنَٰهُم مَّآءً غَدَقًا ﴿١٦﴾
لِّنَفْتِنَهُمْ فِيهِ ۚ وَمَن يُعْرِضْ عَن ذِكْرِ رَبِّهِۦ
يَسْلُكْهُ عَذَابًا صَعَدًا ﴿١٧﴾

6). (മനുഷ്യരിൽ പെട്ട ചില വ്യക്തികൾ ജിന്നുകളിൽ പെട്ട ചില വ്യക്തികളോട് ശരണം തേടാറുണ്ടായിരുന്നു. അങ്ങനെ അതവർക്ക് ഗർവ് വർധിപ്പിച്ചു) മനുഷ്യൻ ഭയത്തിന്റെയും ആശങ്കയുടെയും സന്ദർഭങ്ങളിൽ ജിന്നുകളോട് രക്ഷതേടുകയും അവരെ ആരാധിക്കുകയും ചെയ്തിരുന്നു. ഇത് അവർക്ക് ഗർവ് വർധിപ്പിച്ചു. അതായത് അഹങ്കാരവും അതിക്രമവും; മനുഷ്യർ അവരെ ആരാധിക്കുന്നതും രക്ഷതേടുന്നതും കണ്ടപ്പോൾ. അവർ എന്നത് ജിന്നുകളെക്കുറിച്ചാകുമ്പോൾ മറ്റൊരു അർഥ സാധ്യതയുണ്ട്. അതായത് ജിന്നുകൾ മനുഷ്യർക്ക് ഭയവും പേടിയും വർധിപ്പിച്ചു; അവരോടവർ രക്ഷതേടുന്നത് കണ്ടപ്പോൾ. കൂടുതൽ അവരെക്കൊണ്ട് രക്ഷതേടിപ്പിക്കാനും അവരെ അവലംബിക്കാനും വേണ്ടി. മനുഷ്യൻ ഭയമുളവാക്കുന്ന വല്ല താഴ്‌വരയിലും ഇറങ്ങിയാൽ അവരിലെ വിഡ്ഢികൾ പറയാറുണ്ടായിരുന്നു: ഈ താഴ്‌വരയുടെ നേതാവിനോട് അവർ രക്ഷതേടുന്നുവെന്ന്.

7). (നിങ്ങൾ ധരിച്ചതു പോലെ അവരും ധരിച്ചു. അല്ലാഹു ആരെയും ഉയിർത്തെഴുന്നേൽപിക്കുകയില്ലെന്നും (അവർ പറഞ്ഞു) ഉയിർത്തെഴുന്നേൽപിനെ അവർ നിഷേധിച്ചപ്പോൾ ബഹുദൈവത്വത്തിലേക്കും അതിക്രമത്തിലേക്കും അവരെത്തി.

8,9). (ഞങ്ങൾ ആകാശത്തെ സ്പർശിച്ചുനോക്കി) ഞങ്ങൾ ആകാശത്ത് ചെല്ലുകയും അതിനെ പരിശോധിച്ച് നോക്കുകയും ചെയ്തു. (അപ്പോൾ അത് ശക്തിമത്തായ പാറാവുകാരാൽ നിറക്കപ്പെട്ടതായി ഞങ്ങൾ കണ്ടെത്തി) അതിന്റെ ഭാഗങ്ങളിലേക്ക് എത്താനും അടുക്കാനും പറ്റാത്തവിധം. (തീജ്വാലകളാലും) കട്ടു കേൾക്കുന്നവരെ തീജ്വാലകളാൽ എറിയപ്പെടുന്നതായും. തീർച്ചയായും ഈ

അവസ്ഥ മുമ്പുള്ളതിൽ നിന്ന് വ്യത്യസ്തമാണ്. കാരണം ആകാശത്തിലെ വർത്തമാനങ്ങൾ കേൾക്കാൻ സാധിക്കുന്നവിധം അവിടെയെത്താൻ മുമ്പ് ഞങ്ങൾക്ക് സൗകര്യപ്പെട്ടിരുന്നു.

(ആകാശത്തിലെ ചില ഇരിപ്പിടങ്ങളിൽ ഞങ്ങൾ കേൾക്കാൻ വേണ്ടി ഇരിക്കാറുണ്ടായിരുന്നു) അല്ലാഹു ഉദ്ദേശിക്കുന്ന, ആകാശത്തിലെ ചില വർത്തമാനങ്ങൾ അവൻ പിടിച്ചെടുത്തിരുന്നു. (എന്നാൽ ഇപ്പോൾ ആരെങ്കിലും ശ്രദ്ധിച്ച് കേൾക്കുകയാണെങ്കിൽ കാത്തിരിക്കുന്ന അഗ്നിജ്വാലയെ അവന് കണ്ടെത്താനാവും) അവനെ നശിപ്പിക്കാനും കരിച്ചുകളയാനും തയ്യാറായി കാത്തിരിക്കുന്ന തീജ്വാല. ഇത് വമ്പിച്ച ഒരു കാര്യവും മഹത്തായ ഒരു വൃത്താന്തവുമാണ്. അല്ലാഹു ഭൂമിയിൽ ഗുണമോ ദോഷമോ, പുതിയ എന്തോ സംഭവങ്ങൾ ഉണ്ടാക്കാൻ പോകുന്നു എന്ന് അവർക്കുറപ്പാവുകയും ചെയ്തു. അതിനാലാണ് അവർ പറഞ്ഞത്: (ഭൂമിയിലുള്ളവരുടെ കാര്യത്തിൽ തിന്മയാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അതല്ല അവരുടെ രക്ഷിതാവ് അവരെ നേർവഴിയിലാക്കാൻ ഉദ്ദേശിക്കുകയാണോ എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ) രണ്ടിലൊന്ന് സംഭവിക്കുക തന്നെ ചെയ്യും. കാര്യങ്ങളിൽ വന്ന വലിയ മാറ്റം കണ്ടപ്പോൾ എന്തോ അപരിചിതത്വം അവർക്കു തോന്നി. അവരുടെ സാമർഥ്യത്താൽ അവർ മനസ്സിലാക്കി; ഭൂമിയിൽ എന്തോ പുതിയ സംഭവം അല്ലാഹു ഉണ്ടാക്കാൻ പോകുന്നുണ്ടെന്ന്. അവരുടെ ഒരു മര്യാദ കൂടി ഇവിടെ വ്യക്തമാകുന്നു. നന്മയെക്കുറിച്ച് പറഞ്ഞപ്പോൾ അത് അല്ലാഹുവിലേക്ക് ചേർത്തുപറഞ്ഞു. എന്നാൽ തിന്മയെക്കുറിച്ച് പറഞ്ഞപ്പോഴാവട്ടെ, അതിന്റെ കർത്താവിനെ വിട്ടുകളയുകയും ചെയ്തു. ഇത് അല്ലാഹുവോടുള്ള ഒരു മര്യാദയാണ്.

11). (ഞങ്ങളാകട്ടെ, ഞങ്ങളുടെ കൂട്ടത്തിൽ സദവൃത്തന്മാരുണ്ട്. അതിൽ താഴെയുള്ളവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്) അതായത്, അധർമകാരികളും താന്തോന്നികളും നിഷേധികളും. (ഞങ്ങൾ വിഭിന്ന മാർഗങ്ങളായിത്തീരിന്നിരിക്കുന്നു.) വ്യത്യസ്ത കക്ഷികൾ, വിഭിന്ന താൽപര്യക്കാർ, എല്ലാ കക്ഷികളും തങ്ങളുടേതിൽ സന്തുഷ്ടരാണ്.

12). (ഭൂമിയിൽ വെച്ച് അല്ലാഹുവെ ഞങ്ങൾക്ക് തോൽപിക്കാനാവില്ല എന്നും ഓടിക്കളഞ്ഞിട്ട് അവനെ തോൽപിക്കാനാവില്ലെന്നും ഞങ്ങൾ ധരിച്ചിരിക്കുന്നു) ഈ സമയം ഞങ്ങളുടെ അശക്തിയുടെ ആഴവും അല്ലാഹുവിന്റെ കഴിവിന്റെ പരിപൂർണതയും ഞങ്ങൾക്ക് വ്യക്തമായി. ഞങ്ങളുടെ കടിഞ്ഞാൺ അല്ലാഹുവിന്റെ കയ്യിലാണ്. ഭൂമിയിൽ അവനെ തോൽപിക്കാനോ ഓടിപ്പോയോ പുറത്ത് കടന്നോ രക്ഷപ്പെടാനുള്ള മറ്റു മാർഗങ്ങൾ ഉപയോഗിച്ചോ അവന്റെ കഴിവിനെ തോൽപിക്കാനാവില്ലെന്നും അവനിൽ നിന്നും അവനല്ലാതെ അഭയമില്ലെന്നും ഞങ്ങൾ ധരിച്ചു.

13). (സന്മാർഗം കേട്ടപ്പോൾ ഞങ്ങൾ) സന്മാർഗമെന്നത് നേരായ പാതയിലേക്ക് വഴി കാണിക്കുന്ന പരിശുദ്ധ ക്വുർആനാണ്. അതിന്റെ മാർഗദർശനങ്ങളും നിർദേശങ്ങളും ഞങ്ങൾ മനസ്സിലാക്കി. അത് ഞങ്ങളുടെ ഹൃദയങ്ങളെ സ്വാധീനിച്ചു. അപ്പോൾ (ഞങ്ങളതിൽ വിശ്വസിച്ചു). പിന്നീട് അവർ പറയുന്നത് വിശ്വാസിയെ താൽപര്യപ്പെടുത്തുന്ന കാര്യങ്ങളാണ്: (അപ്പോൾ ഏതൊരുത്തൻ തന്റെ രക്ഷിതാവിൽ വിശ്വസിക്കുന്നുവോ അവൻ യാതൊരു നഷ്ടത്തെയും അനീതിയെയും പറ്റി ഭയപ്പെടേണ്ടിവരില്ല) സത്യസന്ധമായി വിശ്വസിച്ചവന് ഒരു നഷ്ടവും സംഭവിക്കുകയില്ല. യാതൊരു ഉപദ്രവവും പിടികൂടുകയുമില്ല. ദോഷങ്ങളിൽ നിന്ന് രക്ഷപ്പെടുകയും ഗുണം കൈവരിക്കുകയും ചെയ്യും. വിശ്വാസമാണ് എല്ലാ നല്ല പ്രചോദനങ്ങൾക്കും എല്ലാ തിന്മകളുടെയും നിരാകരണത്തിനും കാരണം.

14) (ഞങ്ങളുടെ കൂട്ടത്തിൽ കീഴ്പ്പെട്ട് ജീവിക്കുന്നവരുണ്ട്. അനീതി പ്രവർത്തിക്കുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്) ശരിയായ മാർഗത്തിൽ നിന്ന് തെറ്റിപ്പോയവരും അക്രമികളും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. (എന്നാൽ ആർ കീഴ്പ്പെട്ടിരിക്കുന്നുവോ അത്തരക്കാർ സന്മാർഗം അവലംബിച്ചിരിക്കുന്നു) സ്വർഗത്തിലേക്കും അതിന്റെ സുഖാനുഗ്രഹങ്ങളിലേക്കും എത്തിച്ചേരുന്ന ശരിയായ മാർഗം ലഭിച്ചവർ.

15-17). (അനീതി പ്രവർത്തിച്ചവരാകട്ടെ, നരകത്തിനുള്ള വിറകായി തീരുന്നതാണ്) അത് അല്ലാഹുവിൽ നിന്നുള്ള അനീതിയല്ല. മറിച്ച് അവരുടെ പ്രവർത്തന ഫലം തന്നെയാണ്. (ആ മാർഗത്തിൽ അവർ നേരെ നിലകൊള്ളുകയാണെങ്കിൽ) ശ്രേഷ്ഠമായ മാർഗത്തിൽ. (നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്) സന്തോഷപൂർവം, സുഖമായി. അവരുടെ ശത്രുതാമനോഭാവവും അക്രമവുമല്ലാതെ അവരെ അതിൽ നിന്ന് തടയുന്നില്ല. (അതിലൂടെ നാം അവരെ പരീക്ഷിക്കാൻ വേണ്ടിയത്രെ അത്) അസത്യവാന്മാരിൽ നിന്നും സത്യവാന്മാരെ വ്യക്തമാക്കുന്നതിന് വേണ്ടി നാം അവരെ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു.

(തന്റെ രക്ഷിതാവിന്റെ ഉൽബോധനത്തെ വിട്ട് ആർ തിരിഞ്ഞുകളയുന്നുവോ അവനെ അവൻ (രക്ഷിതാവ്) പ്രയാസകരമായ ശിക്ഷയിൽ പ്രവേശിപ്പിക്കുന്നതാണ്) അല്ലാഹുവിന്റെ ഉൽബോധനമാകുന്ന അവന്റെ ഗ്രന്ഥത്തെ അവഗണിക്കുകയും അതിനെ പിൻപറ്റുകയോ മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്യാതിരിക്കുന്നവൻ. മാത്രമല്ല, അതിൽനിന്നവൻ അശ്രദ്ധനാവുകയും ചെയ്യുന്നു. അവൻ പ്രയാസകരമായ ശിക്ഷയിൽ പ്രവേശിക്കും. അതായത് അങ്ങേയറ്റം കഠിനമായ ശിക്ഷ. ●

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com




# പ്രളയം ഒരു ഓർമപ്പെടുത്തൽ

'വൈദ്യുതി കാലിന്റെ മുകളിലുള്ള കമ്പികളിൽ പിടിച്ചാണ് ഞങ്ങൾ നീന്തിയിരുന്നത്. ഇടയ്ക്ക് വലിയ കമുകിന്റെയും തെങ്ങിന്റെയും തലപ്പുകൾ ഞങ്ങളുടെ കാലുകളിൽ തട്ടിയിരുന്നു.'

ചാലിയാർ പുഴ ഗതിമാറി ഒഴുകി നിലമ്പൂരിനെയാകെ വെള്ളത്തിലാഴ്ത്തിയ പ്രളയരാത്രിയിൽ ചാരംകുളം പ്രദേശത്ത് ദുരിതാശ്വാസ പ്രവർത്തനത്തിന് നേതൃത്വം നൽകിയ പ്രദേശവാസിയായ ഒരു യുവാവിന്റെ ഈ വിവരണങ്ങൾ പ്രളയത്തിന്റെ മുഴുവൻ ഭീകരതയും ഞങ്ങളുടെ മനസ്സിൽ നിറച്ചു.

എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹൈസ്കൂളിലെ സഹപ്രവർത്തകർക്കൊപ്പം സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്സ് സംഘവുമൊത്ത് തങ്ങളാലാവുന്ന ആശ്വാസമെത്തിക്കാനായി നിലമ്പൂരിലെ ദുരിതങ്ങൾ പെയ്തിറങ്ങിയ രണ്ട് പ്രദേശങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ അന്വേഷിച്ചറിയുമ്പോഴാണ് യുവാവ് പ്രളയരാത്രിയെ മേൽവാചകങ്ങളിലൂടെ ഞങ്ങൾക്ക് വിവരിച്ചു തന്നത്.

ചാലിയാർ പുഴ ഒരു കിലോമീറ്ററോളം ഗതിമാറി ഒഴുകിയതിന്റെ ഫലമായി പട്ടികയും കഴുക്കോൽ കഷ്ണങ്ങളും മാത്രം ബാക്കിയാക്കി ത

കർന്നടിഞ്ഞുപോയ ചാരംകുളം ഭാഗത്തെ അസംഖ്യം മൺവീടുകൾ വേദനിപ്പിക്കു കാഴ്ചയായിരുന്നു. വെള്ളത്തിൽ ഒലിച്ചുവന്ന കുഴമ്പുരൂപത്തിലുള്ള ചെളിയിൽ മുങ്ങി ഉപയോഗശൂന്യമായിപ്പോയ വസ്ത്രങ്ങളും വീട്ടുപകരണങ്ങളും കിടക്കകളും സോഫകൾ അടക്കമുള്ള ഫർണിച്ചറുകളും മുറ്റത്തും പാതയോരങ്ങളിലും കൂട്ടിയിട്ടിരിക്കുന്നത് ഏതൊരാളുടെ മനസ്സിനെയും പിടിച്ചു കുലുക്കും.

നിരാശ ബാധിച്ച, മുഖത്ത് രക്തയോട്ടം നിലച്ച രൂപത്തിലുള്ള അനേകം മനുഷ്യരെ എല്ലായിടത്തും കണ്ടു. സംഭവിച്ചത് എന്താണെന്ന് അവരിൽ ചിലർക്ക് വിശദീകരിക്കാൻ പോലും കഴിയുന്നില്ല. 'എല്ലാം ഒന്നിൽ നിന്നും വീണ്ടും തുടങ്ങണ്ടേ' എന്ന ഒരു വൃദ്ധയുടെ ചോദ്യം ഇപ്പോഴും മനസ്സിൽ മായാതെ കിടക്കുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനായി ശേഖരിച്ച വസ്തുക്കളുമായി അന്യജില്ലകളിൽ നിന്നും വന്ന നിരവധി വാഹനങ്ങൾ കാണാനായി. പെരിന്തൽമണ്ണയിലെ ഒരു സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും വിദ്യാർഥികൾ കൂട്ടമായെത്തി വീടുകളിലെ വൈദ്യുതിത്തകരാറുകൾ പരിഹരിച്ചു കൊടുക്കുന്നു. വീടുവീടാന്തരം കയറി ആരോഗ്യ പരിശോധനകൾ നടത്തി മരുന്നുകൾ വിതരണം ചെയ്യുന്ന സ്വകാര്യ ആശുപത്രി മെഡിക്കൽ ടീം, ആരോഗ്യ വകുപ്പിനു കീഴിൽ ബ്ലീച്ചിംഗ് പൗഡർ അടക്കമുള്ള അണുനാശിനികൾ വിതരണം ചെയ്യുന്ന സന്നദ്ധ പ്രവർത്തകർ, വീട്ടുകാർക്കൊപ്പം വീടുകൾ കഴുകി വൃത്തിയാക്കുന്ന യൂണിഫോം ഉള്ളതും ഇല്ലാത്തതുമായ അനേകം ചെറുപ്പക്കാർ, മണ്ണെണ്ണയൊഴിച്ച പമ്പുകളുമായെത്തി കിണറുകളിലെ വെള്ളം അടിച്ചുകളഞ്ഞ് വൃത്തിയാക്കിക്കൊടുക്കുന്ന സന്നദ്ധ പ്രവർത്തകർ, പിക്കപ്പ് വാനിലെത്തി വീടുകളിലേക്ക് ആവശ്യമായ കൊട്ടയും മുറവും അടക്കമുള്ള പ്ലാസ്റ്റിക്, അടുക്കള സാമഗ്രികൾ വിതരണം ചെയ്യുന്ന മറ്റൊരു സംഘം, പ്രളയത്തിൽ നശിച്ചുപോയ ഇലക്ട്രോണിക് സാധനങ്ങൾ സൗജന്യമായി റിപ്പയർ ചെയ്ത് കൊടുക്കുന്ന ടെക്നീഷ്യൻമാർ... പ്രളയ ദുരിതമകറ്റാൻ സർവരും കൈകോർക്കുന്ന മനസ്സു നിറയുന്ന കാഴ്ചകൾ എല്ലായിടത്തുമുണ്ട്!

അരി, പഞ്ചസാര, മസാലപ്പൊടികൾ, തേയില, ബ്രഡ്, അവിൽ, കുളിക്കാനും അലക്കാനുമുള്ള സോപ്പ്, സോപ്പു പൊടി, ടൂത്ത് ബ്രഷ്, പേസ്റ്റ്, പഠനോപകരണങ്ങൾ തുടങ്ങിയ അവശ്യസാധങ്ങൾ അടങ്ങിയ കിറ്റുകൾ നിലമ്പൂരിലെ ചാരംകുളം, കരിമ്പുഴ പ്രദേശങ്ങളിൽ നേരിട്ട് വീടുകളിൽ വിതരണം ചെയ്തു മടങ്ങുമ്പോൾ എല്ലാം നഷ്ടപ്പെട്ട അവർക്ക് ഇത് കൊണ്ട് ഒന്നുമാകില്ലെന്ന് ഞങ്ങൾക്ക് ബോധ്യമായിരുന്നു.




പ്രളയക്കാഴ്ചകൾ നമുക്ക് വലിയൊരു ഓർമപ്പെടുത്തലാണ്. അനിയന്ത്രിതമായി ഭൂമിയെ ചൂഷണം ചെയ്താൽ തിരിച്ചടി ശക്തമാകുമെന്ന ഓർമപ്പെടുത്തൽ. ദുരിതം പെയ്തിറങ്ങിയവർക്ക് ആശ്വാസം കോരിച്ചൊരിയണമെന്നും നമ്മളാരും സുരക്ഷിതരല്ലെന്നുമുള്ള ഓർമപ്പെടുത്തൽ.

വീട്ടുപകരണങ്ങൾ അടക്കമുള്ള സാധനങ്ങൾ ഏറെക്കുറെ എല്ലാവർക്കും ലഭിച്ചിട്ടുണ്ടാകും. എന്നാൽ ഭാഗികമായോ പൂർണമായോ വീട് തകർന്നവർ ഏറെയുണ്ട്. സർക്കാരും മത, സാമൂഹിക, സന്നദ്ധ സംഘടനകളും ഒത്തൊരുമിച്ച് അവർക്കെല്ലാം സുരക്ഷിതമായി താമസിക്കാൻ സൗകര്യമൊരുക്കേണ്ടതുണ്ട്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ബൃഹത്തായ ഒരു പദ്ധതി തന്നെ അതിനായി ആവിഷ്കരിച്ചിട്ടുണ്ട്. ദാനമായി സുമനസ്സുകൾ നൽകുന്ന വിലമതിക്കാനാകാത്ത സഹായം അൽപം പോലും പാഴാക്കാതെ അർഹതപ്പെട്ടവർക്ക് മാത്രം എത്തിച്ചുകൊടുക്കുന്ന, സംഘടന നേരിൽ തന്നെ ചുക്കാൻ പിടിക്കുന്ന പുനർനിർമാണ പ്രവർത്തനങ്ങളിൽ താങ്കളും പങ്കാളിയാവുക.

ടി.കെ.അശ്റഫ്
tkashraf100@gmail.com






# നന്ദിയുള്ളവരാവുക

**ഓ**രോ നിമിഷവും അല്ലാഹുവിന്റെ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ ആ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കൽ വിശ്വാസിയുടെ ബാധ്യതയാണ്. സ്രഷ്ടാവിനോട് നന്ദികേട് കാണിക്കൽ വലിയ അപരാധമാണ്.

നന്ദികേടിന്റെ വ്യക്തമായ അടയാളമാണ് ആഡംബരവും ധൂർത്തും. വിവാഹരംഗത്തും മറ്റും കാണിക്കുന്ന, തികച്ചും അനാവശ്യമെന്ന് ആർക്കും ബോധ്യമാകുന്ന ധൂർത്തും ആഡംബരവും ഒഴിവാക്കിയേ തീരൂ. ഓരോ ഇനം ഭക്ഷണവും രുചിച്ചുനോക്കുമ്പോഴേക്കും വയറുനിറയുന്ന രൂപത്തിൽ എണ്ണമറ്റ വിഭവങ്ങൾ വിളമ്പുകയും അവസാനം എത്രയോ ആളുകൾക്ക് കഴിക്കാൻ മാത്രമുള്ള ഭക്ഷണം മാലിന്യക്കൂമ്പാരത്തിൽ തള്ളുകയും ചെയ്യുന്നത് കൊണ്ട് ആർക്ക് എന്തു നേട്ടമാണുള്ളത്? നിലത്തുവീണ ഭക്ഷണ ശകലത്തിൽ  മാലിന്യം പുരണ്ടിട്ടില്ലെങ്കിൽ കഴുകി കഴിക്കണമെന്ന് പഠിപ്പിച്ച പ്രവാചകന്റെ അനുചരന്മാർക്ക് എങ്ങനെയാണ് ഭക്ഷണം പാഴാക്കാൻ സാധിക്കുക? ഭക്ഷണം, വസ്ത്രം, പാർപ്പിടം, വാഹനം എന്നിവ ആവശ്യത്തിനുള്ളത് മാത്രമെ വിശ്വാസികൾ ഒരുക്കേണ്ടതുള്ളൂ. അമിതത്വവും ആർഭാടവും  പൈശാചികതയാണ്.

ആധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുമ്പോഴും ഇക്കാര്യം നാം ഗൗരവപൂർവം പരിഗണിക്കേണ്ടതുണ്ട്. അടുക്കള ഉപകരണങ്ങൾ, ഇലക്ട്രോ

ണിക് ഉപകരണങ്ങൾ, മൊബൈൽ ഫോണുകൾ എന്നിവയെല്ലാം നമ്മുടെ ഉപയോഗത്തിന്റെ വ്യാപ്തിയും സാമ്പത്തികസ്ഥിതിയും പരിഗണിച്ചായിരിക്കണം വാങ്ങിക്കേണ്ടത്. ഒരേസാധനം തന്നെ വിപണിയിൽ വിവിധ വിലകളിൽ ലഭിക്കും. വില കൂടുന്നതിനനുസരിച്ച് സൗകര്യങ്ങളും വർധിക്കും. വലിയ വില കൊടുത്ത് വാങ്ങുമ്പോൾ അതിലുള്ള മുഴുവൻ സൗകര്യങ്ങളും നമുക്ക് ഉപയോഗിക്കാനാകുമോയെന്ന ആത്മപരിശോധന നടത്തണം. ഉപയോഗിക്കാനാവാത്ത സൗകര്യങ്ങൾ വില കൊടുത്തു വാങ്ങുന്നത് വിശ്വാസിക്ക് ഭൂഷണമല്ല.

ഇന്ന് ഏവർക്കും ഒഴിച്ചുകൂടാനാവാത്ത ഒരു ഉപകരണമാണ് മൊബൈൽ ഫോൺ. ആയിരം രൂപ മുതൽ ഒരുലക്ഷത്തിലധികം രൂപ വില വരുന്ന ഫോണുകൾ വിപണിയിലുണ്ട്. വില കൂടുന്നതിനനുസരിച്ച് സൗകര്യങ്ങളും ഗുണമേന്മയും വർധിച്ചുവരുന്നു. വലിയ വിലകൊടുത്ത് വാങ്ങുന്ന ഫോണുകളിലെ എത്രമാത്രം സൗകര്യങ്ങൾ നാം ഉപയോഗിക്കുന്നുണ്ട്? കേവലം ഫോൺ വിളിക്കലും മെസ്സേജ് അയക്കലും മാത്രമാണ് ഉദ്ദേശ്യമെങ്കിൽ എന്തിനാണ് ആയിരങ്ങൾ നൽകി ആൻഡ്രോയിഡ് ഫോണുകൾ വാങ്ങുന്നത്? ഇക്കാര്യത്തിൽ വിശ്വാസികൾ കാര്യമായ ആലോചന നടത്തണം. തന്റെ ഫോണിലെ സൗകര്യങ്ങൾ പരമാവധി നല്ല കാര്യങ്ങൾ അറിയാനും അറിയിക്കാനും ഉപയോഗപ്പെടുത്തണം. അല്ലാഹുവിനെ ഭയക്കുന്ന ഒരു വ്യക്തിക്ക്, പലരും ദുരുപയോഗം ചെയ്യുന്ന മൊബൈൽ ഫോണിലെ പലവിധ സൗകര്യങ്ങൾ അറിവ് നുകരാനും പകർത്താനും പ്രചരിപ്പിക്കാനും ഉപയോഗിക്കാൻ സാധിക്കണം. ഇന്റർനെറ്റിൽ നിന്ന് സമൂഹത്തെ അകറ്റിനിർത്തലല്ല, അതിനെ ശരിയായ വഴിയിൽ ഉപയോഗിക്കാൻ ബോധപൂർവം അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് പരിഹാരം. ഇസ്‌ലാമിക സംഘടനകൾ ഇക്കാര്യം സജീവമായി പരിഗണിക്കേണ്ടതാണ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഈ രംഗത്ത് ഒട്ടനവധി സംരംഭങ്ങൾ ഇതിനകംതന്നെ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിട്ടുണ്ട്. 'പീസ് റേഡിയോ' അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. ലക്ഷങ്ങൾ ഡൗൺലോഡ് ചെയ്യുകയും ആയിരങ്ങൾ ഒരേസമയം ശ്രവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പീസ് റേഡിയോ മലയാളികൾ കക്ഷിഭേദമന്യെ നെഞ്ചിലേറ്റിയത് ഇന്റർനെറ്റ് ലോകത്ത് നന്മയന്വേഷിക്കുന്നവരുടെ ദാഹമാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. എല്ലാ ദിവസവും അഞ്ചുമിനുട്ട് മാത്രമുള്ള 'നേർവഴി' പ്രഭാഷണവും 'വഴിവിളക്ക്' എന്ന സന്ദേശ പോസ്റ്ററും കുട്ടികൾക്കായുള്ള 'തേൻ മൊഴി'യും എല്ലാം ഈ രംഗത്ത് ജനശ്രദ്ധയാകർഷിച്ച സംരംഭങ്ങളാണ്. കൂടാതെ ആഴ്ചതോറുമുള്ള ഖുത്വുബകളും ക്ലാസുകളും ഓൺലൈനിലൂടെ ശ്രവിക്കുന്ന ആയിരങ്ങളുണ്ട്. 'മീഡിയ സ്‌കൂളി'ന്റെ ആഭിമുഖ്യത്തിൽ ഷോർട്ട് വീഡിയോ ക്ലിപ്പുകളും സംഘടനയുടെയും മറ്റും പേരിലുള്ള ഫെയ്‌സ്ബുക്ക് പേജുകളിൽ വരുന്ന തൽസമയ വാർത്തകളും കുറിപ്പുകളും ഇന്റർനെറ്റ് ഉപയോഗത്തെ നന്മയുടെ വഴിയിലേക്ക് ചേർത്ത് നിർത്തുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിക്കുന്നുണ്ട്. സംഘടനയുടെ മുഖപത്രമായ 'നേർപഥ'ത്തിൽ വരുന്ന ലേഖനങ്ങൾ ഓൺലൈൻ പതിപ്പിൽ വായിക്കാൻ കാത്തിരിക്കുന്നവരുടെ എണ്ണവും വർധിച്ചുവരികയാണ്.

സംഘടനയുടെ പ്രവർത്തനങ്ങൾ അടുത്തൊരു ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ മുഴുവൻ മെമ്പർമാരും ഓൺലൈനിലുള്ള പ്രബോധന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള പ്രാവീണ്യം നേടിയവരാകണമെന്ന കാഴ്ചപ്പാട് അനുസരിച്ചുള്ള പ്രത്യേക പദ്ധതിയായ 'വിസ്ഡം ഗൈഡ്' എന്ന പുതിയ സംരംഭത്തിന് സംഘടന തുടക്കം കുറിച്ചിരിക്കുകയാണ്. വലിയ ആവേശത്തോടെയാണ് പ്രവർത്തകർ ഇതിന്റെ പ്രാഥമിക ഘട്ടത്തെ സ്വീകരിച്ചിരിക്കുന്നത്. പ്രതീക്ഷിച്ചതിൽ അധികം വേഗതയിൽ ആപ്ലിക്കേഷൻ പരിചയപ്പെടാൻ നല്ലൊരു വിഭാഗത്തിന് ഇതിനകംതന്നെ സാധിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി വിസ്ഡം ഗൈഡ് ലക്ഷ്യം പൂർത്തീകരിക്കും, ഇൻശാ അല്ലാഹ്.

ഇസ്‌ലാമിക വിമർശനങ്ങൾ ശരവേഗത്തിൽ സഞ്ചരിക്കുമ്പോൾ അതിനുള്ള പ്രതിരോധം ഒച്ച് വേഗതയിലായിക്കൂടാ. ആധുനിക സങ്കേതങ്ങൾ പ്രബോധനരംഗത്ത് ഫലപ്രദമായി പ്രയോഗവത്കരിച്ച മുജാഹിദ് പ്രസ്ഥാനത്തിന്റെ ഇന്നലെകളിൽ നിന്ന് ആവേശമുൾക്കൊണ്ട്, അതിന്റെ തുടർച്ച നിർവഹിക്കുകയാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ. കമ്പ്യൂട്ടറും മൊബൈൽ ഫോണും പരമാവധി നന്മയുടെ മാർഗത്തിൽ ഉപയോഗിക്കാൻ നാം തയ്യാറാവുക. തിന്മയുടെ മാർഗത്തിൽ അവ ഉപയോഗിക്കാതിരിക്കുക. അവസരത്തിനനുസരിച്ച് ഉയർന്ന് പ്രവർത്തിക്കുക. അല്ലാഹുവിന്റെ നിരീക്ഷണത്തിൽനിന്ന് ഒരു സെക്കന്റ് സമയം പോലും നാം പുറത്താകുന്നില്ല എന്ന ബോധം നിലനിർത്തുക. സർവശക്തൻ അനുഗ്രഹിക്കട്ടെ. ●

പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി



ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 5



# ജാമിഅ നദ്‌വിയ്യ പിറക്കുന്നു

**ജാമിഅ നദ്‌വിയ്യ**

മലയാളത്തിൽ ഖുത്വുബ നടത്താൻ പറ്റുന്ന പണ്ഡിതന്മാരുടെ അഭാവം, നിലവിലുണ്ടായിരുന്ന പണ്ഡിതന്മാരുടെ വിയോഗം; പ്രായാധിക്യം, കെ.എം.മൗലവി, പറപ്പൂർ അബ്ദുറഹ്മാൻ മൗലവി, കെ.കെ.എം.ജമാലുദ്ദീൻ മൗലവി, വാണിയമ്പലം കമ്മു മൗലവി, എം.സി.സി. മൗലവിമാർ പോലെയുള്ള ഉന്നത പണ്ഡിതന്മാരുടെ വേർപാട് ഇതുകൾ മുജാഹിദു നേതാക്കന്മാരുടെയും പണ്ഡിതന്മാരുടെയും കണ്ണുകൾ തുറപ്പിച്ചു. നിലവിലുള്ള പണ്ഡിതന്മാരുടെ പിറകെ ആ രംഗം നികത്തുവാൻ ഒരു പിൻതലമുറ കെട്ടിപ്പെടുക്കേണ്ടതിന്റെ ആവശ്യകത നേതാക്കളെ ഇരുത്തി ചിന്തിപ്പിച്ചു. പല കൂടിയാലോചനാ യോഗങ്ങളും നടന്നു.

1964 ജൂൺ മാസത്തിൽ പട്ടാളപ്പള്ളിയുടെ മുകളിൽ[26] എ.അലവി മൗലവിയും എ.കെ. അബ്ദുല്ലത്തീഫ് മൗലവിയും കൂടി കേരളത്തിൽ ഉടനീളമുള്ള പ്രധാന പണ്ഡിതന്മാരെയും നേതാക്കളെയും ക്ഷണിച്ചുകൊണ്ടുള്ള ഒരുയോഗം സംഘടിപ്പിച്ചു. ആ യോഗത്തിൽ വെച്ചാണ് ജാമിഅ നദ്‌വിയ്യ രൂപംകൊണ്ടത്. ആ യോഗത്തിൽ ഞാൻ പങ്കാളിയായിരുന്നു. എവിടെ തുടങ്ങണമെന്ന കാര്യത്തിൽ പല അഭിപ്രായങ്ങളും പൊന്തിവന്നു. വയനാട്ടിൽ തുടങ്ങുകയാ

ണെങ്കിൽ ആവശ്യമുള്ള സ്ഥലവും പതിനായിരം ഉറുപ്പികയും തരാമെന്നു പിണങ്ങോട്ടു മമ്മുസാഹിബ് പറഞ്ഞു. എടവണ്ണയിൽ തന്നെ ആയിരിക്കണമെന്ന് അലവി മൗലവിയും പറഞ്ഞു. എടവണ്ണയിൽ തുടങ്ങുകയാണെങ്കിൽ അതിനു വേണ്ടുന്ന സ്ഥലം കണ്ടെത്താൻ അലവി മൗലവിയെ തന്നെ ചുമതലപ്പെടുത്തിക്കൊണ്ടാണ് യോഗം പിരിഞ്ഞത്. ഈ യോഗത്തിലും തുടർന്നുള്ള യോഗത്തിലും ഞാൻ ആദ്യന്തം പങ്കെടുക്കാറുണ്ടായിരുന്നു.

ജാമിഅക്ക് വേണ്ട സ്ഥലം കിട്ടാൻ അത്തിക്കൽ അഹ്മദ്കുട്ടി ഹാജി സാഹിബിനെ ആദ്യമായി സമീപിച്ചതും ഞാൻ തന്നെയായിരുന്നു. 1964ൽ എടവണ്ണ ചെറിയ പള്ളിക്കൽ വെച്ച് ഒ.ടി.കുഞ്ഞിപ്പക്കി സാഹിബ്, ചീഫ് എഞ്ചിനിയർ കുട്ട്യാമു സാഹിബ് ഇവരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ കോളേജിന്റെ പ്രവർത്തനം ഉത്ഘാടനം ചെയ്തു.

1964ൽ ആരംഭിച്ച ട്രസ്റ്റിൽ ഞാൻ തുടക്കം മുതൽ ട്രസ്റ്റംഗമായിരുന്നു. 1968വരെ ട്രസ്റ്റംഗമായും 1968 മുതൽ 74 കൂടിയ കാലങ്ങളിൽ ട്രസ്റ്റിയായും 1974മുതൽ 83കൂടിയ കാലം ട്രസ്റ്റ് ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. 1983 മുതൽ വൈസ് ചെയർമാനായും പ്രവർത്തിച്ചുവരുന്നു.

**ലജ്നത്തുൽ ഇസ്‌ലാഹ്, എടവണ്ണ**

അത്തിക്കൽ അഹ്മദ് കുട്ടി ഹാജി ലജ്നത്തിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു. അദ്ദേഹത്തിനു ശേഷം ഒരു കൊല്ലം ഞാൻ പ്രസിഡന്റായി. പിന്നെ രാജിവെച്ചു.

**ഡോ. ഗഫൂർ മെമ്മോറിയൽ**
**എം.ഇ.എസ്. മമ്പാട് കോളേജ്**

മമ്പാട് കോളേജ് സ്ഥാപിച്ചത് 1965ലാണ്. സി.എൻ.അഹ്മദ് മൗലവിയും അത്തൻമോയിൻ അധികാരിയുമാണ് അതിന്റെ ശിൽപികൾ. കോളെജ് പ്രവർത്തനത്തിന് രൂപീകരിച്ച ഏറനാട് എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ ആദ്യപ്രസിഡന്റ് സി.എൻ. അഹ്മദ് മൗലവിയും സെക്രട്ടറി അത്തൻമോയിൻ അധികാരിയും ആയിരുന്നു.

അംഗങ്ങൾ: 1. അത്തിക്കൽ അഹ്മദ് കുട്ടി ഹാജി, 2. പി.വി.മുഹമ്മദ് ഹാജി, 3. എം.പി.എം. അഹ്മദ് കുരിക്കൾ, 4. കൊരമ്പയിൽ അഹ്മദ് ഹാജി, 5. കെ.ടി.കുഞ്ഞാൻ, 6. എം.കെ.ഹാജി എന്നിവരായിരുന്നു.

കോളെജിനുവേണ്ടി 25 ഏക്ര സ്ഥലം അത്തൻമോയിൻ അധികാരി സംഭാവന ചെയ്തു. മാത്രമല്ല, കോളെജിന് വേണ്ടുന്ന മറ്റുപല സൗകര്യങ്ങളും അധികാരി ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. റബ്ബർ വെച്ച 40 ഏക്ര സ്ഥലവും അത്തൻമോയിൻ അധികാരി കൈക്ക് കിട്ടിയതാണ്. കോളെജ് ആദ്യം തുടങ്ങിയതും അധികാരിയുടെ മമ്പാട്ടുള്ള യു.പി.സ്കൂളിൽ വെച്ചായിരുന്നു. പിന്നീട് അധികാരി കൊടുത്ത പറമ്പിൽ അധികാരി ഉണ്ടാക്കിയ ബിൽഡിംഗിലേക്ക് മാറ്റി.

ഏറനാട് എഡ്യുക്കേഷണൽ ട്രസ്റ്റ് സാമ്പത്തികമായി വളരെ വിഷമിച്ചു കൊണ്ടാണ് പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോയിരുന്നത്. ആദ്യം സി.എൻ.അഹ്മദ് മൗലവിയായിരുന്നു പ്രസിഡന്റ്. പിന്നെ പാണക്കാട് പൂക്കോയ തങ്ങൾ പ്രസിഡന്റായി. 1969ൽ എം.ഇ.എസ്സിന് ഏൽപിച്ചുകൊടുക്കാൻ തീരുമാനിച്ചു.

ഏറ്റെടുക്കുന്ന കാര്യത്തിൽ എം.ഇ.എസ്സിൽ പൂർണ യോജിപ്പുണ്ടായിരുന്നില്ല. ഗഫൂർ സാഹിബിന്റെ ധീരമായ നടപടികൊണ്ടാണ് എം.ഇ.എസ്. ഏറ്റെടുക്കാൻ തീരുമാനിച്ചത്.

1,23,000 ഉറുപ്പിക കടത്തോടുകൂടിയാണ് കോളെജ് എം.ഇ.എസ്. ഏറ്റെടുത്തത്. എം.ഇ.എസ്. ഏറ്റെടുത്ത് രൂപീകരിച്ച ആദ്യ കമ്മറ്റി 1969ൽ എന്നെ പ്രസിഡന്റായി തെരെഞ്ഞെടുത്തു. ആദ്യയോഗം മഞ്ചേരി ഹൈസ്ക്കൂളിലാണ് കൂടിയത്.

ഒരു കൊല്ലം കൊണ്ട് സർവ്വശക്തനായ റബ്ബിന്റെ സഹായത്താൽ കടങ്ങളെല്ലാം തീർന്നു. ഒരു ലൈബ്രറി കെട്ടിടത്തിന്റെ പണിയും തീർത്തു. അടുത്തകൊല്ലം മൂന്നുലക്ഷം ഉറുപ്പികയുടെ എസ്റ്റിമേറ്റിൽ ലേബട്രിക്ക് ഒരു കെട്ടിടവും മൂന്നുലക്ഷം ഉറുപ്പികയുടെ എ

**ഹിന്ദുക്കളും മുസ്‌ലിംകളും ജാതിമത വ്യത്യാസമില്ലാതെ അന്യോന്യം സഹായിക്കുകയും ആശുപത്രിയിലേക്കോ മറ്റോ എടുത്തുകൊണ്ടുപോകേണ്ടി വന്നാൽ ഹിന്ദുവിനെ മുസൽമാനും മുസൽമാനെ ഹിന്ദുവും വകതിരുവില്ലാതെ ഏറ്റിക്കൊണ്ടുപോകുകയും ചെയ്തിരുന്നു. അതുകാരണം പല ഹിന്ദു കുടുംബങ്ങളും ഇസ്‌ലാംമതം സ്വീകരിക്കകൂടി ചെയ്തിട്ടുണ്ട്. അങ്ങിനെ നല്ലൊരു വിഭാഗം ആൾക്കാർ ഇസ്‌ലാമായി. പുതിയ മുസ്‌ലിമെന്നും പഴയ മുസ്‌ലിമെന്നും വ്യത്യാസമില്ലാതെ വിവാഹബന്ധം നടത്തിയും മറ്റ് നിലക്കും സൗഹാർദത്തിൽ കൂട്ടുകുടുംബമായി കഴിഞ്ഞുകൂടുന്ന സുന്ദരമായ ഒരന്തരീക്ഷമാണ് നാട്ടിലുണ്ടായിരുന്നത്.**

സ്റ്റിമേറ്റിൽ ഒരു ലേഡീസ് ഹോസ്റ്റലും പണിതീർത്തു. ആയിടക്ക് ഒരു വിമെൻസ് ഹോസ്റ്റൽ കെട്ടിടം എന്റെ വാപ്പ മുഹമ്മദാജി മെമ്മോറിയലായും ഞാൻ പണികഴിപ്പിച്ചു കൊടുത്തു. കോളെജിലേക്കു ചെല്ലുമ്പോൾ ആദ്യമായി കാണുന്ന മെയിൻ ബിൽഡിംഗ് 1985ൽ അഞ്ചു ലക്ഷം ഉറുപ്പിക ചിലവിൽ നിർമിച്ചതാണ്.

കോളെജിന്റെ അന്തസ്സ് കാണിക്കുന്ന ഒരു ഗൈറ്റ് വി.പി. തൃമ്മതി ഉണ്ടാക്കി തന്നിട്ടുണ്ട്. വിശാലമായ ഒരു പള്ളിയും അത്തൻ മോയിൻ അധികാരി ഉണ്ടാക്കിത്തന്നതിൽ പെട്ടതാണ്.

ഒരു സമുദായ സ്നേഹി, കെ.പി.ഹസ്സൻ ഹാജി മുഖേന നൽകിയ പണം കൊണ്ട് പള്ളിയുടെ മുൻഭാഗം ഭംഗിയുള്ള രീതിയിൽ മോഡിഫിക്കേഷൻ വരുത്തിയിട്ടുണ്ട്.

ഇപ്പോൾ 12 ക്ലാസ് റൂമുകളുള്ള ഒരു മൂന്നുനില കെട്ടിടം 12 ലക്ഷം ഉറുപ്പിക എസ്റ്റിമേറ്റിൽ പണിനടക്കുന്നുണ്ട്. മൂന്ന് ലക്ഷം രൂപ എസ്റ്റിമേറ്റിൽ മറ്റൊരു ലേഡീസ് ഹോസ്റ്റലിന്റെ പണിയും നടക്കുന്നുണ്ട്. 5 ലക്ഷം ഉറുപ്പികയുടെ എസ്റ്റിമേറ്റിൽ യു.ജി.സി.യുടെ സഹായത്തോടെ ഒരു സ്റ്റേഡിയത്തിന്റെ പണി ആരംഭിക്കുവാൻ പോവുകയാണ്.

40 ഏക്ര സ്ഥലത്ത് റബ്ബർ വെച്ചത് ടാപ്പിംഗ് നടക്കുന്നുണ്ട്. ഇതൊക്കെ പറയുമ്പോൾ അതുകൾ എന്റെ നേട്ടമായി പറയുകയാണെന്ന് ധരിക്കരുത്. എല്ലാം ചെയ്യുന്നത് പ്രിൻസിപ്പാളും മാനേജിംഗ് കമ്മറ്റിയുമാണ്. എല്ലാം എം.ഇ.എസ്.ന്റെയും മാനേജിംഗ് കമ്മറ്റിയുടെയും നേട്ടം മാത്രമാണ്.

1969ൽ വലിയ കടത്തോടു കൂടി ഏറ്റെടുത്ത ഈ സ്ഥാപനം ഇന്ന് ലക്ഷക്കണക്കിന് ഉറുപ്പികയുടെ ആസ്തിയുള്ള ഒരു വലിയ സ്ഥാപനമായി ഉയർത്താൻ എം.ഇ.എസ്.ന്റെ ഭാരവാഹികളായ ഞങ്ങൾക്ക് കഴിവുനൽകിയ സർവ്വശക്തനായ അല്ലാഹുവിനെ സ്തുതിക്കുന്നു. ഇന്ന് 4 പി.ജി. കോഴ്സുള്ള ഏറ്റവും ഉന്നതമായ കോളെജുകളിൽ ഒന്നാണ് മമ്പാട് കോളെജ്.

1969മുതൽ 1993ൽ ഇതുവരെ പ്രസിഡന്റായി തുടരാൻ തൗഫീഖ് നൽകിയ അല്ലാഹുവിന് വീണ്ടും സ്തുതി.

### ഒതായി പ്രദേശത്തിന്റെ കിടപ്പ്

ഇന്നത്തെ ഒതായി, കിഴക്കെ ചാത്തല്ലൂർ, പടിഞ്ഞാറെ ചാത്തല്ലൂർ എല്ലാ കാര്യങ്ങളിലും ഒരു മഹല്ലായി നിന്നിരുന്നു. ആ ഒതായിയാണ് ഇന്നെന്റെ ധാരണയിലുള്ളത്. മൂന്നുഭാഗവും വൻമരങ്ങളാൽ നിബിഢമായ കറുത്തുപുകയുന്ന മലകളാലും ഒരു ഭാഗം കളകളാരവത്തോടെ പടിഞ്ഞാട്ട് കുതിച്ചോടിക്കൊണ്ടിരിക്കുന്ന ചാലിയാർ പുഴയാലും ചുറ്റപ്പെട്ടുകിടന്നിരുന്ന ഒരു പ്രദേശമാണ് ഒതായി. വർഷകാലത്ത് നാടിന്റെ ഇതരഭാഗങ്ങളിൽനിന്ന് ഒറ്റപ്പെട്ടുപോകുന്ന ഒരു പ്രദേശമായിരുന്നു ഇത്. 1986ൽ അരീക്കോട്, തിരട്ടമ്മൽ പാലങ്ങൾ വന്നപ്പോഴാണ് ചെറിയതോതിലായാലും ഒരു മാറ്റമുണ്ടായത്.



**ഇന്നത്തെ ഒതായി, കിഴക്കെ ചാത്തല്ലൂർ, പടിഞ്ഞാറെ ചാത്തല്ലൂർ എല്ലാ കാര്യങ്ങളിലും ഒരു മഹല്ലായി നിന്നിരുന്നു. ആ ഒതായിയാണ് ഇന്നെന്റെ ധാരണയിലുള്ളത്. മൂന്നുഭാഗവും വൻമരങ്ങളാൽ നിബിഢമായ കറുത്തുപുകയുന്ന മലകളാലും ഒരു ഭാഗം കളകളാരവത്തോടെ പടിഞ്ഞാട്ട് കുതിച്ചോടിക്കൊണ്ടിരിക്കുന്ന ചാലിയാർ പുഴയാലും ചുറ്റപ്പെട്ടുകിടന്നിരുന്ന ഒരു പ്രദേശമാണ് ഒതായി. വർഷകാലത്ത് നാടിന്റെ ഇതരഭാഗങ്ങളിൽനിന്ന് ഒറ്റപ്പെട്ടുപോകുന്ന ഒരു പ്രദേശമായിരുന്നു ഇത്. 1986ൽ അരീക്കോട്, തിരട്ടമ്മൽ പാലങ്ങൾ വന്നപ്പോഴാണ് ചെറിയ തോതിലായാലും ഒരു മാറ്റമുണ്ടായത്.**

**1961ൽ എടവണ്ണയിൽ ഒരു യതീംഖാന സ്ഥാപിതമായി. യതീംഖാന നിലനിൽക്കുന്ന സ്ഥലവും 5000 ഉറുപ്പികയും കൊടുത്തുകൊണ്ട് തച്ചറമ്പൻ കമ്മതാജിയാണ് തുടക്കമിട്ടത്. പി.വി. മുഹമ്മദാജി എട്ടര ഏക്ര കവുങ്ങിൻ തോട്ടം അതിലേക്ക് വഖഫ് ചെയ്തു. അത്തിക്കൽ അഹമ്മദ് കുട്ടി ഹാജി തിരുവാലിയിൽ ഒന്നര ഏക്ര നിലവും യതീംഖാനക്ക് കൊടുത്തു.**

**ജനങ്ങൾ**

പഴയകാലത്ത് ചെട്ടികളും[27] ആര്യസന്തതികളും[28] തിങ്ങിതാമസിച്ചിരുന്നു. മിക്ക പറമ്പുകളിലും വലിയ വെട്ടുകൽ പടവുകൾ കാണുന്നുണ്ട്. കുറെ അമ്പലങ്ങളുടെ അവശിഷ്ടങ്ങളും ഇവിടെയുണ്ട്. പരശുരാമൻ കുന്നത്ത് എന്ന പേരിൽ ഒരു വലിയ കുടുംബംതന്നെ ഈ പ്രദേശത്തുണ്ട്. ചെക്കുന്നൻ മലയുടെ മുകളിൽ ഈ അടുത്തകാലത്ത് വരെ നായ, നരി, സിംഹം, പശു എന്നിവയുടെ ധാരാളം പ്രതിഷ്ഠയുണ്ടായിരുന്നു. നായാട്ടുകാരും ഒരങ്കോൽ[29], കുടക്കാൽ പണിക്കാരും ആ വഴിക്ക് പോകുമ്പോൾ ചില പ്രതിമകൾ നാട്ടിലേക്ക് കൊണ്ടുവന്നിരുന്നു. ഇതുകൊണ്ട് മനസ്സിലാവുന്നത് മുമ്പ് ജനങ്ങൾ തിങ്ങിത്താമസിച്ചിരുന്ന ഒരു പ്രദേശമായിരുന്നു ഇത് എന്നാണ്. ഇന്നു പലരും ഇംഗ്ലീഷ് പദങ്ങൾ കൂട്ടി മലയാളം സംസാരിക്കുന്നത് പോലെ തമിഴ് കൂട്ടിക്കലർത്തി സംസാരിക്കുന്ന ശൈലിയായിരുന്നു അന്നുണ്ടായിരുന്നത്. തമിഴുമായി ഇഴുകിച്ചേർന്ന് ജനങ്ങൾ മലയാള ഭാഷക്ക് തന്നെ തമിഴുചുവ നൽകിയിരുന്നു. ഏഴ്(ഏള്), എഴുപത്(ഏഗ്ഗത), പഴം(പളം), കഴുത(കളുത), കിഴവൻ(കിളവൻ), വെള്ളം(തണ്ണീർ) എന്നിങ്ങനെയായിരുന്നു സംസാര ശൈലി.

എന്നാൽ 1920ന് ശേഷം മുസ്‌ലിംകൾക്ക് പുറമെ ഒരു നമ്പൂതിരി കുടുംബവും ഒരു എഴുത്തച്ചൻ കുടുംബവും കുറെ കുശവന്മാരും മാത്രമെ ഇവിടെ ഉണ്ടായിരുന്നുള്ളൂ. മേനോൻ കുടുംബവും എഴുത്തച്ചൻ കുടുംബവും ഈ നാട്ടുകാരായിരുന്നില്ല. ഹരിജനങ്ങളും ഈഴവരും ചാത്തല്ലൂരിലും ഒതായിയിലും അന്നും ഇന്നും ഉണ്ട്. പാലക്കൽ ഇല്ലത്ത് നമ്പൂതിരിയുടേതാണ് നമ്പൂതിരി കുടുംബം. അവർക്ക് ഒന്നുരണ്ട് അമ്പലങ്ങൾ ചാത്തല്ലൂരിൽ ഇന്നും നിലവിൽ ഉണ്ട്. ഈ നമ്പൂതിരി കുടുംബം വിളയിൽ പറപ്പൂർ ദേശക്കാരാണ്.

ചാത്തല്ലൂരിൽ ഉള്ള നായന്മാരുടെ സ്വഭാവവും പെരുമാറ്റവും അന്നും ഇന്നും ഏറ്റവും മെച്ചപ്പെട്ടതാണ്. ഒരൊറ്റ കളവുകേസോ, മറ്റു ദുർനടപടികളോ അവരുടെ ഭാഗത്തുനിന്നും അടുത്തകാലത്ത് വരെ ഉണ്ടായിട്ടില്ല എന്നാണ് എന്റെ ഓർമ. ഈ ലേഖകൻ ഈ നാട്ടിൽ 35 കൊല്ലം അധികാരി[30]യായിട്ടുകൂടി പ്രവർത്തിച്ചതിന്റെ വെളിച്ചത്തിലാണ് ഇത് പറയുന്നത്. മുൻകാലത്ത് മുസ്‌ലിംകളുടെ ഉറ്റ സുഹൃത്തുക്കളും വിശ്വസ്ത സേവകരും നായന്മാരായിരിരുന്നു. എന്റെ ഉപ്പാപ്പ ഉമ്മർ ഹാജി എന്നവരുടെ റിക്കാർഡുകൾ പരിശോധിക്കുമ്പോൾ പൂളക്കൽ കുടുംബത്തിന്റെയും ചില പൊതിയൻ കുടുംബത്തിന്റെയും പേരിലുള്ള ബിനാമി ആധാരങ്ങൾ കാണുന്നുണ്ട്. പൂളക്കൽ വലിയ കുഞ്ഞൻ നായർ, പൂളക്കൽ വലിയ അപ്പുനായർ, പൊതിയിൽ കുഞ്ചൻനായർ എന്നിവരുടെയും മറ്റും പേരിൽ പല സ്വത്തുക്കളും ബിനാമി ആയി വെച്ചിരുന്നു.

ഉമർഹാജിയുടെ കണക്കപ്പിള്ള തൃക്കളങ്ങോട്ടുകാരൻ കേശവൻനായർ എന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്റെ കയ്യക്ഷരത്തിലുള്ള പലകണക്ക് പുസ്തകങ്ങളും രേഖകളും ഇന്നും ഈ ലേഖകന്റെ കയ്യിലുണ്ട്.

ഹിന്ദുക്കളും മുസ്‌ലിംകളും ജാതി മത വ്യത്യാസമില്ലാതെ എല്ലാ കല്യാണങ്ങളിലും അടിയന്തരാദികളിലും പങ്കെടുക്കുകയും സുഖക്കേടായാൽ അന്യോന്യം സഹായിക്കുകയും ആശുപത്രിയിലേക്കോമറ്റോ എടുത്തുകൊണ്ടുപോകേണ്ടി വന്നാൽ ഹിന്ദുവിനെ മുസൽമാനും മുസൽമാനെ ഹിന്ദുവും വകതിരുവില്ലാതെ ഏറ്റിക്കൊണ്ടുപോകുകയും ചെയ്തിരുന്നു. ജാതി ചിന്തയില്ലാതെ ഒരൊറ്റ കുടുംബത്തിലെ അംഗങ്ങളെപ്പോലെ സുഖദുഃഖങ്ങൾ പങ്കിട്ടുകൊണ്ടാണവർ കഴിഞ്ഞിരുന്നത്. അതുകാരണം പല ഹിന്ദു കുടുംബങ്ങളും ഇസ്‌ലാംമതം സ്വീകരിക്കകൂടി ചെയ്തിട്ടുണ്ട്. അങ്ങിനെ നല്ലൊരു വിഭാഗം ആൾക്കാർ ഇസ്‌ലാമായി. പുതിയ മുസ്‌ലിമെന്നും പഴയ മുസ്‌ലിമെന്നും വ്യത്യാസമില്ലാതെ വിവാഹബന്ധം നടത്തിയും മറ്റ് നിലക്കും സൗഹാർദത്തിൽ കൂട്ടുകുടുംബമായി കഴിഞ്ഞുകൂടുന്ന സുന്ദരമായ ഒരന്തരീക്ഷമാണ് ഈ നാട്ടിലുള്ളത്.

**റഫറൻസ്:**

26. കോഴിക്കോട്
27. ഹിന്ദുക്കൾ
28. നായന്മാർ
29. വാഴക്ക് ഊന്നായി നൽകുന്ന മുളകളും മറ്റും ഉപയോഗിച്ചുള്ള താങ്ങ്
30. ഇന്നത്തെ വില്ലേജ് ഓഫിസറുടെ പദവിക്ക് തുല്യം **(അവസാനിച്ചില്ല)**

മുഹമ്മദ് അബ്ദുൽ ഖാദിർ. എം
mail@nerpatham.com



# വിസ്ഡം ഡയലോഗ്: കാലം കാത്തിരുന്ന ധൈഷണിക നിയോഗം

സത്യത്തിന്റെ വേഷഭൂഷാദികളണിഞ്ഞ വ്യാജത്തെ നവീനമായ വിവരവിനിമയ സങ്കേതങ്ങളുടെ സഹായത്തോടെ മസ്തിഷ്‌കങ്ങളിൽ മുദ്രിതമാക്കുന്ന ഈ കാലത്ത് നബിചരിതത്തോളം ആക്രമിക്കപ്പെട്ട മറ്റേതൊരു ചരിത്ര നിക്ഷേപമാണ് പാരിടത്തിലുള്ളത്?

വിമർശനത്തിന്റെ സകല സീമകളും ഉല്ലംഘിച്ച്, പച്ചക്കളവുകളുടെയും കപടാത്മകമായ അവതരണ ശൈലിയുടെയും ചതിയും വഞ്ചനയും നിറഞ്ഞ പ്രയോഗപരതയുടെയും സങ്കേതങ്ങളിലൂടെയാണ് ഇസ്‌ലാമോഫോബിക് ഉൻമാദികൾ പേജിലും സ്റ്റേജിലും ഇ-മീഡിയകളിലും തിമർത്താടുന്നത്.

ചരിത്ര വസ്തുതകളെന്ന വ്യാജേന ഗ്രന്ഥക്കുറിപ്പുകൾ പേജ് നമ്പർ സഹിതം കൊടുത്ത്, തങ്ങളുടെ മനോവൈകൃതത്തിന്റെ കോൺടെക്സ്റ്റിലേക്ക് പരാവർത്തനം ചെയ്യപ്പെട്ട കൃത്രിമവും ബീഭത്സവുമായ നബിനിന്ദാ രചനകൾ സൈബറിടത്തിൽ വിഷം പ്രസരിപ്പിച്ച് അൽപജ്ഞാനികളുടെ മസ്തിഷ്‌കങ്ങളിൽ രോഗബീജങ്ങൾ വിതയ്ക്കാൻ തുടങ്ങിയിട്ട് കുറച്ചു നാളായി. പുണ്യദൂതന്റെﷺ രിസാലത്തിന്റെ സുഗന്ധവലയത്തിലുള്ളവരെ ഈവക കോപ്രായങ്ങൾ കൊണ്ടൊന്നും വിരട്ടാനാവില്ലെങ്കിലും, മതവിജ്ഞാനം കൊണ്ട് ദരിദ്രവും ഇതരവിജ്ഞാനീയങ്ങൾ കൊണ്ട് സമ്പന്നവുമായ ധൈഷണിക ഇടങ്ങളിൽ സന്ദേഹത്തിന്റെ നിഴൽപരത്താൻ ഇത്തരം കുത്സിത വൃത്തികൾ പ്രേരകമാകുന്നില്ലെന്നു പറഞ്ഞുകൂടാ.

ചിന്താമണ്ഡരി ബാധിച്ച അത്തരം രോഗ പ്രസാരകരുടെയും രോഗബാധിതരുടെയും തോറ്റം പാട്ടാണ് അക്ഷരരൂപം പ്രാപിച്ചും ട്രോളുകളായവതരിച്ചും സൈബർ വോളുകളിൽ പ്രത്യക്ഷപ്പെടുന്നത്. ഇത്തരം പ്രവണതകളെ പരിഗണിക്കാതെ അവഗണിച്ചു തള്ളുന്നത് അവർക്ക് അഹങ്കരിച്ചു മുന്നേറാനും കൂടുതൽ ചിന്തകളിലേക്ക് രോഗം പ്രസരിപ്പിക്കാനുമുള്ള വഴി സുഗമമാക്കുമെന്നുറപ്പ്.

കാലത്തിന്റെ മാറ്റവും സാങ്കേതിക മികവിൽ മനുഷ്യൻ എത്തിനിൽക്കുന്ന നിലവാരവും അവ തലച്ചോറുകളിൽ സൃഷ്ടിക്കുന്ന അനുരണനങ്ങളും മനസ്സിലാക്കി, വേണ്ടത് വേണ്ട സമയത്ത് മുറപോലെ നിർവഹിക്കാനും, സമ്പന്നമായ വൈജ്ഞാനികശേഷി കൊണ്ട് വെല്ലുവിളികളെ പ്രതിരോധിക്കാനും, വസ്തുതകൾ കൊണ്ട് അനുമാനങ്ങളെ അതിജയിക്കാനുമാണ് വർത്തമാന കാലത്തു ജീവിക്കുന്ന പ്രബോധകർ പരിശ്രമിക്കേണ്ടത്.

ഇത്തരമൊരു ഘട്ടത്തിലാണ്, നാളെ ചരിത്രത്തിലിടം പിടിക്കേണ്ട മഹത്തരമായ ഒരു ദൗത്യത്തിന് വിസ്ഡം ഗ്ലോബൽ മിഷൻ നാന്ദി കുറിച്ചിരിക്കുന്നത്. നാന്ദി കുറിക്കുക എന്ന പ്രയോഗത്തെക്കാൾ, 'തുടർച്ചയ്ക്ക് ഒരു പുതിയ വേർഷൻ നൽകിയിരിക്കുന്നത്' എന്ന വിശേഷണമാണു നല്ലതെന്നു തോന്നുന്നു. ഈ രംഗത്ത് ഇദംപ്രഥമമായൊരു സംരംഭമല്ലല്ലോ ഇത്. പക്ഷേ, നൂതന സങ്കേതങ്ങളുപയോഗിച്ച്, സകല വിജ്ഞാനീയങ്ങളെയും ചേർത്തുപിടിച്ച് നടത്തുന്ന മഹിതമായൊരു ധൈഷണിക കുതിച്ചുചാട്ടമാണിത്. നാളെയുടെ ചരിത്ര രചനകളിൽ മറക്കാനാവാത്തൊരു കാലിക നിയുക്തി.

ആ പ്രൗഢമായ സദസ്സിൽ ചെന്നിരുന്നപ്പോൾ തന്നെ മനസ്സിൽ വല്ലാത്തൊരു പ്രശാന്തത! എത്ര മനോഹരം! മിഴിവാർന്ന അക്ഷരങ്ങൾ ബിഗ് സ്ക്രീനിൽ ചരിത്രസാക്ഷ്യങ്ങളെ അടയാളപ്പെടുത്തുമ്പോൾ, സ്ഫുടമായ പൗരുഷസൂക്തികളുടെ ഗാംഭീര്യം കർണപുടങ്ങളെ ഉണർത്തുകയും ഹൃദയങ്ങളെ ഉദ്ഫുല്ലമാക്കുകയും ചെയ്തു; അൽഹംദുലില്ലാഹ്! കാലത്തിന്റെ സൈബറെഴുത്തു വായിച്ച് ദീനീ ദഅ്‌വത്തിന്റെ നിലപാടുതറയിലൂന്നി നിന്നുകൊണ്ട്, ചിന്താ ശൈഥില്യങ്ങളോടു സംവദിക്കുവാനുള്ള കർമവീര്യവും ജ്ഞാന ഗരിമയും ധൈഷണിക ഔന്നത്യവും ഈ ചെറുപ്പം ആർജിച്ചിരിക്കുന്നുവെന്ന സത്യം, കമനീയമായ വ്യാജ വൃത്താന്ത നിർമിതികളിൽ അഭിരമിച്ചിരിക്കുന്നവർക്ക് തെല്ലൊന്നുമല്ല ഉൾക്കിടിലമുണ്ടാക്കുക.

പുണ്യ റസൂലിന്റെﷺ പവിത്ര വിവാഹങ്ങളെ വക്രീകരിച്ചും കോട്ടി മാറ്റിയും, തങ്ങളുടെ മലീമസ ചിന്താവൈകൃത ദർപ്പണത്തിൽ നോക്കിക്കണ്ടും, സ്വയം ശീലിച്ചെടുത്ത അശ്ലീല വർത്തനങ്ങളോട് ചേർത്തു വായിച്ചും തൃപ്തി തേടുന്ന സ്വതന്ത്ര ചിന്തയുടെ ഉത്തരീയമണിഞ്ഞ സാഡിസ്റ്റുകൾക്ക് വിസ്ഡം ഡയലോഗ് ഏൽപിച്ച ആഘാതം എത്രത്തോളമാണെന്നത് വരും നാളുകളിൽ യുക്തി(ഹീന) വാദികളുടെ ഭാഗത്തുനിന്നു വരുന്ന പ്രതികരണങ്ങളിലൂടെ വായിച്ചെടുക്കാം. ഇതിന്റെ തുടർച്ച ഇനിയുമുണ്ടാകണം. അൽപജ്ഞാനികളുടെ ധൈഷണിക അഹന്തയെ, വഹ്‌യിന്റെ വെളിച്ചം കൊണ്ട് അതിജയിക്കണം.

# വിട പറയൂ അപശബ്ദങ്ങളോട്,
# കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
05 October 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

## വിപണിയിൽ...




# മതവും യുക്തിവാദവും ഒരു സംവാദം

**ഡോ. എം ഉസ്മാൻ / കെ ഉമർ മൗലവി**
**എം.സി ജോസഫ് / പി.സി കടലുണ്ടി / ആർ.എ ഹംസ മാസ്റ്റർ**

ദൈവനിഷേധം എന്നത് ഏറ്റവും വലിയ യുക്തിരാഹിത്യമാണ്. എന്നാൽ ദൈവനിഷേധത്തിന് ചിലർ പേരിട്ടിരിക്കുന്നത് യുക്തിവാദമെന്നാണ്!! ഈ സുന്ദര പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതിന്. യുക്തിസഹമായ എമ്പാടും തെളിവുകൾ ഇസ്‌ലാമിക പ്രമാണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ആ തെളിവുകളൊന്നും ഒരാൾക്കും നിഷേധിക്കാനാവാത്തതുമാണ്. അഹന്തയും അജ്ഞതയും ഒരുമിക്കുമ്പോൾ ഉണ്ടായി വരുന്ന ഭൗതികവാദത്തിന്റെ പരിണിത ഫലങ്ങൾ ലോകമേറെ അനുഭവിച്ചതാണ്. സദാചാരത്തിന്റെ അതിർത്തികളില്ലാത്ത കുത്തഴിഞ്ഞ ലോകത്തിന്റെ സൃഷ്ടിപ്പാണ് ഭൗതികവാദത്തിന്റെ അനന്തരഫലം. അതുകൊണ്ടു തന്നെ, ഇസ്‌ലാമും ഭൗതികവാദവും എന്നും സംവാദത്തിൽ തന്നെയായിരുന്നു. ഒരു വേള ഇസ്‌ലാം തന്നെയാണ് അവരുടെ ലക്ഷ്യവും.

ആധുനിക യുഗത്തിലും നവമാധ്യമങ്ങളിലൂടെ യുക്തിവാദമെന്ന വരണ്ട ആദർശം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർ തങ്ങളുടെ മുൻഗാമികൾ ഇസ്‌ലാമിക പണ്ഡിതന്മാരുമായി വൈജ്ഞാനികമായി ഏറ്റുമുട്ടിയപ്പോൾ എന്തു സംഭവിച്ചു എന്ന് ഓർക്കുന്നത് നല്ലതാണ്. അത്തരത്തിലുള്ള ഒരു വൈജ്ഞാനിക സംവാദത്തിന്റെ ഓർമക്കുറിപ്പാണ് ഈ ഗ്രന്ഥം.

കെ. ഉമർ മൗലവി, ഡോ. ഉസ്മാൻ എന്നീ ധിഷണാശാലികളായ രണ്ടു പ്രതിഭകൾ യുക്തിവാദത്തിന്റെ നേതൃനിരയിലുണ്ടായിരുന്ന എം.സി ജോസഫ്, പി.സി കടലുണ്ടി എന്നിവരുമായി നടത്തിയ സംവാദമാണീ കൃതിയുടെ ഉള്ളടക്കം. യുക്തിവാദത്തിന്റെ 'യുക്തി' എത്രകണ്ട് ദുർബലമാണെന്ന് ഈ കൃതി തെളിയിക്കുന്നു.